VOL NO: 03 | ISSUE 13

# നേർപഥം


വാരിക

www.nerpatham.com | mail@nerpatham.com

2019 MARCH 30 | ₹12

## അക്രമത്തെ ന്യായീകരിക്കുന്നവൻ അക്രമി തന്നെ!

ന്യൂസീലാന്റിൽ ഒരു നരാധമൻ നടത്തിയ നിഷ്ഠൂരമായ കൊലപാതകങ്ങൾ ലോകമനസ്സാക്ഷിയെ ഞെട്ടിച്ചുകളഞ്ഞു. അതിരുവിട്ട ദേശീയതാവാദവും വംശീയ ചിന്തയും മനുഷ്യനെ എത്രമേൽ അക്രമകാരിയാക്കുമെന്നതിന് ഏറ്റവും വലിയ ഉദാഹരണമാണിത്. പ്രസ്തുത വിഷയത്തിൽ സോഷ്യൽ മീഡിയയിലൂടെ ചിലർ നടത്തിയ അഭിപ്രായ പ്രകടനങ്ങൾ അവർ വെച്ചു പുലർത്തുന്ന കുടില മനോഭാവത്തിന്റെ തെളിവാണെന്ന് മാത്രമല്ല അവർ പ്രതിനിധീകരിക്കുന്ന സംഘടന മുന്നോട്ട് വെക്കുന്ന പ്രത്യയശാസ്ത്ര പാപ്പരത്തം കൂടി ബോധ്യപ്പെടുത്തുന്നതാണ്.




# ക്രൈസ്റ്റ്ചർച്ച് കൂട്ടക്കൊല: വംശവെറിയുടെ ഭീകരമുഖം

മാനുഷിക മൂല്യങ്ങൾക്ക് വില കൽപിക്കുന്ന, അഭയാർഥികളെ ഇരു കരങ്ങളും നീട്ടി സ്വീകരിച്ച ന്യൂസീലാന്റ് എന്ന മാതൃകാരാഷ്ട്രം ലോകത്തിന് മുന്നിൽ അപരാധികളെ പോലെ തലകുനിച്ച നിമിഷമായിരുന്നു മാർച്ച് 15 വെള്ളിയാഴ്ച. ക്രൈസ്റ്റ്ചർച്ചിലെ അന്നൂർ മസ്ജിദിലേക്കും ലിൻവുഡ് മസ്ജിദിലേക്കും ആയുധവുമായി കയറിയ അക്രമി അമ്പതോളം ആളുകളെയാണ് നിഷ്കരുണം തോക്കിനിരയാക്കിയത്. തന്റെ ഹെൽമെറ്റിൽ ഘടിപ്പിച്ച ക്യാമറ വഴി ആക്രമണം ലൈവായി കാണിച്ച അക്രമി ലക്ഷ്യം വെച്ചതെന്താണ്? എന്താണ് അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം?

|| നിഷിദ്ധമായ പ്രാർഥനകൾ

|| തിരഞ്ഞെടുപ്പിന് കാഹളം മുഴങ്ങുമ്പോൾ




# ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME

# അന്നൂർ
## ഖുർആൻ പഠന പദ്ധതി



**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുന്നതാണ്

peaceradio
Tune to reality

റജിസ്റ്റർ ചെയ്യൂ...
ഇപ്പോൾ തന്നെ

WhatsApp +91 9020 840 840

നേർപഥം
വാരിക

0115 / 2019 മാർച്ച് 30 / 1440 റജബ് 23 / പുസ്തകം 03 / ലക്കം 13





# ക്രൈസ്റ്റ്ചർച്ച് കൂട്ടക്കൊല: വംശവെറിയുടെ ഭീകരമുഖം


ത്വാഹാ റഷാദ് / 10

**ലേഖനം**

മുഹമ്മദ് നബിﷺ ത്വാഇഫിലേക്ക് / 07
ഫദ്‌ലുൽ ഹഖ് ഉമരി

പ്രൊഫ്കോണിന് ഉജ്വല പരിസമാപ്തി / 18
ഡോ. പി.പി നസ്വീഫ്

വിദ്യാവിഹീനരെ വിജ്ഞരാക്കിയ വിദ്യാഭ്യാസ വിശാരദൻ / 20
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

നിഷിദ്ധമായ പ്രാർഥനകൾ / 24
സയ്യിദ് സഅ്ഫർ സ്വാദിക് മദീനി

ബറേൽവിസം: അവ്യക്തതകൾ, ദുരൂഹതകൾ / 26
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**മുഖമൊഴി**

അക്രമത്തെ ന്യായീകരിക്കുന്നവൻ അക്രമി തന്നെ! / 05
എഡിറ്റർ

**ക്വുർആൻ ദർശനം**

അബസ (മുഖം ചുളിച്ചു) ഭാഗം: 3 / 16
ഹാരിസ് ബിൻ സലീം

**ചരിത്രപഥം**

ദൈവിക ദൃഷ്ടാന്തങ്ങൾ / 30
ഹുസൈൻ സലഫി, ഷാർജ


**നമുക്ക് ചുറ്റും**

തിരഞ്ഞെടുപ്പിന് കാഹളം മുഴങ്ങുമ്പോൾ / 34
ഡോ. മുഹമ്മദ് റാഫി.സി



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



# വിലക്കുകൾ വിലയില്ലാത്തതോ?

ജീവിതം ഒരു യാത്രയാണ്. യാത്രകൾ അതിന്റെ ലക്ഷ്യത്തിലെത്തണമെങ്കിൽ ഒരുപാട് കാര്യങ്ങളും നിയമങ്ങളും പാലിക്കേണ്ടതുണ്ട്. വിദേശയാത്ര നടത്തിയവർക്ക് അതറിയാം. മനുഷ്യനിർമിത ഭൗതിക നിയമങ്ങൾ പാലിക്കുമ്പോൾ ഈ ലോകത്ത് നമുക്ക് കുറെ ഗുണങ്ങളും സുരക്ഷിതത്വവും ലഭിക്കുന്നു. ട്രാഫിക് നിയമം ഉദാഹരണം.

പാരത്രിക ജീവിതത്തിന്റെ സുരക്ഷക്കു വേണ്ട നിയമങ്ങൾ നമ്മെ പഠിപ്പിച്ചത് ലോകരക്ഷിതാവായ അല്ലാഹുവാണ്. അപ്പോൾ അവ പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രത്യേകം ഉണർത്തേണ്ടതില്ലല്ലോ! അതിൽ അമാന്തം വരുത്തുന്നവർ പരലോകത്ത് പരാജയപ്പെടുന്നവരായ നിയലിൽ ഭൗതികലോകത്തുനിന്നും യാത്രയാകും. ഇത്തരം ഭൗർഭാഗ്യവാന്മാരുടെ കൂട്ടത്തിലായിരിക്കുമോ ഞാൻ എന്ന് നാം സ്വയം ചോദിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മതം മനുഷ്യന് സുരക്ഷയാകുന്നത് അതിന്റെ കൽപനകൾ ജീവിതത്തിൽ പരിവർത്തനങ്ങൾ ഉണ്ടാക്കുമ്പോഴാണ്.

സ്വന്തം താൽപര്യങ്ങൾക്ക് യോജിച്ച കാര്യങ്ങൾ മാത്രം സ്വീകരിക്കുന്ന പരിതാപകരമായ നിലപാടാണ് ചിലർ മതത്തിന്റെ വിഷയത്തിൽ സ്വീകരിച്ചുവരുന്നത്. ട്രെൻഡുകൾ ജീവിതത്തിന്റെ ടേമുകളെ മാറ്റുമ്പോൾ സുന്നത്തിനെ ഒരു ഫാഷനായിക്കാണുന്ന അപകടം പിടിച്ച രീതിയും യുവാക്കൾക്കിടയിൽ കണ്ടുവരുന്നു.

പ്രവാചക ചര്യ എന്ന നിലയിൽ താടി വളർത്തുന്നവരെ കൊഞ്ഞനം കുത്തുകയും വികൃതരൂപം എന്ന് വിശേഷിപ്പിക്കുകയും ചെയ്തിരുന്നവർ ഇന്ന് ഫാഷന്റെയും ട്രെൻഡിന്റെയും പേരിൽ സ്വന്തം താടിയിൽ അഭിമാനം കൊള്ളുന്നു. നെരിയാണിക്ക് താഴെയിറങ്ങാത്ത വസ്ത്രം ധരിക്കുന്നവരെ നോക്കി പരിഹസിച്ചിരുന്നവർ ഇന്ന് മുട്ടുവരെ മാത്രം വസ്ത്രം ധരിച്ച് 'അന്തസ്സ്' കാണിക്കുന്നു. മാറ്റങ്ങൾ വരും കാലങ്ങളിൽ ആവർത്തിച്ചുകൊണ്ടേയിരിക്കും.

അതിന്റെയൊക്കെ പിന്നാലെ കണ്ണുമടച്ച് പായേണ്ടവനല്ല സത്യവിശ്വാസി. മുസ്‌ലിമിനെ നയിക്കുന്നതും നിയന്ത്രിക്കുന്നതും മത നിയമങ്ങളായിരിക്കണം. അല്ലാതെ സമൂഹത്തിലെ ചില സ്റ്റാറുകളോ മോഡലുകളോ അല്ല. പ്രമാണങ്ങളെ പിൻപറ്റുന്നവർക്ക് അന്നും ഇന്നും ഒരേ നിയമമാണ് ഉള്ളത്; അതാണ് ഇസ്‌ലാം. അത്തരക്കാർക്കാണ് മതം സ്വതന്ത്ര്യവും പരിരക്ഷയുമാകുന്നത്. അവരല്ലാത്തവർക്കാണ് ഇസ്‌ലാം കുടുസ്സതയും ജയിലുമാവുന്നത്.

ധാർമിക മൂല്യങ്ങൾ മാറ്റിമറിക്കപ്പെടുന്ന ഇക്കാലത്ത് ധാർമിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാൻ ആരും ഇല്ലാതെ പോകരുത്. പ്രവാചകന്റെയും അനുചരന്മാരുടെയും മാതൃക നമ്മുടെ മുമ്പിലുണ്ട്. അവർ അധാർമികതക്കെതിരെ ജാഗരൂകരായിരുന്നു. മതത്തിന്റെ കൽപനകൾ നാം എപ്രകാരമാണ് പ്രാവർത്തികമാക്കേണ്ടത് എന്ന് ജീവിതത്തിലൂടെ കാണിച്ചു തന്നവരാണ് അവർ.

മാറിലും വയറ്റിലും കുത്തേറ്റ് മരണശയ്യയിൽ കിടക്കുന്ന രണ്ടാം ഖലീഫ ഉമർ ﵁ ജനങ്ങളോട് നമസ്കാരത്തെക്കുറിച്ച് ഓർമിപ്പിച്ചത് ചരിത്രത്തിൽ സ്ഥിരപ്പെട്ടതാണ്. സ്വർണമോതിരം ധരിച്ചെത്തിയ ഒരു സ്വഹാബിവര്യന്റെ കയ്യിൽ നിന്നും 'നരകത്തിലെ വളയം' എന്നു പറഞ്ഞ് നബി ﷺ ആ മോതിരം ഊരിയെറിയുകയുണ്ടായി. സദസ്സു പിരിഞ്ഞ നേരത്ത് മറ്റുള്ളവർ അയാളോട് ഉപദേശിച്ചു: 'നീ അത് എടുത്തുകൊള്ളുക. നിന്റെ വീട്ടുകാർക്ക് ഒരു പക്ഷേ, ഉപകാരപ്പെട്ടേക്കാം.' എന്നാൽ മഹാനായ ആ സ്വഹാബി പറഞ്ഞത് 'എന്റെ നബി വലിച്ചെറിഞ്ഞ ഒന്ന് ഞാൻ എന്റെ കൈകൊണ്ട് ഇനി തിരിച്ചെടുക്കുകയില്ല തന്നെ' എന്നായിരുന്നു.

അമുസ്‌ലിമായ മാതാപിതാക്കളോടും ഇഹലോകത്തിന്റെ വിഷയത്തിൽ നല്ല നിലയിൽ തന്നെ ബന്ധം പുലർത്തണമെന്നു പഠിപ്പിച്ച ഇസ്‌ലാമിന്റെ അധ്യാപനം സമൂഹം അറിയാതെ പോകുന്നു എന്ന് ചില ആനുകാലിക സംഭവവികാസങ്ങൾ മനസ്സിലാക്കിത്തരുന്നു!

**മുഹമ്മദ് സിറാജ്, കൊടുവള്ളി**
**ജാമിഅ അൽഹിന്ദ്**

മുഖമൊഴി

# അക്രമത്തെ ന്യായീകരിക്കുന്നവൻ അക്രമി തന്നെ!

**ന്യൂ**സീലാന്റിൽ ഒരു നരാധമൻ നടത്തിയ നിഷ്ഠൂരമായ കൊലപാതകങ്ങൾ ലോകമനസ്സാക്ഷിയെ ഞെട്ടിച്ചുകളഞ്ഞതാണ്. അതിരുവിട്ട ദേശീയതാവാദവും വംശീയ ചിന്തയും മനുഷ്യനെ എത്രമേൽ അക്രമകാരിയാക്കുമെന്നതിന് ഏറ്റവും വലിയ ഉദാഹരണമാണിത്.

ഈ വാർത്ത കേട്ടപ്പോൾ പല തരത്തിൽ പ്രതികരിച്ചവരുണ്ട്. ആ കൊലയാളിയുടെ അതേ മനോഭാവമുള്ള ചിലർ നമ്മുടെ നാട്ടിലുമുണ്ടെന്ന പൊള്ളുന്ന യാഥാർഥ്യം സോഷ്യൽ മീഡിയകളിലൂടെയുള്ള ചില കമന്റുകൾ കണ്ടപ്പോൾ ബോധ്യമായി.

ഈ കൊലയാളി ഒരു മുസ്‌ലിമല്ല എന്നത് അവരെ വളരെ വേദനിപ്പിച്ചതായി തോന്നുന്നു. അതിന്റെ അരിശം തീർക്കാനെന്നവണ്ണമായിരുന്നു ചിലരുടെ ഫെയ്സ്ബുക്ക് പോസ്റ്റുകൾ. ഐസിസ് എന്ന ഭീകരവാദിക്കൂട്ടായ്മക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലെന്നും അവരുടെ ആക്രമണത്തിന് വിധേയരാകുന്നവരിൽ ഭൂരിഭാഗവും മുസ്‌ലിംകളാണ് എന്നതും വ്യക്തമായ യാഥാർഥ്യമാണ്. എന്നിട്ടും ഐസിസിന്റെ പ്രവർത്തനങ്ങൾക്കുള്ള തിരിച്ചടിയാണിതെന്നു പറഞ്ഞ് നിരപരാധികളായ വിശ്വാസികളെ വെടിവെച്ചു കൊന്നതിനെ ന്യായീകരിക്കുന്നവരുടെ മനോനിലയെ എന്തിനോടാണ് ഉപമിക്കേണ്ടതെന്നറിയുന്നില്ല.

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു നീതിമാനാണ്. അല്ലാഹു ഈ ലോകത്തേക്ക് നിയോഗിച്ച അന്തിമ ദൂതൻ മുഹമ്മദ്ﷺ നീതിയുടെ പ്രബോധകനും പ്രയോക്താവുമായിരുന്നു. അല്ലാഹുവിന്റെ മതമായ ഇസ്‌ലാമാകട്ടെ നീതിയുടെയും ശാന്തിയുടെയും മതവുമാണ്.

യാതൊരുവിധത്തിലുള്ള അക്രമത്തെയും ഇസ്‌ലാം അനുകൂലിക്കുന്നില്ല. വാക്ക്, പ്രവൃത്തി, സമ്പത്ത്, സ്വാധീനം എന്നിവകൊണ്ടൊന്നും ആരെയും ഉപദ്രവിച്ചുകൂടാ. അക്രമികളെ സഹായിക്കാൻ നാളെ പരലോകത്ത് ആരും ഉണ്ടായിരിക്കുന്നതല്ല എന്നത് ക്വുർആൻ വ്യക്തമാക്കുന്നുണ്ട്.

"...അക്രമകാരികൾക്ക് ഉറ്റബന്ധുവായോ സ്വീകാര്യനായ ശുപാർശകനായോ ആരും തന്നെയില്ല" (ക്വുർആൻ 40:18). "...അക്രമകാരികൾക്ക് യാതൊരു സഹായിയും ഇല്ല" (22:71).


അല്ലാഹു പറഞ്ഞതായി നബിﷺ പറയുന്നു: "എന്റെ ദാസന്മാരേ, ഞാൻ എന്റെ മേൽ അക്രമം നിഷിദ്ധമാക്കിയിരിക്കുന്ന. നിങ്ങൾക്കിടയിലും ഞാൻ അക്രമം നിഷിദ്ധമാക്കിയിരിക്കുനു. അതിനാൽ നിങ്ങൾ പരസ്പരം അക്രമം കാണിക്കരുത്" (മുസ്‌ലിം).

അക്രമവും അനീതിയും ആരോടു കാണിച്ചാലും അത് അക്രമവും അനീതിയും തന്നെയാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അതിൽ മത,വർഗ,വർണ, രാജ്യ ഭേദമില്ല.

നബിﷺ പറഞ്ഞു: "മർദിതന്റെ പ്രാർഥന നീ സൂക്ഷിക്കുക. കാരണം അതിന്റെയും അല്ലാഹുവിന്റെയും ഇടയിൽ യാതൊരു മറയുമില്ല" (ബുഖാരി, മുസ്‌ലിം).

അന്യായമായി ഏത് നിലയിൽ ഉപദ്രവിക്കപ്പെടുന്നവനും മർദിതനാണ്. അവന്റെ പ്രാർഥന സ്രഷ്ടാവ് തള്ളിക്കളയില്ല. ഈ ബോധമുള്ള ഒരു സത്യവിശ്വാസിക്ക് നിരപരാധികളെ കൊല്ലാൻ എന്നല്ല വാക്കുകൊണ്ടോ നോക്കുകൊണ്ടോ പോലും വേദനിപ്പിക്കാൻ കഴിയില്ല. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# മുഹമ്മദ് നബിﷺ ത്വാഇഫിലേക്ക്

അബൂത്വാലിബിന്റെ മരണത്തോടുകൂടി മുഹമ്മദ് നബിﷺയെ സഹായിക്കുവാനും സംരക്ഷിക്കുവാനും ആളില്ലാതായി. ഇത് മുതലെടുത്തുകൊണ്ട് ക്വുറൈശികളായ മുശ്‌രിക്കുകൾ നബിﷺയെയും അനുചരന്മാരെയും പീഡിപ്പിക്കാനും പ്രയാസപ്പെടുത്തുവാനും തുടങ്ങി. പലപ്പോഴായി അബൂബക്കർ‌ رضي الله عنه നബിﷺയോട് ചോദിച്ചിരുന്നു; 'നമുക്ക് ഹിജ്റ പോയിക്കൂടേ' എന്ന്. മുഹമ്മദ് നബിﷺ അബൂബക്കറി رضي الله عنه ന് പോകാനുള്ള അനുവാദം കൊടുത്തു. അങ്ങനെ അദ്ദേഹം അബ്സീനിയയിലേക്ക് ഹിജ്റ പോയിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ വഴിയിൽവെച്ച് ഇബ്നു ദുഗന്ന എന്ന വ്യക്തി അദ്ദേഹത്തെ കാണുകയും തിരിച്ചുപോകുവാൻ ആവശ്യപ്പെടുകയും ചെയ്തു. 'അങ്ങയെ പോലുള്ള ആളുകൾ ഇവിടെ നിന്ന് പുറത്ത് പോകാനും പുറത്താക്കപ്പെടാനും പാടില്ല' എന്നാ

യിരുന്നു അയാൾ പറഞ്ഞത്! 'ഞാൻ നിനക്ക് അഭയം നൽകാം. അതുകൊണ്ട് മക്കയിലേക്ക് തിരിച്ചു പോകുകയും നിന്റെ റബ്ബിനെ നീ ആരാധിക്കുകയും ചെയ്തുകൊള്ളുക' എന്നും അയാൾ പറഞ്ഞു!

അങ്ങനെ അബൂബക്കർؓ തന്റെ വീടിന്റെ മുമ്പിൽ ചെറിയ ഒരു പള്ളി ഉണ്ടാക്കുകയും അവിടെ വെച്ചുകൊണ്ട് ഉച്ചത്തിൽ ക്വുർആൻ പാരായണം ചെയ്യുകയും ചെയ്തു. ഈ സന്ദർഭത്തിൽ ക്വുറൈശികളായ മുശ്‌രിക്കുകൾ അബൂബക്കറിന് അഭയം നൽകിയ വ്യക്തിയെ കാണുകയും പരാതി പറയുകയും ചെയ്തു. അബൂബക്കർؓ അദ്ദേഹത്തിന്റെ സംരക്ഷണം ഒഴിവാക്കുകയും എനിക്ക് അല്ലാഹുവിന്റെ സംരക്ഷണം മതി എന്നു പറഞ്ഞുകൊണ്ട് അതിൽ തൃപ്തിപ്പെടുകയും ചെയ്തു. പ്രയാസങ്ങളും പീഡനങ്ങളും ശക്തമായപ്പോൾ മുഹമ്മദ് നബിﷺ മക്കയിൽ നിന്നും മറ്റൊരു രാജ്യത്തേക്ക് ഹിജ്‌റ പോകുവാനുള്ള കാര്യത്തെക്കുറിച്ച് ചിന്തിച്ചു. അവിടെ എത്തിക്കഴിഞ്ഞാൽ അവിടെയുള്ള ആളുകളെങ്കിലും തന്നെ സ്വീകരിക്കുകയും താൻ പറയുന്ന ആദർശങ്ങൾ അംഗീകരിക്കുകയും ചെയ്തെങ്കിലോ എന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. മാത്രമല്ല അല്ലാഹുവിന്റെ സന്ദേശം എത്തിച്ചു കൊടുക്കുന്ന കാര്യത്തിൽ ഏതെങ്കിലും നിലക്കുള്ള സഹായികളെ അവിടെ നിന്ന് ലഭിച്ചേക്കും എന്നും നബിﷺ ആശിച്ചു. അങ്ങനെയാണ് നബിﷺ ത്വാഇഫിലേക്ക് പുറപ്പെടുന്നത്.

മക്കയിൽ നിന്ന് 80 കിലോമീറ്ററോളം അകലെയുള്ള സ്ഥലമാണ് ത്വാഇഫ്. നബിﷺ കാൽനടയായി ത്വാഇഫിലേക്ക് പുറപ്പെട്ടു. സൈദുബ്നു ഹാരിസയും കൂടെയുണ്ടായിരുന്നു. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക, അതോടൊപ്പം തനിക്ക് സംരക്ഷണവും ലഭിക്കുക എന്നുള്ളതായിരുന്നു ത്വാഇഫിലേക്കുള്ള യാത്രയുടെ ലക്ഷ്യം. പ്രവാചകത്വത്തിന്റെ പത്താം വർഷം ശവ്വാൽ മാസത്തിലെ അവസാനത്തിലായിരുന്നു ഈ യാത്ര. നബിﷺ ത്വാഇഫിൽ എത്തിയതിനുശേഷം അവിടെയുള്ള ചില നേതാക്കന്മാരെയും പ്രമാണികളെയും നേരിൽ കണ്ടു.

അബ്ദുയാലീൽ, മസ്ഊദ്, ഹബീബ്, അംറ് ഇബ്നു ഉമൈർ ഇബ്നു ഔഫ് തുടങ്ങിയവരായിരുന്നു ആ പ്രമുഖർ. ക്വുറൈശി ഗോത്രത്തിലെ ബനൂ ജുമഹിൽ നിന്ന് ഇവരിൽ ചിലർ വിവാഹവും കഴിച്ചിരുന്നു. നബിﷺ അവരോടൊപ്പം ഇരുന്നു. അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചു. ഞാൻ കൊണ്ടുവന്ന ആദർശത്തിൽ നിങ്ങളെന്നെ സഹായിക്കണമെന്നും എന്റെ ജനതയിൽനിന്ന് എനിക്ക് എതിരായി നിന്ന ആളുകൾക്കെതിരെ നിങ്ങൾ എന്നോടൊപ്പം നിൽക്കണമെന്നും നബിﷺ അവരോട് ആവശ്യപ്പെട്ടു. ഇതു കേട്ടമാത്രയിൽ അവരിലൊരാൾ പറഞ്ഞു: "നിന്നെയാണോ അല്ലാഹു പ്രവാചകനായി അയച്ചത്?" മറ്റൊരു വ്യക്തി ചോദിച്ചു: "നിന്നെയല്ലാതെ വേറെ ആരെയും അല്ലാഹു പ്രവാചകനാക്കാൻ കണ്ടില്ലേ?" മൂന്നാമതൊരാൾ പറഞ്ഞു: "അല്ലാഹുവാണ് സത്യം, ഞാൻ നിന്നോട് ഒരിക്കലും സംസാരിക്കുകയില്ല. കാരണം നീ പറഞ്ഞതുപോലെ അല്ലാഹുവിൽ നിന്നുള്ള ഒരു പ്രവാചകനാണ് നീ എങ്കിൽ നീയാണ് ഏറ്റവും വലിയ അപകടം. അതിനാൽ ഒന്നും സംസാരിക്കാതിരിക്കലാണ് ഏറ്റവും നല്ലത്. ഇനി അതല്ല, നീ പറയുന്നത് കളവാണെങ്കിൽ എനിക്ക് നിന്നോട് സംസാരിക്കേണ്ട ആവശ്യവുമില്ല."

**മക്കയിൽ നിന്ന് 80 കിലോമീറ്ററോളം അകലെയുള്ള സ്ഥലമാണ് ത്വാഇഫ്. നബിﷺ കാൽനടയായി ത്വാഇഫിലേക്ക് പുറപ്പെട്ടു. സൈദുബ്നു ഹാരിസയും കൂടെയുണ്ടായിരുന്നു. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക, അതോടൊപ്പം തനിക്ക് സംരക്ഷണവും ലഭിക്കുക എന്നുള്ളതായിരുന്നു ത്വാഇഫിലേക്കുള്ള യാത്രയുടെ ലക്ഷ്യം. പ്രവാചകത്വത്തിന്റെ പത്താം വർഷം ശവ്വാൽ മാസത്തിലെ അവസാനത്തിലായിരുന്നു ഈ യാത്ര. നബിﷺ ത്വാഇഫിൽ എത്തിയതിനുശേഷം അവിടെയുള്ള ചില നേതാക്കന്മാരെയും പ്രമാണികളെയും നേരിൽ കണ്ടു. അബ്ദുയാലീൽ, മസ്ഊദ്, ഹബീബ്, അംറ് ഇബ്നു ഉമൈർ ഇബ്നു ഔഫ് തുടങ്ങിയവരായിരുന്നു ആ പ്രമുഖർ.**

മുഹമ്മദ് നബിﷺ അവിടെനിന്നും എഴുന്നേറ്റുപോയി. സഖീഫ് ഗോത്രത്തിൽനിന്നും ഗുണം ലഭിക്കുമെന്ന പ്രതീക്ഷയിൽ നിരാശ മാത്രം ബാക്കിയായി. നബിﷺ അവരോട് പറഞ്ഞു: "നിങ്ങളുടെ സമീപനം ഇതാണ് എങ്കിലും എന്നെക്കുറിച്ച് നിങ്ങൾ ആരോടും പറയരുത്. എന്റെ കാര്യം നിങ്ങൾ മറച്ചുവെക്കണം."

മുഹമ്മദ് നബിﷺ താഇഫിലേക്ക് വന്ന വിവരം തന്റെ ജനത അറിയുന്നത് അവിടുന്ന് ഇഷ്ടപ്പെട്ടിരുന്നില്ല. താഇഫിലെ ആളുകൾ മുഹമ്മദ് നബിക്കെതിരെ അന്നാട്ടിലെ വിവരമില്ലാത്ത ആളുകളെ തിരിച്ചുവിട്ടു. കുട്ടികളടക്കമുള്ളവർ അസഭ്യങ്ങൾ പറഞ്ഞും ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കിയും നബിയുടെ പിറകെ കൂടി. ശബ്ദകോലാഹലങ്ങൾ കേട്ട് ജനങ്ങളെല്ലാം ഒരുമിച്ചുകൂടി. അവരെല്ലാവരും കൂടി മുഹമ്മദ് ന

ബിﷺയെ ഒരു തോട്ടത്തിലേക്ക് ആക്കി. ഉതുബ, ശൈബ തുടങ്ങിയവരും അതിലുണ്ടായിരുന്നു. നബിﷺ അവരിൽ നിന്നും മാറി ഒരു വലിയ മുന്തിരിവള്ളിയുടെ താഴേക്ക് നീങ്ങി. അവിടെ ഇരുന്നു. ഉത്ബയും ശൈബയും ത്വാഇഫുകാർ ചെയ്യുന്ന കാര്യങ്ങൾ നോക്കിക്കൊണ്ടിരിക്കുകയാണ്. അൽപ സമയങ്ങൾക്ക് ശേഷം നബിﷺക്ക് ആശ്വാസം ലഭിച്ചപ്പോൾ തന്റെ റബ്ബിലേക്ക് തിരിഞ്ഞുകൊണ്ട് ഇപ്രകാരം പ്രാർഥിച്ചു: "അല്ലാഹുവേ, എന്റെ കഴിവില്ലായ്മ ഞാൻ നിന്നിലേക്ക് പരാതി പറയുകയാണ്. എനിക്ക് തന്ത്രങ്ങൾ കുറവാണ്. ജനങ്ങൾക്ക് മുമ്പിൽ ഞാൻ നിസ്സാരനാണ്. പരമകാരുണികനായ അല്ലാഹുവേ, നീ ദുർബലരുടെ റബ്ബാണ്. ആരിലേക്കാണ് നീ എന്നെ ഏൽപിക്കുന്നത്? എന്നെ അകറ്റിക്കളയുന്ന വിദൂരത്തുള്ളവരിലേക്കോ? എന്റെ കാര്യങ്ങൾ ഉടമപ്പെടുത്തുന്ന ശത്രുവിലേക്കോ? അല്ലാഹുവേ, നിനക്ക് എന്നോട് കോപം ഇല്ലെങ്കിൽ എനിക്ക് ഒരു പ്രശ്നവുമില്ല. നീ നൽകുന്ന സൗഖ്യമാണ് എനിക്ക് ഏറ്റവും വിശാലമായിട്ടുള്ളത്. അല്ലാഹുവേ, നിന്റെ കോപം എന്നിൽ ഇറങ്ങുന്നതിനെ തൊട്ട് നിന്റെ വദനത്തിന്റെ പ്രകാശം കൊണ്ട് ഞാൻ നിന്നോട് അഭയം തേടുന്നു. ആ പ്രകാശം കൊണ്ടാണ് ഇരുട്ടുകൾ പ്രകാശിക്കുന്നത്. ഇഹലോകത്തിന്റെയും പരലോകത്തും കാര്യങ്ങൾ നന്നായിത്തീരുന്നത്. നിന്നെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവും ഇല്ല."

മുഹമ്മദ് നബിﷺയുടെ പ്രയാസവും അവസ്ഥയും കണ്ടപ്പോൾ ഉത്ബ, ശൈബ എന്നിവർക്ക് അൽപം അലിവു തോന്നി. അവർ തങ്ങളുടെ നസ്രാണി ഭൃത്യനായ അദ്ദാസിനെ നബിയുടെ അടുക്കലേക്കയച്ചു. അൽപം മുന്തിരിയും കൂടെ കൊടുത്തയച്ചു. അദ്ദാസ് അവർ പറഞ്ഞതു പോലെ ചെയ്തു. നബിയുടെ മുമ്പിൽ മുന്തിരി വെച്ച് കൊടുത്തപ്പോൾ നബിﷺ തന്റെ കൈ അതിൽ വെച്ചുകൊണ്ട് പറഞ്ഞു: 'ബിസ്മില്ലാഹ്.' ശേഷം അത് ഭക്ഷിക്കുകയും ചെയ്തു. നബിﷺയുടെ മുഖത്തേക്ക് തന്നെ നോക്കി ക്കൊണ്ടിരിക്കുകയാണ് അദ്ദാസ്. ഈ നാട്ടുകാരാരും ഇങ്ങനെ ഒരു വചനം പറയാറില്ലല്ലോ എന്നാണദ്ദേഹം പറഞ്ഞത്. അപ്പോൾ നബിﷺ ചോദിച്ചു: 'നീ ഏത് നാട്ടുകാരനാണ്?' അദ്ദാസ് പറഞ്ഞു: 'ഞാൻ നീനവ പ്രദേശത്തു കാരനാണ്.' അപ്പോൾ നബിﷺ അദ്ദാസിനോടു പറഞ്ഞു: 'യൂനുസ് ഇബ്നു മത്തായി എന്ന നല്ല വ്യക്തിയുടെ നാട്ടുകാരനാണോ നീ?' അദ്ദാസ് ചോദിച്ചു: 'യൂനുസ് ഇബ്നു മത്തായിയെ കുറിച്ച് നിങ്ങൾക്ക് എങ്ങനെ അറിയാം?' അപ്പോൾ നബിﷺ പറഞ്ഞു: 'അദ്ദേഹം എന്റെ സഹോദരനാണ്. അദ്ദേഹം ഒരു നബിയായിരുന്നു. ഞാനുമൊരു നബിയാണ്.' ഇതുകേട്ട് അദ്ദാസ് മുഹമ്മദ് നബിﷺയുടെ കൈയും തലയും കാലും ചുംബിക്കാൻ തുടങ്ങി. ഇത് കണ്ട് ഉത്ബത്തും ശൈബത്തും പരസ്പരം പറഞ്ഞു: 'നമ്മുടെ ഭൃത്യൻ നശിച്ചു എന്നാണ് തോന്നുന്നത്.' അദ്ദാസ് തിരിച്ചു വന്നപ്പോൾ അവർ പറഞ്ഞു: 'അല്ലയോ അദ്ദാസ്, നിനക്ക് നാശം! എന്തിനാണ് നീ ആ വ്യക്തിയുടെ കൈയും തലയും ചുംബിച്ചത്? അപ്പോൾ അദ്ദാസ് പറഞ്ഞു: 'ഭൂമിയിൽ അദ്ദേഹത്തോളം നല്ല മനുഷ്യൻ വേറെയില്ല. അദ്ദേഹം എന്നോട് ഒരു കാര്യം പറഞ്ഞു. നബിമാർക്കല്ലാതെ മറ്റാർക്കും അതറിയില്ല.' അപ്പോൾ അവർ പറഞ്ഞു: 'നിനക്ക് നാശം! നിന്റെ മതത്തിൽ നിന്നും അവൻ നിന്നെ തെറ്റിച്ചു കളയാതിരിക്കട്ടെ. നിന്റെ മതം അവന്റെ മതത്തെക്കാൾ നല്ല മതമാണ്.'

മുഹമ്മദ് നബിﷺ ദുഃഖിതനായിക്കൊണ്ട് ത്വാഇഫിൽ നിന്നും മടങ്ങി. മിനായുടെ സമീപത്തുള്ള മലമ്പ്രദേശമായ ക്വർനുസ്സആലിബ് എന്ന സ്ഥലത്ത് വെച്ചാണ് ശരിയാംവണ്ണം നബിക്ക് ബോധം തെളിഞ്ഞത്. ത്വാഇഫിൽ ഉണ്ടായ ഈ അനുഭവത്തെ സംബന്ധിച്ചാണ് നബിﷺ ആഇശ്ര യോട് തനിക്ക് ഉഹ്ദിൽ ഉണ്ടായതിനെക്കാൾ പ്രയാസകരമായ ഘട്ടം ജീവിതത്തിൽ ഉണ്ടായിട്ടുണ്ട് എന്നു പറഞ്ഞത്.

ഇവിടേക്കാണ് അല്ലാഹു നിയോഗിച്ച മലകളുടെ മലക്ക് കടന്നുവന്നതും 'പ്രവാചകരേ, താങ്കൾ കൽപിക്കുന്ന പക്ഷം ഈ മലകളെ അവർക്കു മുകളിൽ മറിച്ചിട്ടുകൊണ്ട് അവരെയെല്ലാം നശിപ്പിക്കാം' എന്നും പറഞ്ഞത്. പക്ഷേ, നബിﷺ അതിനു സമ്മതിച്ചില്ല. അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന, അവനിൽ ഒന്നിനെയും പങ്കുചേർക്കാത്ത ഒരു വിഭാഗം ആളുകൾ ഇവരുടെ തലമുറയിൽ നിന്നെങ്കിലും വളർന്നു വരുമല്ലോ എന്ന പ്രത്യാശയായിരുന്നു നബിക്കുണ്ടായിരുന്നത്. (ബുഖാരി: 3231. മുസ്‌ലിം: 1795).

ആ രാത്രിയിൽ നബിﷺ നമസ്കരിക്കാൻ വേണ്ടി എഴുന്നേറ്റപ്പോൾ ജിന്നുകളിൽ പെട്ട ഒരു വിഭാഗത്തെ അല്ലാഹു അങ്ങോട്ടയച്ചു. മുഹമ്മദ് നബിﷺയുടെ ക്വുർആൻ പാരായണം അവർ കേട്ടു. നബിയാകട്ടെ അവരെക്കുറിച്ച് ഒന്നും അറിഞ്ഞതുമില്ല. അങ്ങനെയാണ് അല്ലാഹു ഈ വചനം അവതരിപ്പിച്ചു കൊടുക്കുന്നത്:

"ജിന്നുകളിൽ ഒരു സംഘത്തെ നാം നിന്റെ അടുത്തേക്ക് ക്വുർആൻ ശ്രദ്ധിച്ചുകേൾക്കുവാനായി തി

രിച്ചുവിട്ട സന്ദർഭം (ശ്രദ്ധേയമാണ്). അങ്ങനെ അവർ അതിന് സന്നിഹിതരായപ്പോൾ അവർ അന്യോന്യം പറഞ്ഞു: നിങ്ങൾ നിശ്ശബ്ദരായിരിക്കൂ. അങ്ങനെ അത് കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ സമുദായത്തിലേക്ക് താക്കീതുകാരായിക്കൊണ്ട് തിരിച്ചുപോയി. അവർ പറഞ്ഞു: ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസായ്ക്ക് ശേഷം അവതരിപ്പിക്കപ്പെട്ടതും അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് വഴികാട്ടുന്നു. ഞങ്ങളുടെ സമുദായമേ, അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുകയും അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും വേദനയേറിയ ശിക്ഷയിൽ നിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്. അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് വല്ലവനും ഉത്തരം നൽകാതിരിക്കുന്ന പക്ഷം ഈ ഭൂമിയിൽ (അല്ലാഹുവെ) അവന്ന് തോൽപിക്കാനാവില്ല. അല്ലാഹുവിന് പുറമെ അവനു രക്ഷാധികാരികൾ ഉണ്ടായിരിക്കുകയുമില്ല. അത്തരക്കാർ വ്യക്തമായ വഴികേടിലാകുന്നു" (അൽഅഹ്ക്വാഫ്: 29-32).

മുഹമ്മദ് നബിﷺ മക്കയിലേക്ക് മടങ്ങി. ക്വുറൈശികൾ നബിക്കെതിരെ ആദ്യം ഉള്ളതിനെക്കാൾ കൂടുതൽ ശത്രുതയിലും അകൽച്ചയിലും ആയിരുന്നു. മക്കയിലേക്ക് പ്രവേശിക്കാൻ ഉദ്ദേശിച്ചപ്പോൾ സൈദുബ്നു ഹാരിസ പറഞ്ഞു: 'പ്രവാചകരേ, നിങ്ങളെങ്ങനെ അങ്ങോട്ട് പ്രവേശിക്കും? താങ്കളെ അവിടെ നിന്നും പുറത്താക്കിയതല്ലേ?' അപ്പോൾ നബിﷺ പറഞ്ഞു: 'അല്ലാഹു ഒരു മാർഗം കാണിക്കുക തന്നെ ചെയ്യും. അവൻ എന്നെ സഹായിക്കുക തന്നെ ചെയ്യും. തന്റെ പ്രവാചകനെ അവൻ ബലപ്പെടുത്തുക തന്നെ ചെയ്യും.'

മുഹമ്മദ് നബിﷺ ഹിറാഗുഹയുള്ള പർവതത്തിലേക്ക് പോകുകയാണ്. അപ്പോൾ ഖുസാഅ ഗോത്രത്തിൽ നിന്നുള്ള അബ്ദുല്ലാഹിബ്നു ഉറൈകിത് എന്ന വ്യക്തിയെ അഖ്നസ് ഇബ്നു ശുറൈഖിലേക്ക് അയച്ചു. മുഹമ്മദ് നബിﷺക്ക് അഭയം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടായിരുന്നു അയച്ചത്. പക്ഷേ, അയാൾ അത് വിസമ്മതിച്ചു. അഭയം നൽകാൻ തയ്യാറായില്ല. ശേഷം സുഹൈൽ ഇബ്നു അംറിലേക്കും അഭയം ചോദിച്ചുകൊണ്ട് ആളെ അയച്ചു. പക്ഷേ, അയാളും വിസമ്മതിച്ചു. അതിനുശേഷം മുത്ഇമുബ്നു അദ്‌യ്യിലേക്ക് അഭയം ചോദിച്ചു കൊണ്ട് ആളെ അയച്ചു. മുത്ഇം പറഞ്ഞു: 'ഞാൻ അഭയം നൽകാം.' അബ്ദുല്ലാഹിബ്നു ഉറൈകിതിനോട് ഈ വിവരം നബിയെ അറിയിക്കുവാനും പറഞ്ഞു. മുത്ഇം പ്രവാചകന്റെ അടുക്കലേക്ക് മടങ്ങിച്ചെന്നു. അന്ന് രാത്രി പ്രവാചകന്റെ കൂടെ കഴിച്ചു കൂട്ടി. നേരം പുലർന്നപ്പോൾ മുത്ഇം തന്റെ ആയുധം ധരിച്ചു. തന്റെ കൂടെ ആറോ ഏഴോ മക്കളെയും കൂട്ടി. അവർ മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചു. നബിﷺയോട് പറഞ്ഞു: 'നിങ്ങൾ ത്വവാഫ് ചെയ്തുകൊള്ളുക.' മക്കളോട് കഅ്ബയുടെ ഓരോ മൂലകളിൽ പ്രവാചകനെ സംരക്ഷിക്കുവാൻ വേണ്ടി നിൽക്കുവാനും പറഞ്ഞു. അബൂസുഫ്‌യാൻ മുത്ഇമിന്റെ അടുത്ത് വന്നുകൊണ്ട് ചോദിച്ചു: 'അല്ല, നീ മുഹമ്മദിന് അഭയം നൽകിയിരിക്കുകയാണോ? അതോ മുഹമ്മദിന്റെ കൂടെ കൂടിയിരിക്കുകയാണോ?' മുത്ഇം പറഞ്ഞു: 'ഇല്ല, ഞാൻ മുഹമ്മദിന് അഭയം നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.' അപ്പോൾ അബൂസുഫ്‌യാൻ പറഞ്ഞു: 'എങ്കിൽ ഞങ്ങൾ താങ്കളെ ആക്ഷേപിക്കുന്നില്ല. താങ്കൾ അഭയം കൊടുത്ത വ്യക്തിക്ക് ഞങ്ങളും അഭയം കൊടുത്തിരിക്കുന്നു.' ഈ ഒരു സഹായം മുഹമ്മദ് നബിﷺ ഒരിക്കലും മറന്നില്ല. ബദ്ർ യുദ്ധവേളയിൽ ബന്ധികൾ പിടിക്കപ്പെട്ടപ്പോൾ നബിﷺ പറഞ്ഞു: 'ബന്ധികളുടെ കൂട്ടത്തിൽ മുത്ഇം ഉണ്ടെങ്കിൽ ആർക്കുവേണ്ടിയാണോ സംസാരിക്കുന്നത് അയാളെ ഞാൻ വെറുതെ വിടും.' (ബുഖാരി: 1139).

അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുന്ന ഒരു വ്യക്തിയുടെ ലക്ഷ്യം ജനങ്ങളുടെ സന്മാർഗം മാത്രമായിരിക്കും. അവർക്ക് സത്യം ബോധ്യപ്പെടുത്തിക്കൊടുക്കൽ മാത്രമായിരിക്കും. ലോകത്തിന് മുഴുവൻ കാരുണ്യമായിക്കൊണ്ടാണ് അല്ലാഹു മുഹമ്മദ് നബിﷺയെ നിയോഗിച്ചിട്ടുള്ളത്. അത് എല്ലാ കാലത്തേക്കും എല്ലാ രാജ്യത്തിലേക്കും ഉള്ളതാണ്. ഒരു നാട്ടുകാർ ആ പ്രവാചകനിൽ വിശ്വസിച്ചില്ലെങ്കിൽ മറ്റൊരു നാട്ടുകാരിലേക്ക് അദ്ദേഹം പോകും. ഒരു വ്യക്തി ഇസ്‌ലാമിനെ വിസമ്മതിച്ചാൽ മറ്റൊരു വ്യക്തിയിലേക്ക് ആ പ്രവാചകൻ പോകും. വലിയവർ സ്വീകരിച്ചില്ലെങ്കിൽ ചെറിയവരിലേക്ക് ആ പ്രവാചകൻ പോകും.

"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (അൽഅമ്പിയാഅ് 107). ●

ത്വാഹാ റഷാദ്
thwaharashad@gmail.com





# ക്രൈസ്റ്റ്ചർച്ച് കൂട്ടക്കൊല: വംശവെറിയുടെ ഭീകരമുഖം

**മാനുഷിക മൂല്യങ്ങൾക്ക് വില കൽപിക്കുന്ന, അഭയാർഥികളെ ഇരു കരങ്ങളും നീട്ടി സ്വീകരിച്ച ന്യൂസീലാന്റ് എന്ന മാതൃകാരാഷ്ട്രം ലോകത്തിന് മുന്നിൽ അപരാധികളെ പോലെ തലകുനിച്ച നിമിഷമായിരുന്നു മാർച്ച് 15 വെള്ളിയാഴ്ച. ക്രൈസ്റ്റ്ചർച്ചിലെ അന്നൂർ മസ്ജിദിലേക്കും ലിൻവുഡ് മസ്ജിദിലേക്കും ആയുധവുമായി കയറിയ അക്രമി അമ്പതോളം ആളുകളെയാണ് നിഷ്‌കരുണം തോക്കിനിരയാക്കിയത്. തന്റെ ഹെൽമെറ്റിൽ ഘടിപ്പിച്ച ക്യാമറ വഴി ആക്രമണം ലൈവായി കാണിച്ച അക്രമി ലക്ഷ്യം വെച്ചതെന്താണ്? എന്താണ് അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം?**

ഒരു മനോഹര രാജ്യം ലോകത്തിനുമുമ്പിൽ തലതാഴ്ത്തി നിന്ന ആഴ്ചയായിരുന്നു കഴിഞ്ഞു പോയത്. മതേതര, മാനുഷികമൂല്യങ്ങൾക്ക് പേരുകേട്ട, പൊതുവിൽ വലതുപക്ഷ വീക്ഷണങ്ങൾ പാടെ നിരാകരിച്ചവരെന്നും അഗതികളെയും അഭയാർഥികളെയും കൈനീട്ടി സ്വീകരിച്ചവരെന്നും ഖ്യാതിനേടിയ, 'വെള്ള മേഘത്തിന്റെ നാട്ടുകാർ'(അവോട്ടിയറോവ) അഥവാ ന്യൂസീലാന്റ് ജനത- അവർക്ക് വേദനയും ദുഃഖവും നിസ്സഹായതയും ഒരുമിച്ച് അനുഭവിക്കേണ്ടി വന്ന സമയം.

2019 മാർച്ച് 15 വെള്ളിയാഴ്ച ഒരു കാറിൽ അന്നൂർ മസ്ജിദിനു മുമ്പിൽ എത്തിയ ആയുധധാരി പള്ളിക്കകത്തേക്ക് കടന്ന് തന്റെ മുന്നിൽ കണ്ട ഓരോരുത്തരെയും വെടിവെച്ചിടുന്ന ദാരുണ രംഗത്തിനാണ് ലോകം സാക്ഷ്യം വഹിച്ചത്. തന്റെ ക്രൂരകൃത്യം ലോകത്തെ

കാണിക്കാൻ ഹെൽമെറ്റ് ക്യാമറ വഴി 17 മിനുട്ടോളം അക്രമി ലൈവ് സ്ട്രീമിംഗ് ചെയ്തിരുന്നു. അന്നൂർ മസ്ജിദിലും പിന്നീട് ലിൻവുഡ് മസ്ജിദിലും നടന്ന കൂട്ടക്കൊലയിൽ 50 പേർ മരിച്ചതായാണ് കണക്ക്. പലരും ഗുരുതരാവസ്ഥയിലാണ്. പള്ളിക്കകത്ത് നാനാഭാഗത്തും മരണം വിതച്ചുകൊണ്ട് നരനായാട്ട് നടത്തിയതിന്റെ വീഡിയോ ഏതൊരു മനുഷ്യനെയും വേദനിപ്പിക്കുന്നതും കരയിപ്പിക്കുന്നതുമാണ്. നിറകണ്ണുകളോടെയല്ലാതെ ആ ദൃശ്യങ്ങൾ നമുക്ക് കണ്ടു നിൽക്കാനാകില്ല.

മരണമടഞ്ഞവരുടെ പാപമോചനത്തിനും ചികിത്സയിൽ കഴിയുന്നവർക്ക് പെട്ടെന്ന് രോഗശാന്തി ലഭിക്കുവാനും നാം ആത്മാർഥമായി പ്രാർഥിക്കുക. അവർ നമ്മുടെ കൂടി സഹോദരങ്ങളാണ്. അവരുടെ കുടുംബത്തിനും ബന്ധുക്കൾക്കും ഈ വിഷമഘട്ടത്തിൽ ക്ഷമയോടെ മുന്നോട്ടുപോകാനുള്ള ധൈര്യവും സാമൂഹിക പരിരക്ഷയുമാണ് ആവശ്യം. അവരെ സ്വന്തക്കാരെ പോലെ ഗണിക്കുകയും അവർക്ക് സംഭവിച്ചത് സ്വന്തം മുറിവായി കാണുകയും ചെയ്യുന്ന ന്യൂസീലാന്റ് ഗവൺമെന്റിനെ അഭിനന്ദിച്ചേ മതിയാകൂ.

അക്രമത്തിന്റെ സ്വഭാവം പരിശോധിക്കുമ്പോൾ സമൂഹത്തിൽ ഒരു വിഭാഗം ഇത്രമേൽ വംശീയതയും വർണവെറിയും ഇസ്‌ലാമോഫോബിയയും കാരണം വെറുപ്പിന്റെ വിഷം പേറി നടക്കുന്നവരാണ് എന്ന തിരിച്ചറിവ് ഭീതി പടർത്തുന്നു. ആക്രമണത്തിന് വരുമ്പോഴും ശേഷം തിരിച്ചുപോകുമ്പോഴും വീഡിയോയിൽ കേട്ട ഗാനങ്ങളിൽ തികഞ്ഞ വെറുപ്പിന്റെ വരികളാണുള്ളത്. 1992-95 കാലഘട്ടത്തിൽ യുഗോസ്ലാവിയയെ തകർത്ത സെർബിയൻ പോരാളികളെയും ബോസ്നിയൻ സെർബ് രാഷ്ട്രീയ നേതാവ് റദോവാൻ കറാസിഖിനെയും പുകഴ്ത്തുന്ന ഗാനവും 'ഫയർ' എന്ന ഗാനത്തിലെ 'ഞാൻ നരകത്തിന്റെ രാജാവ്' എന്ന വരിയുമാണ് പ്രസ്തുത വീഡിയോയിൽ മുഴങ്ങിക്കേട്ടത്. മാത്രമല്ല, 2017 ഏപ്രിലിൽ റഹ്മത്ത് അകിലോവ് എന്ന 39 കാരന്റെ ആക്രമണത്താൽ മരണപ്പെട്ട ഇബ്ബാ അകർലുന്റ് എന്ന 11കാരിയുടെ പേരും അദ്ദേഹത്തിന്റെ തോക്കിൽ രേഖപ്പെടുത്തിയിരുന്നു എന്നും അറിയുമ്പോഴാണ് ഈ കൊലപാതകങ്ങൾ എത്രത്തോളം ആസൂത്രിതവും ആപത്കരമായ അജണ്ടകളാൽ നിയന്ത്രിതവുമാണെന്ന് തിരിച്ചറിയാനാവുക.

ലോക മനസ്സാക്ഷിയെ ഞെട്ടിച്ച ഈ ക്രൂരതയെ ലോകമൊന്നാകെ അപലപിച്ചു. രാജ്യത്തിന്റെ ഇരുണ്ട ദിനമെന്നും ഭീകരാക്രമണം എന്നും പ്രധാനമന്ത്രി ജസിൻഡ ആൻഡേർണും ഭീകരമായ കൂട്ടക്കൊല എന്ന് ഡൊണാൾഡ് ട്രംപും ബുദ്ധിഹീനമായ അക്രമമെന്ന് പോപ്പ് ഫ്രാൻസിസും വെറുപ്പിന്റെ പ്രവർത്തനങ്ങൾ ഇനിയും താങ്ങാനാവില്ലെന്ന് ടിം കുക്കും നടുക്കുന്ന സംഭവമെന്ന് എലിസബത്ത് രാജ്ഞിയും ഫിലിപ്പ് രാജകുമാരനും തെരേസ മേയും ഭീകരതയ്ക്ക് മതമില്ലെന്ന് പാക് പ്രധാനമന്ത്രി ഇമ്രാൻ ഖാനും ന്യൂസിലാൻഡ് ജനതക്കൊപ്പമെന്ന് ഇന്ത്യൻ പ്രധാനമന്ത്രിയും പ്രഖ്യാപിക്കുകയുണ്ടായി.

വെള്ളിയാഴ്ച നേരം പുലർന്നതു മുതൽ ജുമുഅ നമസ്കാരം വരെ വളരെ ശാന്തമായിരുന്ന അവോൺ നദിയുടെ തീരപ്രദേശം മിനുട്ടുകൾ കൊണ്ട് രക്തക്കളമായി മാറുകയായിരുന്നു. ന്യൂസീലാന്റ് രാജ്യം ഇരുകരങ്ങളും നീട്ടി സ്വീകരിച്ച അഭയാർഥികളിൽ പെട്ട 50 മുസ്‌ലിംകൾ നിഷ്ഠൂരമായി കൊലചെയ്യപ്പെട്ടു. കൊലപാതകി പിടിക്കപ്പെട്ടെങ്കിലും കൊന്നവർക്ക് പേര് വിളിക്കപ്പെടാൻ ഉള്ള യോഗ്യതയില്ല, അത്രയും നീചരാണ് അവർ എന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചത് ശ്രദ്ധേയമാണ്. ഏതായാലും കൊന്നവന്റെ പേരും ഊരും ചർച്ച ചെയ്യാനും മതം ഏതെന്നു തേടിപ്പോകാനും മുമ്പത്തെ തിടുക്കം പലർക്കുമില്ല. മറ്റൊരർഥത്തിൽ പറഞ്ഞാൽ കൊലപാതകി മുസ്‌ലിം അല്ലാത്തതിനാൽ അവന്റെ പേരും നാളും അന്വേഷിച്ചറിഞ്ഞ് അന്തിച്ചർച്ചകളിൽ പോസ്റ്റ്മോർട്ടം ചെയ്യാൻ മാധ്യമങ്ങൾ തയ്യാറല്ല! എത്രത്തോളമെന്ന് വെച്ചാൽ

**അറബി പേരില്ലാത്ത ഭീകരവാദികൾക്ക് മാർക്കറ്റില്ല. താടി വെക്കാത്ത തീവ്രവാദിക്ക് മൈലേജ് ഇല്ല. തക്ബീർ മുഴക്കാത്ത കൊലപാതകികൾക്ക് റേറ്റിംഗും ഇല്ല. എന്തിനും ഏതിനും റേറ്റിംഗ് നോക്കി വാർത്തകൾക്കു മൂല്യനൽകുകയും വാർത്തകൾ തിരഞ്ഞെടുക്കുന്നതിൽ റേറ്റിംഗിന് ഒന്നാം സ്ഥാനം നൽകുകയും ചെയ്യുന്ന മാധ്യമങ്ങൾക്കിടയിൽ ശരിപക്ഷത്തിന് എന്ത് സ്ഥാനം?! മദർ ഓഫ് ഓൾ ബോംബ്സ് എന്ന ശക്തിയേറിയ ബോംബിന്റെയും മറ്റും പരീക്ഷണങ്ങളും പുരോഗതികളും ലൈവായി ടെലികാസ്റ്റ് ചെയ്യുകയും മണിക്കൂറുകളോളം അല്ല ദിവസങ്ങളോളം ചാനൽ ചർച്ചകൾ ഉന്തി നീക്കുകയും ചെയ്ത അന്താരാഷ്ട്ര മാധ്യമങ്ങളുടെ അജണ്ട യുദ്ധോപകരണങ്ങളോടുള്ള ആധുനിക മനുഷ്യന്റെ അടുപ്പവും ആകാംക്ഷയും ചൂഷണം ചെയ്തു തങ്ങളുടെ റേറ്റിംഗ് നിലനിർത്തുക എന്നത് തന്നെയാണ്.**

സ്ട്രീം ചെയ്യപ്പെട്ട വീഡിയോയെ സൂചിപ്പിക്കുമ്പോൾ അന്താരാഷ്ട്ര മാധ്യമങ്ങൾ 'സ്ഥിരീകരിച്ചിട്ടില്ലാത്ത വീഡിയോ' എന്ന് ആവർത്തിച്ചു പറയുന്നു! അതേ മാധ്യമങ്ങൾ മുസ്‌ലിം നാമധാരികളുടെ ആക്രമണ വീഡിയോകൾ സ്ഥിരീകരിക്കുവാനും പ്രചരിപ്പിക്കുവാനും ഒട്ടും അമാന്തം കാണിക്കാറുമില്ല!

അറബി പേരില്ലാത്ത ഭീകരവാദികൾക്ക് മാർക്കറ്റില്ല. താടി വെക്കാത്ത തീവ്രവാദിക്ക് മൈലേജ് ഇല്ല. തക്ബീർ മുഴക്കാത്ത കൊലപാതകികൾക്ക് റേറ്റിംഗും ഇല്ല. എന്തിനും ഏതിനും റേറ്റിംഗ് നോക്കി വാർത്തകൾക്കു മൂല്യനൽകുകയും വാർത്തകൾ തിരഞ്ഞെടുക്കുന്നതിൽ റേറ്റിംഗിന് ഒന്നാം സ്ഥാനം നൽകുകയും ചെയ്യുന്ന മാധ്യമങ്ങൾക്കിടയിൽ ശരിപക്ഷത്തിന് എന്ത് സ്ഥാനം?! മദർ ഓഫ് ഓൾ ബോംബ്സ് എന്ന ശക്തിയേറിയ ബോംബിന്റെയും മറ്റും പരീക്ഷണങ്ങളും പുരോഗഗതികളും ലൈവായി ടെലികാസ്റ്റ് ചെയ്യുകയും മണിക്കൂറുകളോളം അല്ല ദിവസങ്ങളോളം ചാനൽ ചർച്ചകൾ ഉന്തി നീക്കുകയും ചെയ്ത അന്താരാഷ്ട്ര മാധ്യമങ്ങളുടെ അജണ്ട യുദ്ധോപകരണങ്ങളോടുള്ള ആധുനിക മനുഷ്യന്റെ അടുപ്പവും ആകാംക്ഷയും ചൂഷണം ചെയ്തു തങ്ങളുടെ റേറ്റിംഗ് നിലനിർത്തുക എന്നത് തന്നെയാണ്. കൃത്യമായ റേറ്റിംഗ് സംവിധാനം നിലവിലില്ലാത്ത കേരളത്തിൽപോലും വാർത്താമാധ്യമങ്ങൾ അപൂർണവും അതാര്യവുമായ ഈ സംവിധാനത്തെ ആശ്രയിക്കുന്നു എന്നത് എത്ര ലജ്ജാവഹമാണ്!

മീഡിയ 28 കാരൻ എന്ന് മാത്രം നാമകരണം ചെയ്ത ക്രൈസ്റ്റ് ചർച്ചിലെ ഭീകരവാദിയുടെ പിന്നാമ്പുറം അറിയാൻ ശ്രമിക്കുമ്പോൾ തികഞ്ഞ വംശവെറിയുടെ പരിണിതഫലമാണ് ഈ കൂട്ടക്കൊല എന്ന് നമുക്ക് തിരിച്ചറിയാനാകും. വൻതോതിലുള്ള കുടിയേറ്റം സവർണ-അവർണ തോത് മാറ്റിയിരിക്കുന്നു, കറുത്തവരെക്കാൾ വെളുത്തവർ കൂടിക്കൊണ്ടിരിക്കുകയാണ് എന്ന കണ്ടുപിടുത്തവും അതിലുള്ള ഖേദവും തന്റെ 2017ലെ ഫ്രാൻസ് യാത്രയിലൂടെ അയാൾ വ്യക്തമാക്കിയിരുന്നു. റോഹിങ്ക്യയിലും മറ്റും കണ്ട എത്‌നിക് ക്ലീൻസിംഗിന്റെ വകഭേദം ആയിട്ടാണ് ക്രൈസ്റ്റ് ചർച്ച് മസ്ജിദ് അക്രമണവും നമുക്ക് മനസ്സിലാക്കാനാവുക. കുടിയേറ്റ വിരുദ്ധത അല്ലെങ്കിൽ മുസ്‌ലിം വിരുദ്ധത എന്നുള്ളത് പല കാരണങ്ങളാൽ വളർത്തിയെടുക്കുകയും തനിക്ക് ആവുന്നത് ചെയ്യണമെന്നുള്ള ദൃഢനിശ്ചയത്തോടെ മുന്നിട്ടിറങ്ങുകയുമാണ് അയാൾ ചെയ്തത്. ആരും എന്താ ഒന്നും ചെയ്യാത്തത്, ഞാൻ എന്താ ഒന്നും ചെയ്യാത്തത് എന്ന ആത്മഗതമാണ് അദ്ദേഹത്തിന്റെ കുറിപ്പിൽ നമുക്ക് കാണാനാകുന്നത്. ഓസ്‌ട്രേലിയയിൽ ജനിച്ച ഓസ്‌ട്രേലിയൻ പൗരനായ കൊലയാളി എന്തിന് ഈ കൂട്ടക്കൊലക്ക് അയൽരാജ്യമായ ന്യൂസീലാന്റ് തെരഞ്ഞെടുത്തു എന്നുള്ളത് ഒരു ചോദ്യം തന്നെയാണ്. 'എവിടെപ്പോയാലും നിങ്ങൾ രക്ഷപ്പെടില്ല' എന്ന സന്ദേശം നൽകുവാനാണ് സമാന സംഭവങ്ങൾ ഒന്നും അടുത്തകാലത്ത് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത ന്യൂസീലാന്റ് എന്ന രാജ്യം തന്നെ ഈ കുരുതിക്കുള്ള മണ്ണായി തെരഞ്ഞെടുക്കാൻ കാരണമെന്നാണ് വംശവെറിക്കാരുടെ മാനിഫെസ്റ്റോ പ്രകാരം മനസ്സിലാകുന്നത്. 'മുസ്‌ലിം മതഭ്രാന്തന്മാർക്ക്' ന്യൂസീലാന്റിലേക്ക് പലായനം ചെയ്യാൻ അവസരമൊരുക്കിയതാണ് ഈ ആക്രമണത്തിന് ഹേതു എന്നാണ് ഓസ്‌ട്രേലിയൻ സെനറ്റർ ഫ്രേസർ ആനിംഗിന്റെ വാദം. ലോകത്താകമാനമുള്ള മുസ്‌ലിംകളുടെ പ്രവർത്തന ഫലമായാണ് ക്രൈസ്റ്റ് ചർച്ച് മുസ്‌ലിംകൾക്ക് ഇത് സംഭവിച്ചത് എന്ന് അദ്ദേഹം പറയാതെ പറയുകയും ചെയ്തു. ഇന്ന് അവർ ഇരകൾ ആയിരിക്കാം, എന്നാൽ നാളത്തെ അക്രമകാരികളാണവർ എന്നുകൂടി പറഞ്ഞുകഴിഞ്ഞു ഈ തികഞ്ഞ വലതുപക്ഷവാദി!

വെറുപ്പ് പ്രചരിപ്പിക്കുന്നതിനായി 17 മിനുട്ട് ലൈവ് സ്ട്രീം ചെയ്ത വീഡിയോ വിവിധ ഏജൻസികളും സോഷ്യൽ മീഡിയകളും ചേർന്ന് കൺട്രോൾ

**ന്യൂസിലാന്റിന്റെ കളക്ടീവ് ഇന്നസെൻസ് എന്ന പവിത്രതയാണ് ഇവിടെ തകർന്ന് തരിപ്പണമായത്. പതിറ്റാണ്ടുകളായി ഇത്തരത്തിലുള്ള ദാരുണ സംഭവങ്ങൾ ന്യൂസിലാൻഡിൽ കേട്ടുകേൾവിയേ ഇല്ലായിരുന്നു. കൊലപാതകി ഉപയോഗിച്ചിരുന്ന തോക്കുകളിൽ രണ്ടെണ്ണം സെമി ഓട്ടോമാറ്റിക് കൂടിയായിരുന്നു ന്യൂസിലാൻഡ് ആയുധങ്ങൾ കൈവശം വെക്കുന്നതിനുള്ള നിയമസംവിധാനങ്ങൾ വളരെ ഉദാരമായ ഒന്നാണ്. ആ തോക്കുകളിൽ എഴുതിയിരിക്കുന്ന ഓരോ വാക്കുകളും ഇസ്‌ലാം ഭീതിയുടെ ചരിത്രത്തിലേക്കും ഈ മതവിരുദ്ധ തീവ്രവാദികളെ വളർത്തിയെടുത്ത സംഭവങ്ങളിലേക്കുമാണ് വിരൽചൂണ്ടുന്നത്.**

ചെയ്തു എന്ന് നമുക്ക് സമാധാനിക്കാം. എങ്കിലും മുസ്‌ലിം നാമധാരികളായ അക്രമികളുടെ വീഡിയോകൾ ഇങ്ങനെ ലിമിറ്റ് ചെയ്യപ്പെടുന്നുണ്ടോ എന്നുള്ളത് പരിശോധിക്കുമ്പോൾ അന്നൂർ, ലിൻവുഡ് മസ്ജിദുകളിലെ അക്രമ വീഡിയോ നീക്കം ചെയ്തത് മാധ്യമങ്ങൾ ഇതുവരെ വളർത്തിക്കൊണ്ടുവന്ന ഇസ്‌ലാമോഫോബിയക്ക് കോട്ടം തട്ടുമോ എന്നുള്ള ഭയം കൊണ്ടാണോ എന്നു പോലും ന്യായമായും സംശയിക്കാം. ഐസിസിന്റെയും അൽഖാഇദയുടെയും തക്ബീർ വിളികളും അറബി എഴുത്തുകളും തീവ്രവാദത്തിന്റെ അടയാളങ്ങളായി അവതരിപ്പിക്കപ്പെട്ടിരുന്നു. തീവ്രവാദത്തെക്കുറിച്ചുള്ള ടെലിവിഷൻ ചർച്ചകളിൽ ഇസ്‌ലാമിലെ അടിസ്ഥാന മൂല്യങ്ങളെയും നിയമങ്ങളെയും പിന്തിരിപ്പനെന്നും കാടത്തമെന്നും മുദ്രകുത്തിക്കൊണ്ടിരുന്ന അവതാരകരുടെ അധരങ്ങളിലും ഇനി ക്രൈസ്റ്റ്ചർച്ച് ഭീകരവാദി ആഹ്വാനംചെയ്ത 'പ്യൂഡിപൈ' എന്ന വെറുമൊരു യൂട്യൂബ് ചാനൽ ഭീകരതയുടെതായി തീരുമോ?

ന്യൂസീലാന്റിന്റെ കളക്ടീവ് ഇന്നസെൻസ് എന്ന പവിത്രതയാണ് തകർന്ന് തരിപ്പണമായത്. പതിറ്റാണ്ടുകളായി ഇത്തരത്തിലുള്ള ദാരുണ സംഭവങ്ങൾ ന്യൂസീലാന്റിൽ കേട്ടുകേൾവിയേ ഇല്ലായിരുന്നു. കൊലപാതകി ഉപയോഗിച്ചിരുന്ന തോക്കുകളിൽ രണ്ടെണ്ണം സെമി ഓട്ടോമാറ്റിക് കൂടിയായിരുന്നു. ന്യൂസീലാന്റിൽ ആയുധങ്ങൾ കൈവശം വെക്കുന്നതിനുള്ള നിയമം വളരെ ഉദാരമാണ്. ആ കുറ്റവാളിയുടെ തോക്കുകളിൽ എഴുതിയിരിക്കുന്ന ഓരോ വാക്കും ഇസ്‌ലാം ഭീതിയുടെ ചരിത്രത്തിലേക്കും ഈ മതവിരുദ്ധ തീവ്രവാദികളെ വളർത്തിയെടുത്ത സംഭവങ്ങളിലേക്കുമാണ് വിരൽചൂണ്ടുന്നത്. നാലുവർഷം മുമ്പ് സ്വീഡനിലെ സ്‌കൂളിലേക്ക് ഒരു വാളുമായി അതിക്രമിച്ചു കയറുകയും വെളുത്തവരെ മാറ്റിനിർത്തി കറുത്തവരെ തെരഞ്ഞുപിടിച്ച് അക്രമിക്കുകയും ഒരു ടീച്ചർ അടക്കം രണ്ടുപേരെ വധിക്കുകയും ചെയ്ത 21 വയസ്സുകാരൻ ആൻഡോൺ ലുൻഡിൻ പെറ്റേഴ്‌സൺ, രണ്ടുവർഷം മുമ്പ് കാനഡയിലെ ക്യൂബെക് സിറ്റിയിൽ മഗ്‌രിബ് നമസ്‌കാരത്തിന് സമ്മേളിച്ചിരുന്ന മുസ്‌ലിംകൾക്ക് നേരെ ആക്രമണം അഴിച്ചുവിടുകയും എട്ടുപേരെ തന്റെ തോക്കിന് ഇരയാക്കുകയും ചെയ്ത അലക്‌സാൻഡ്രേ ബിസനേറ്റ് തുടങ്ങിയവരുടെ നാമങ്ങൾ ആ നിറതോക്കുകളിൽ ഉല്ലേഖനം ചെയ്തിട്ടുണ്ടായിരുന്നു. അമവിയ്യാ ഭരണസമയത്ത് സ്‌പെയ്‌നിൽ അബ്ദുറഹ്മാൻ അൽഗഫീഖിയുടെ സംഘത്തെ ടൂർസ് യുദ്ധത്തിൽ പരാജയപ്പെടുത്തിയ ചാൾസ് മാർട്ടലും ഇയാളുടെ ആയുധപ്പുറത്ത് നാമം കണ്ടെത്തി. ഹാബ്‌സ്ബർഗ് മൊണാർക്കിയും പോളിഷ് ലിത്വാനിയൻ കോമൺവെൽത്തും ഹോളി റോമൻ സാമ്രാജ്യവും ഒന്നിച്ചു നിന്ന് വിയന്നയിൽ വെച്ച് ഒട്ടോമൻ സൈന്യത്തെ തോൽപിച്ചതിന്റെ ഓർമയ്ക്കായി 1683 എന്ന വർഷവും കൊലയാളി തന്റെ തോക്കിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.

**ന്യൂസീലാന്റ് ആക്രമണത്തിന് മുമ്പ് അക്രമി ഷെയർ ചെയ്ത പത്രികയിൽ തികഞ്ഞ മുസ്‌ലിം വിരോധവും ഇസ്‌ലാം ഭീതിയും നിഴലിച്ചു കാണുന്നുണ്ട്. മതത്തിന്റെ പേരിലുള്ള വർഗീയതയും തീവ്രവാദവും കൊലപാതകങ്ങളും എത്രയേറെ മാരകമാണോ അതുപോലെതന്നെ മതത്തിനെതിരെയുള്ള തീവ്രവാദവും ഭീകരവും ആപത്കരവും തന്നെയാണ്. ഭീകരതയുടെ മുഴുവൻ ക്രെഡിറ്റും മതങ്ങൾക്ക് ലേബൽ ചെയ്യുമ്പോൾ നാം അറിയേണ്ടത് മതഭീതി വളർത്തുന്നതും ഇതുപോലുള്ള ഭീകരത വളർത്തുന്നുണ്ട് എന്നതാണ്. അതായത് മതമല്ല പ്രശ്‌നം, മതത്തിനുവേണ്ടിയും മതത്തിന് എതിരെയും പരിധിവിടുന്നതും അതിലെ തീവ്രതയുമാണ് എന്നും സമാധാനത്തിന് മുറിവേൽപിക്കുന്നത്.**

കൊലപാതകങ്ങൾക്കു മുമ്പ് അയാൾ ഷെയർ ചെയ്ത പത്രികയിൽ തികഞ്ഞ മുസ്‌ലിം വിരോധവും ഇസ്‌ലാം ഭീതിയും നിഴലിച്ചു കാണുന്നു. അതോടൊപ്പം കൊലപാതകി ഭീകര സന്ദേശങ്ങൾ കുറിക്കുവാനും കൈമാറുവാനും ഉപയോഗിച്ച 8 ചാൻ (ഇൻഫിനിറ്റി ചാൻ) വെബ്‌സൈറ്റുകളിലേക്ക് ഉള്ള ലിങ്കും പുറത്തു വിടുകയുണ്ടായി. മതത്തിന്റെ പേരിലുള്ള വർഗീയതയും തീവ്രവാദവും കൊലപാതകങ്ങളും എത്രയേറെ മാരകമാണോ അതുപോലെതന്നെ മതത്തിനെതിരെയുള്ള തീവ്രവാദവും ഭീകരവും ആപത്കരവും തന്നെയാണ്. ഭീകരതയുടെ മുഴുവൻ ക്രെഡിറ്റും മതങ്ങൾക്ക് ലേബൽ ചെയ്യുമ്പോൾ നാം അറിയേണ്ടത് മതഭീതി വളർത്തുന്നതും ഇതുപോലുള്ള ഭീകരത വളർത്തുന്നുണ്ട് എന്നതാണ്. അതായത് മതമല്ല പ്രശ്‌നം, മതത്തിനുവേണ്ടിയും മതത്തിന് എതിരെയും പരിധിവിടുന്നതും അതിലെ തീവ്രതയുമാണ് എന്നും സമാധാനത്തിന് മുറിവേൽപിക്കുന്നത്.

അടിസ്ഥാനപരമായി ലോകത്തെ എല്ലാ ജനങ്ങളും, വിശിഷ്യാ ഓഷ്യാനിയ നാടുകളിലെ വിദ്യാസമ്പന്നരായ പൗരന്മാർ കൊലപാതകങ്ങളെയും വെറുപ്പിന്റെ രാഷ്ട്രീയത്തെയും എതിർക്കുന്നവരും അതിനെതിരെ ശബ്ദിക്കുന്ന

വരുമാണ്. 'ഇത് ന്യൂസിലാൻഡിന്റെ ഇരുണ്ട ദിവസങ്ങളിൽ ഒന്നാണ്. ഞങ്ങളുടെ അഭയാർഥികളും കുടിയേറ്റക്കാരുമാണ് ഈ അക്രമത്തിനിരയായത്. ന്യൂസീലാന്റ് അവരുടെ വീടാണ്. അവർ ഞങ്ങളാണ്' എന്ന, വളരെ സാന്ത്വനമേകുന്ന വാക്കുകളാണ് ആ രാജ്യത്തിന്റെ പ്രധാനമന്ത്രി ഇരകളായ കുടിയേറ്റ കുടുംബത്തിനാകമാനം ആശ്വാസം നൽകുന്ന നിലയ്ക്ക് പറഞ്ഞുവെച്ചത്. ഏഷ്യ ന്യൂസിലാൻഡ് ഫൗണ്ടേഷൻ പോലെയുള്ള സർവേകൾ തെളിയിക്കുന്നത് ന്യൂസീലാന്റ് ജനത ഈ കുടിയേറ്റ അനുമതിക്ക് പൂർണ സമ്മതമുള്ളവരും മറ്റുരാജ്യങ്ങളിൽ നിന്നുള്ള വൈവിധ്യങ്ങളും നന്മകളും ഇതുവഴി തങ്ങളുടെ രാജ്യത്തേക്ക് വരുന്നതിൽ സന്തുഷ്ടരും ആയിരുന്നു എന്നാണ്.

എന്നാൽ ന്യൂസീലാന്റിലെ ചില വിഭാഗങ്ങൾ തികഞ്ഞ വലതുപക്ഷ വീക്ഷണം പുലർത്തുന്നവരും ഒരുവേള എല്ലാ അതിരുകളും ലംഘിച്ച് അക്രമികളുമായി മാറിയിട്ടുണ്ട് എന്നുള്ളതാണ് മറ്റൊരു യാഥാർഥ്യം. അതിന്റെ പുറത്തുവന്ന തെളിവായിട്ട് മാത്രമെ ഈ അക്രമത്തെ നമുക്ക് കാണാനാകൂ. മാസി യൂണിവേഴ്സിറ്റിയിലെ പോൾ സ്പൂൺലിയുടെ കണക്കുകൾ പ്രകാരം എഴുപതിലധികം പ്രാദേശിക തീവ്ര വലതുപക്ഷ സംഘങ്ങൾ വർഷങ്ങൾക്കുമുമ്പേ അവിടെയുണ്ട്. അത്തരം ഗ്രൂപ്പുകളിൽ പലതിനും ഈറ്റില്ലവും പോറ്റില്ലവും ആയിരുന്നത്രെ ക്രൈസ്റ്റ് ചർച്ച് നഗരം. അവർ അക്രമ സ്വഭാവം ഉള്ളവർ എന്നുള്ള നിലയ്ക്ക് തല മുണ്ഡനം ചെയ്തവരും(സ്കിൻ ഹെഡ്) നിയോ നാസി ദേശീയവാദികളും ആയിരുന്നു. 'മാവോരി ദേശീയത'യും വെളുത്തവർ എന്ന സവർണത്വവും ആയിരുന്നു അവരെ നയിച്ചിരുന്നത്. ഇതിനു മുമ്പും ഈ ഗ്രൂപ്പുകൾ പല കൊലപാതകങ്ങളും നടത്തിയിട്ടുമുണ്ടത്രെ.

ഓഷ്യാനിയയിലെ സുന്ദരമായ രാഷ്ട്രം എന്ന നിലയ്ക്ക് ന്യൂസിലാൻഡ് ജനതയുടെ വാക്കുകളിലും പ്രവർത്തികളിലും ഏറെ ആശാവഹമായ മതേതരത്വവും സഹജീവിസ്നേഹവും നിറഞ്ഞുനിൽക്കുന്നുണ്ട് എങ്കിലും ഇത്തരക്കാരുടെ കർമങ്ങൾ നിമിത്തം ഈ രാജ്യം പൂർണമായും നോൺ ഇസ്‌ലാമോഫോബിക് ആണ് എന്ന് പറയാവതല്ല. അസഹിഷ്ണുതയോട് സഹിഷ്ണുത പുലർത്തുന്ന മാധ്യമലോകവും ഈ പാപത്തിന് ഉത്തരവാദികൾ തന്നെയാണ്.

ഓഷ്യാനിയയിലെ മറ്റൊരു രാഷ്ട്രമായ ഓസ്ട്രേലിയയിലെയും സമാന ചിന്തകൾ വച്ചുപുലർത്തുന്ന നല്ലവരായ ജനങ്ങളുടെയും സിഡ്നി ആക്രമണത്തിന്റെ സമയത്ത് അവർ സ്വീകരിച്ച പ്രശംസനീയമായ നിലപാടുകളെയും കൂടെ ചേർത്ത് വായിക്കാതെ വിഷയം പൂർണമാകില്ല.

അന്ന് രാവിലെ മുതൽ മൻ ഹാറൂൺ മൂനിസ് എന്ന ചെറുപ്പക്കാരൻ 40 പേരെ ബന്ദികളാക്കി സിഡ്നിയിൽ മരണത്തിന്റെ മുൾമുനയിൽ നിർത്തിയിരിക്കുന്നു എന്ന വാർത്ത അവൾ തന്റെ സ്മാർട്ട് ഫോണിലൂടെ വായിച്ചുകൊണ്ടിരുന്നു. തന്റെ സഹോദരനും ഭർത്താവും അവിടെയാണ് ജോലി ചെയ്യുന്നത്. അതുകൊണ്ട് തന്നെ അവൾ അങ്ങേയറ്റം ഉത്കണ്ഠയോടെ ഏറെനേരം സ്മാർട്ട് ഫോണിൽ നോക്കിയിരുന്നു. തൊട്ടരികിലായി പ്രയാസപ്പെട്ട് ഇരിക്കുന്ന ഒരു മുസ്‌ലിം പെൺകുട്ടിയെ അവൾ കണ്ടു. തല മറച്ചിരിക്കുന്ന അവൾ അസ്വസ്ഥയാണ്. ഇന്ന് രാവിലെ മുതൽ ഏതോ ഒരാൾ കാണിച്ചുകൊണ്ടിരിക്കുന്ന ക്രൂരതക്ക് മറയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് അവളടക്കം കോടിക്കണക്കിന് ജനങ്ങൾ വിശ്വസിക്കുന്ന ഇസ്‌ലാമിനെയാണ്. ഒരു മുസ്‌ലിം പേരുള്ള വ്യക്തി ഇന്ന് രാജ്യത്തെ അപായപ്പെടുത്തുന്ന സമയത്ത് ആ മതത്തിന്റെ വേഷമണിയുന്നതിൽ അവൾക്ക് ഭയം ഉണ്ട്. ആരെങ്കിലും തന്നെയും ഇത്തരത്തിലുള്ള ആളാണെന്ന് മുദ്രകുത്തുമോ? താനും രക്തക്കൊതിയുള്ള ആളാണെന്ന് പറയുമോ? അവളുടെ ആകുലതകൾ വായിച്ചെടുത്ത റേച്ചൽ അവളുടെ അടുത്തേക്ക് നീങ്ങി. അവളോട് എന്തെങ്കിലും ചോദിച്ച് ആശ്വസിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, എങ്ങനെ പ്രതികരിക്കും എന്നറിയാത്തതിനാൽ അവൾ പിൻവാങ്ങി. സമയം കടന്നുപോയി. രണ്ടുപേരും ഒരേ സ്റ്റേഷനിലിറങ്ങി. ജനങ്ങളുടെ മുന്നിലൂടെ യാത്ര ചെയ്യാൻ അവൾ ഭയക്കുന്നതായി തോന്നി. ആ മുസ്‌ലിം പെൺകുട്ടിക്ക് സംരക്ഷണമൊരുക്കാൻ അവളുടെ കൂടെ നടന്നു. അവൾക്ക് തുണയേകിയ ഈ സംഭവം പിന്നീട് അവൾ ഫേസ്ബുക്കിൽ കുറിച്ചു. നിമിഷങ്ങൾക്കുള്ളിൽ ലോകം അതേറ്റെടുത്തു. ഇസ്‌ലാമോഫോബിയ നിറഞ്ഞാടുന്ന സിഡ്നി സീജിന്റ സമയത്ത് 'ഐ വിൽ വാക് വിത് യു' എന്ന മറു ഹാഷ് ടാഗും ട്വിറ്ററിൽ പറന്നുകൊണ്ടേയിരുന്നു. ആരുടെയൊക്കെയോ പ്രവർത്തനങ്ങളുടെ ഫലമായി ഒരു ജനത മുഴുവൻ വേട്ടയാടപ്പെടുമ്പോൾ അവർക്ക് തുണയായി, തണലായി നിൽക്കുന്ന, മതേതര മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് ന്യായമായ സംരക്ഷണം ഒരുക്കുന്ന റേച്ചലിനെ പോലുള്ള

ഒരുപാട് നല്ല മനസ്സുകളാണ് ഇന്ന് നമുക്ക് പ്രതീക്ഷയായിട്ടുള്ളത്.

മൻ ഹാറൂൺ മൂനിസ് എന്ന, ഇറാനിൽ ജനിച്ച ഓസ്ട്രേലിയൻ മുസ്‌ലിമായ ഒരു മനുഷ്യൻ. സിഡ്നിയിലെ ലിൻഡ് ചോക്ലേറ്റ് കഫേയിൽ 10 കസ്റ്റമേഴ്സും 8 തൊഴിലാളികളും അടങ്ങുന്ന ഒരു സംഘത്തെ 16 മണിക്കൂറുകളോളം ബന്ദികളാക്കുകയും അവസാനം രണ്ട് പേരുടെ മരണത്തിനു വരെ വഴിവെക്കുകയും ചെയ്ത ക്രൂരകൃത്യം നടത്തിയ രക്തദാഹി. ബന്ദികളോട് 'കലിമതുശ്ശഹാദ' എഴുതിയ കറുത്ത കൊടി ഉയർത്തിക്കാണിക്കാൻ അയാൾ പറഞ്ഞുവത്രെ! ഈ ക്രൂരതക്ക് പിന്നിൽ രാഷ്ട്രീയ താൽപര്യം ആണെന്നും അദ്ദേഹം മാനസികരോഗിയാണെന്നും പിന്നീട് ചർച്ച ചെയ്യപ്പെട്ടു. അത് സത്യമാണെങ്കിലും അല്ലെങ്കിലും ഒരാളെയെങ്കിലും രക്ഷപ്പെടുത്തിയവൻ ലോകജനതയെ മുഴുവൻ രക്ഷപ്പെടുത്തിയവനെ പോലെയും വല്ലവനെയും വധിച്ചവർ ലോകജനതയെ മുഴുവൻ വധിച്ചവരെ പോലെയും ആണെന്നു പറഞ്ഞ് പഠിപ്പിച്ച ഈ ദൈവികമതത്തിന്റെ അനുയായികളെ മുഴുവൻ കരിവാരിത്തേക്കുന്ന പ്രവർത്തനമായിരുന്നു അത്. ഒരാളുടെ മുഖത്തേക്ക് തറപ്പിച്ചു നോക്കുന്നതുപോലും വിലക്കിയ കാരുണ്യത്തിന്റെ പ്രവാചകനെയും അദ്ദേഹം ഇതിലേക്ക് വലിച്ചിഴച്ചു. 'ഓ മുഹമ്മദ്, താങ്കൾക്കായി ത്യാഗം ചെയ്യാൻ ഞാൻ തയ്യാറാണ്' എന്നായിരുന്നു അയാൾ പ്രഖ്യാപിച്ചത്.

2015ൽ ഇത്രയും ദാരുണമായ ആക്രമണം നടന്നിട്ടും ഓസ്ട്രേലിയയിൽ ആകമാനം ഇസ്‌ലാം ഭീതി പടർന്നിട്ടും ലോകത്താകമാനം ഇസ്‌ലാമോഫോബിയ എന്ന നിലയിൽ അലയടിച്ച I will walk with you എന്ന ഹാഷ് ടാഗ് പോലും ഉത്ഭവിക്കുകയുണ്ടായി. ഇസ്‌ലാമോഫോബിയ ടെസ്റ്റുകളിൽ പലപ്പോഴും നെഗറ്റീവ് റിസൾട്ടുകൾ കാണിച്ച മാതൃകയായ രാജ്യങ്ങളായിരുന്നു ഓസ്ട്രേലിയയും ന്യൂസീലാന്റും ഉൾക്കൊള്ളുന്ന ഓഷ്യാനിയയിലുള്ളത്.

സാമാന്യ ജനത ഇങ്ങനെ ചിന്തിക്കുമ്പോൾ ഫോർത്ത് എസ്റ്റേറ്റ് എന്ന് വിളിക്കപ്പെടുന്ന മാധ്യമലോകം മറു ചിന്തയിലായിരുന്നു. ഇസ്‌ലാമോഫോബിയയുടെ വിത്തുകൾ പാകാൻ അവർ മത്സരിക്കുകയായിരുന്നു. ജനങ്ങളെ തമ്മിലടിപ്പിക്കാൻ വരെ കാരണമായേക്കാവുന്ന രീതിയിൽ വാർത്തകൾ പെരുപ്പിച്ചും വീർപ്പിച്ചും കാണിക്കുന്നത് എന്തിന് എന്ന ചോദ്യത്തിന് അന്ന് കിട്ടിയ മറുപടി 'Maximum effect with minimum effort' എന്നതായിരുന്നു. അതായത് മാധ്യമങ്ങൾക്ക് ഇത് ചാകരയാണ്! ഓരോ നിമിഷവും ഓരോ വാർത്തയും അവർക്ക് കൊണ്ടുവരുന്നത് വൻതോതിലുള്ള പരസ്യവരുമാനമാണ്. പുര കത്തുമ്പോൾ വാഴ വെട്ടുക എന്ന നയം! ഈ മാധ്യമ നിലപാട് മാറേണ്ടിയിരിക്കുന്നു. അറബി അക്ഷരങ്ങൾ എഴുതിയ കറുത്ത കൊടിക്ക് വേണ്ടി മാത്രം തീവ്രവാദം റിസർവ് ചെയ്യപ്പെട്ട ലോകത്ത് തീവ്രവാദത്തിന് മതമില്ലെന്നും മതങ്ങൾ സമാധാനമാണ് കാംക്ഷിക്കുന്നതെന്നും ഉറക്കെ വിളിച്ചു പറയുന്നതാണ് യഥാർഥ മാധ്യമ ദൗത്യം. തങ്ങൾക്ക് മതമില്ലെന്നും എല്ലാ മതത്തെയും തങ്ങൾ എതിർക്കുന്നു എന്നും എന്നാൽ മതവിശ്വാസിയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ഏതറ്റംവരെയും പോരാടുമെന്നും വൃഥാ തട്ടിവിടുന്ന നിർമത ഡിങ്കുകളും മേൽപറഞ്ഞ ഇരട്ടമുഖ സ്വഭാവം തന്നെയാണ് വെച്ചുപുലർത്തുന്നത്. രാജ്യത്ത് എല്ലാ മതവിശ്വാസികളും സൗഹാർദത്തിലും സ്നേഹത്തിലും കഴിയണമെന്ന ആശയം വളരെ സുന്ദരമായി തങ്ങളുടെ പരസ്യത്തിലൂടെ ആവിഷ്കരിച്ച സർഫ് എക്സലിന്റെ പരസ്യം രാജ്യത്തെ ജനങ്ങളുടെ ഐക്യത്തെ ഇഷ്ടപ്പെടാത്ത സംഘപരിവാരങ്ങൾക്കിടയിൽ തികഞ്ഞ അനിഷ്ടം സൃഷ്ടിച്ചതുപോലെ ആ പരസ്യം ചില സ്വതന്ത്രചിന്തകർക്ക് അതേ രോഗം ഉണ്ടാക്കിയിട്ടുണ്ട്. മനുഷ്യ സൗഹാർദത്തിന്റെ സന്ദേശം ക്രിയാത്മകമായി അവതരിപ്പിച്ച ആ പരസ്യത്തെ കുരുന്ന് പ്രായക്കാരുടെ അഞ്ച് നേരം നമസ്കരിക്കണമെന്ന മതാന്ധതയാണ് കാണിക്കുന്നത് എന്ന് പറഞ്ഞ 'അയുക്തി'വാദികളും ഏറെയാണ്. സംഘവാദികൾ വസ്തുത മനസ്സിലാക്കാതെ മൈക്രോസോഫ്റ്റ് എക്സലിന് ഡീ റൈറ്റിംഗ് നൽകിയത് പോലെയുള്ള മണ്ടത്തരങ്ങൾ ആവർത്തിച്ചപ്പോൾ യുക്തിവാദികളുടെ ബുദ്ധിശൂന്യത വെളിച്ചം കാണാതെ പോയി എന്നു മാത്രം.

നന്മയിൽ ഐക്യപ്പെടാനും തിന്മക്കെതിരെ ഒരുമിക്കാനും ജനങ്ങളോടൊപ്പം മാധ്യമങ്ങളും ചേർന്ന് നിൽക്കണം. എല്ലായ്പ്പോഴും ജനങ്ങളുടെ ഇഷ്ടങ്ങൾ നോക്കിയിട്ടല്ല നിലപാടുകൾ സ്വീകരിക്കേണ്ടത്; നേരിന്റെ പക്ഷം നോക്കിയാണ്. ഒരു രാജ്യത്തെ ജനങ്ങളെല്ലാം നേരിന് വിരുദ്ധമായി നില കൊണ്ടാൽ പോലും അവർക്ക് നേർവഴി കാണിക്കുന്ന സങ്കേതങ്ങളായി വർത്തിക്കുന്നതാണ് ആർജവം. ജനങ്ങളെ തമ്മിൽ അടിപ്പിക്കുന്നതല്ല അടുപ്പിക്കുന്നതാണ് മാധ്യമധർമം. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം






അധ്യായം: 80, ഭാഗം: 3

# അബസ (മുഖം ചുളിച്ചു)

മക്കയിൽ അവതരിച്ചത്

ثُمَّ أَمَاتَهُۥ فَأَقْبَرَهُۥ ﴿٢١﴾ ثُمَّ إِذَا شَآءَ أَنشَرَهُۥ ﴿٢٢﴾
كَلَّا لَمَّا يَقْضِ مَآ أَمَرَهُۥ ﴿٢٣﴾

21. അനന്തരം അവനെ മരിപ്പിക്കുകയും ക്വബ്‌റിൽ മറയ്ക്കുകയും ചെയ്തു.
22. പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ അവനെ ഉയർത്തെഴുന്നേൽപിക്കുന്നതാണ്.
23. നിസ്സംശയം, അവനോട് അല്ലാഹു കൽപിച്ചത് അവൻ നിർവഹിച്ചില്ല.

24. എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെ പ്പറ്റി ഒന്നു ചിന്തിച്ച് നോക്കട്ടെ.

25. നാം ശക്തിയായി മഴവെള്ളം ചൊരിഞ്ഞു കൊടുത്തു.

26. പിന്നീട് നാം ഭൂമിയെ ഒരു തരത്തിൽ പി ളർത്തി.

27. എന്നിട്ട് അതിൽ നാം ധാന്യം മുളപ്പിച്ചു.

28. മുന്തിരിയും പച്ചക്കറികളും

29. ഒലീവും ഈന്തപ്പനയും

30. ഇടതൂർന്നു നിൽക്കുന്ന തോട്ടങ്ങളും

31. പഴവർഗവും പുല്ലും;

32. നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾ ക്കും ഉപയോഗത്തിനായിട്ട്.

فَلْيَنظُرِ ٱلْإِنسَٰنُ إِلَىٰ
طَعَامِهِۦٓ ﴿٢٤﴾ أَنَّا صَبَبْنَا ٱلْمَآءَ صَبًّا ﴿٢٥﴾ ثُمَّ شَقَقْنَا
ٱلْأَرْضَ شَقًّا ﴿٢٦﴾ فَأَنۢبَتْنَا فِيهَا حَبًّا ﴿٢٧﴾ وَعِنَبًا وَقَضْبًا
﴿٢٨﴾ وَزَيْتُونًا وَنَخْلًا ﴿٢٩﴾ وَحَدَآئِقَ غُلْبًا ﴿٣٠﴾
وَفَٰكِهَةً وَأَبًّا ﴿٣١﴾ مَّتَٰعًا لَّكُمْ وَلِأَنْعَٰمِكُمْ ﴿٣٢﴾

21). (അനന്തരം അവനെ മരിപ്പിക്കുകയും ക ബ്റിൽ മറയ്ക്കുകയും ചെയ്തു). മൃഗങ്ങളുടെ മൃ തശരീരങ്ങൾ ഭൂമിയിൽ മറവ് ചെയ്യപ്പെടാതെ കി ടക്കുമ്പോൾ മനുഷ്യനെ മറവ് ചെയ്യപ്പെടുന്നതിലൂ ടെ അവനെ ആദരിച്ചു.

22-23). (പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ പ്ര തിഫലം നൽകുന്നതിനു വേണ്ടി). മരണശേഷം അവനെ ഉയർത്തെഴുന്നേൽപിക്കും. മനുഷ്യനെ നി യന്ത്രിക്കുന്നതും ഈ രൂപത്തിൽ അവന്റെ കാര്യ ങ്ങൾ കൈകാര്യം ചെയ്യുന്നതും ഏകനായ അല്ലാ ഹുവാണ്. ഒരു പങ്കുകാരനും അവനില്ല. ഇങ്ങനെ യൊക്കെയാണെങ്കിലും അല്ലാഹുവിന്റെ കൽപന അവൻ നിറവേറ്റുന്നില്ല. അല്ലാഹു നിർബന്ധമാക്കി യ കാര്യങ്ങൾ നിർവഹിച്ചിട്ടുമില്ല. മറിച്ച് നിർദേശ ങ്ങളിൽ വീഴ്ച വരുത്തിക്കൊണ്ടേയിരുന്നു. പിന്നീ ട് മനുഷ്യനോട് അവൻ കഴിക്കുന്ന ഭക്ഷണത്തെ ക്കുറിച്ച് ചിന്തിക്കാൻ നിർദേശിക്കുന്നു. പല ഘട്ട ങ്ങളിലൂടെ കടന്നുവന്ന ശേഷം എങ്ങനെയാണ് അ ത് അവനിലേക്ക് എത്തിയത് എന്ന്.

24-25). (എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെ പ്പറ്റി ഒന്നു ചിന്തിച്ചുനോക്കട്ടെ. നാം ശക്തിയായി മഴവെള്ളം ചൊരിഞ്ഞുകൊടുത്തു). ധാരാളമായി മഴയെ ഭൂമിയിൽ പെയ്യിക്കുന്നു എന്നർഥം.

26-27). (പിന്നീട് ഭൂമിയെ പിളർത്തി). ചെടികൾ മുളക്കുന്നതിനു വേണ്ടി. (ഒരു തരം പിളർത്തൽ. പിന്നീട് അതിൽ നാം മുളപ്പിച്ചു). കൊതിപ്പിക്കുന്ന ഭക്ഷണങ്ങളിൽ നിന്നും ആസ്വാദ്യകരമായ വിഭവ ങ്ങളിൽ നിന്നും വ്യത്യസ്ത ഇനങ്ങൾ. (ധാന്യവും) വ്യത്യസ്ത ഇനത്തിലുള്ള എല്ലാതരം ധാന്യങ്ങ ളും ഇതിൽ ഉൾപ്പെടും.

(28-29) (മുന്തിരിയും പച്ചക്കറികളും) പച്ചക്കറി കളാണത്. (ഒലീവും ഈത്തപ്പനയും) ഈ നാലെ ണ്ണത്തെ പ്രത്യേകിച്ചും പറയാൻ കാരണം അവ യിൽ ഗുണവും പ്രയോജനവും അധികമുള്ളതി നാലാണ്.

30). (ഇടതൂർന്നു നിൽക്കുന്ന തോട്ടങ്ങളും) ഇട തൂർന്ന് നിൽക്കുന്ന ധാരാളം മരങ്ങളുള്ള തോട്ട ങ്ങൾ.

31). (പഴവർഗവും പുല്ലും). മനുഷ്യന് രസിക്കാ വുന്നത് അതാണ്. فاكِهَة രാഗി, അണ്ടി, മുന്തിരി, ദ്രാക്ഷപ്പഴം, ഉറുമാമ്പഴം തുടങ്ങിയവയിൽ നിന്നു ള്ള രസം. الأَبّ എന്നത് നാൽക്കാലികളുടെയും മ റ്റു മൃഗങ്ങളുടെയും ഭക്ഷണമാണ്.

32). (നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾ ക്കും ഉപയോഗത്തിനായിട്ട്). അതിനെ അല്ലാഹു സൃഷ്ടിക്കുകയും നിങ്ങൾക്ക് കീഴ്പ്പെടുത്തി സൗ കര്യമാക്കിത്തരുകയും ചെയ്തു. ഈ അനുഗ്രഹ ങ്ങളെക്കുറിച്ച് ചിന്തിക്കുന്നവന് തന്റെ രക്ഷിതാവി ന് നന്ദി ചെയ്യൽ നിർബന്ധമായി. അവനിലേക്ക് മ ടങ്ങാൻ പരിശ്രമിക്കുകയും അവനെ അനുസരിക്കു ന്നതിൽ തൽപരനാവുകയും അവന്റെ നിർദേശ ങ്ങൾ സത്യപ്പെടുത്തുകയും ചെയ്യാൻ ബാധ്യത യുമുണ്ട്.

ഡോ. പി.പി നസ്വീഫ്
drnaseefpp@gmail.com

ചലനങ്ങൾ



PROFCON
PROFESSIONAL STUDENTS GLOBAL CONFERENCE

# പ്രൊഫ്കോണിന് ഉജ്ജ്വല പരിസമാപ്തി

പ്രൊഫഷണൽ വിദ്യാർഥികളുടെ സമ്മേളനമായ ‘പ്രൊഫ്കോണി’ന്റെ ചരിത്രത്തിൽ തുല്യതയില്ലാത്ത ഒരു അധ്യായം കൂടി കൂട്ടിച്ചേർത്തുകൊണ്ട് 23ാമത് പ്രൊഫ്കോൺ പെരിന്തൽമണ്ണയിൽ സമാപിച്ചു. അൽഹംദുലില്ലാഹ്.

മാസങ്ങൾക്ക് മുമ്പ് കോട്ടക്കൽ വെച്ച് പ്രൊഫ്കോൺ പ്രഖ്യാപന സമ്മേളനം നടന്നത് മുതൽ വിദ്യാർഥികളും യുവജനങ്ങളും പ്രായമായവരുമൊക്കെ ഇതിനെ നെഞ്ചേറ്റുകയായിരുന്നു. ക്യാമ്പസുകൾക്കകത്ത് കയറിച്ചെന്ന് പ്രൊഫ്കോണിനെ പരിചയപ്പെടുത്തിയവർ, നഗരങ്ങളിലും നാട്ടിൻ പുറങ്ങളിലും വീടുകൾ തോറും കയറിയിറങ്ങി കുട്ടികളെ രജിസ്റ്റർ ചെയ്തവർ, ഖുത്വുബകളിലൂടെയും മറ്റും ഇതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിയവർ, സമൂഹമാധ്യമങ്ങളിലൂടെ പ്രൊഫ്കോൺ സന്ദേശങ്ങളുമായി നിരന്തരം ഇടപെട്ടവർ, അകമഴിഞ്ഞ പ്രാർഥനയും ശാരീരിക സാമ്പത്തിക സഹായവും നൽകി ഇതിന് കരുത്ത് പകർന്നവർ... ഈ ഒത്തൊരുമയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രൊഫ്കോൺ വൻവിജയമായി മാറുകയായിരുന്നു.

ചുട്ടുപൊള്ളുന്ന കുംഭച്ചൂടിനോടൊപ്പം പലർക്കും പരീക്ഷാച്ചൂടുകൂടിയുണ്ടായിരുന്നു. പക്ഷേ, പ്രതിബന്ധങ്ങളെ മറികടക്കുന്നതിലാണ് വിജയം എന്ന ചിന്ത ആ തടസ്സങ്ങളെയെല്ലാം തട്ടിമാറ്റി. മാർച്ച് 8 വെള്ളിയാഴ്ച വൈകുന്നേരം നടന്ന ഉദ്ഘാടന സമ്മേളനം മുതൽ സമാപന പ്രസംഗം വരെയുള്ള ഓരോ സെഷനും പലർക്കും പുതിയൊരനുഭവമാണ് നൽകിയതെന്ന് അവരുടെ മുഖഭാവം കണ്ടാലറിയാമായിരുന്നു. കാലിടറി വീഴാൻ സാധ്യതയുള്ള

ചതിക്കുഴികളെ കുറിച്ച് മുന്നറിയിപ്പ് നൽകുക മാത്രമല്ല, അതിൽ വീഴാതിരിക്കാനുള്ള മാർഗം കൂടി പറഞ്ഞ് കൊടുത്താണ് പ്രൊഫ്കോൺ വേദിയിൽ നിന്നും അവരെ യാത്രയാക്കിയത്.

വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങിയ എല്ലാ മേഖലകളിലും ഒരു സത്യവിശ്വാസി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രൊഫ്കോൺ വിശദമായി ചർച്ച ചെയ്തു. ഇസ്‌ലാമോഫോബിയ അരങ്ങുവാഴുമ്പോൾ മുഖം പൊത്തിയൊളിക്കേണ്ട ഗതികേട് നമുക്കില്ലെന്നും ആരുടെ മുന്നിലും നെഞ്ച് വിരിച്ച് പറയാൻ ശക്തിയുള്ള ആദർശമാണ് ഇസ്‌ലാമെന്നും അവരെ ബോധ്യപ്പെടുത്തി.

പ്രതിനിധികൾക്ക് മാനസികോല്ലാസം നൽകുന്നതിന് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ എർപ്പെടുത്തിയത് ഈ പ്രൊഫ്കോണിന്റെ പ്രത്യേകതയായിരുന്നു. ഷോട്ട്പുട്ട്, ഷൂട്ടൗട്ട്, ക്രിക്കറ്റ്, ബാസ്കറ്റ്ബോൾ തുടങ്ങിയ ഇനങ്ങളിൽ മൽസരം സംഘടിപ്പിച്ചത് വേറിട്ട അനുഭവമായി. ഓരോ ദിവസത്തെയും പ്രിവ്യൂ വീഡിയോ ഇറക്കിയതും ഈ പ്രൊഫ്കോണിന്റെ പ്രത്യേകതയാണ്.

ആയിരങ്ങൾക്ക് തിരിച്ചറിവിന്റെ പുതിയ പാഠം പകർന്നു നൽകിയാണ് ഓരോ പ്രൊഫ്കോണും സമാപിക്കുന്നത്. ആരുടെയൊക്കെയോ നിർബന്ധത്തിന് വഴങ്ങി മനസ്സില്ലാ മനസ്സോടെ പ്രൊഫ്കോണിന് വന്ന പലരും പിന്നീടുള്ള പ്രൊഫ്കോണിന് കുട്ടികളെ കൂട്ടി വരുന്നവരായി മാറിയ നിരവധി ചരിത്രങ്ങൾ പറയാനുണ്ട്.

അണിയറയിലിരുന്ന് പ്രൊഫ്കോണിന്റെ ഓരോ നിമിഷവും വർണാഭമാക്കി മാറ്റിയ ഐ.ടി മീഡിയാ ടീം ഏറെ അഭിനന്ദനമർഹിക്കുന്ന പ്രവർത്തനമാണ് കാഴ്ചവെച്ചത്. ഓരോ സെഷനും തുടങ്ങുന്നതിന് മുമ്പ് കൃത്യമായ സന്ദേശങ്ങൾ സോഷ്യൽ മീഡിയ വഴി പുറത്തേക്ക് വിടുന്നതിൽ അവർ കാണിച്ച ജാഗ്രതയും ഉത്സാഹവും പ്രൊഫ്കോണിനെ ജനഹൃദയങ്ങളിൽ ലൈവാക്കി നിർത്തുന്നതിൽ മികച്ച പങ്ക് വഹിച്ചു.

ചപല വികാരങ്ങളിലും കൈവിട്ട സ്വപ്നങ്ങളിലും അഭിരമിക്കുന്ന, ഇന്നത്തെ പ്രൊഫഷണൽ വിദ്യാർഥികളെ ധാർമിക പാതയിൽ ചരിക്കുന്നവരായി പരിവർത്തിപ്പിക്കുക എന്ന മഹത്തായ ലക്ഷ്യത്തിന്റെ സാക്ഷാത്കാരമായിരുന്നു 23ാമത് പ്രൊഫ്കോൺ. പ്രതിനിധികളുടെ ചെവിയിൽ വന്നുപതിച്ച ശബ്ദശകലങ്ങൾ അവിസ്മരണീയമായ പ്രതിധ്വനിയാണ് സൃഷ്ടിച്ചത്. മനസ്സിൽ മാറ്റത്തിന്റെ വിപ്ലവ ഹേതു ആകുവാനുള്ള കരുത്ത് ആ ശബ്ദവീചികൾക്കുണ്ടായിരുന്നു. ഏകദൈവ വിശ്വാസം, ഇസ്‌ലാമിക കർമശാസ്ത്രം, പവിത്രമായ മാനുഷിക ബന്ധങ്ങൾ, ലഹരി, ലൈംഗികത, കുടുംബം, സമൂഹം തുടങ്ങി ജീവിതത്തിന്റെ സമസ്തതല സ്പർശിയാകാറുണ്ട് ഓരോ പ്രൊഫ്കോണും.

മാർച്ച് 8,9,10 തീയതികളിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ശിഫാ കൺവെൻഷൻ സെന്ററിൽ ആയിരുന്നു 23ാമത് പ്രൊഫ്കോണിന്റെ ആൺകുട്ടികളുടെ ഒന്നാമത്തെ വേദി തയ്യാറാക്കിയിരുന്നത്. ഏഴ് വ്യത്യസ്ത വേദികളിലായിക്കൊണ്ട് നടന്ന സമ്മേളനത്തിൽ, പെൺകുട്ടികൾക്ക് മാത്രമായുള്ള സ്പെഷ്യൽ വെന്യൂകൾ പെരിന്തൽമണ്ണ പ്രസിഡൻസി കൺവെൻഷൻ സെന്ററിലാണ് സംഘടിപ്പിച്ചത്. ഡൽഹി, ഭോപ്പാൽ, കാശ്മീർ, ബംഗലൂരു, മൈസൂരു, ചെന്നൈ, ട്രിച്ചി, സേലം തുടങ്ങി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ആയിരക്കണക്കിന് പ്രൊഫഷണൽ വിദ്യാർഥികൾക്കായി ഇംഗ്ലീഷിലും മലയാളത്തിലുമായാണ് പ്രോഗ്രാം ഒരുക്കിയത്.

ന്യൂ ഡൽഹി ജാമിഅ ഹംദർദ് യൂണിവേഴ്സിറ്റി ഡീൻ പ്രൊഫ. ഫർഹാൻ ജലീസ് അഹ്മദ് ഉദ്ഘാടനം നിർവഹിച്ച പ്രോഗ്രാമിൽ എം.പി.അബ്ദുസ്സമദ് സമദാനി, കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, മഞ്ഞളാംകുഴി അലി എം.എൽ.എ, ഡോ. ആർ.കെ. ശർമ, അഡ്വ. ഫിറോസ് അലി, പി.സി. മുസ്തഫ തുടങ്ങിയ രാഷ്ട്രീയ, സാമൂഹ്യ, അക്കാദമിക മേഖലകളിലെ പ്രമുഖർ സംബന്ധിച്ചു. അബൂബക്കർ സലഫി, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ടി. കെ. അശ്‌റഫ്, ഫൈസൽ മൗലവി, സി.പി സലീം, പി. അബ്ദുൽ ഹമീദ് എം.എൽഎ, ഡോ. സർബാസ് യു.എ.ഇ, ഡോ. ഷർമിന അലി, ഡോ. മീന തുടങ്ങിയവർ വിഷയങ്ങളവതരിപ്പിച്ച് സംസാരിച്ചു. ഹുസൈൻ സലഫിയുടെ സമാപന പ്രസംഗം ഓരോരുത്തരും ജീവിതത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങളിലേക്ക് കൃത്യമായ മാർഗദർശനം നൽകുന്നതായിരുന്നു.

നന്മ, തിന്മകൾ വ്യവഛേദിച്ചറിയാതെ മാറിമാറി വരുന്ന ട്രെൻഡിനു പുറകെ പോകുന്ന ഇന്നിന്റെ ക്യാമ്പസ് കൗമാരങ്ങൾക്ക് ധാർമികതയുടെയും നൈതികതയുടെയും ഉത്തരവാദിത്ത ബോധത്തിന്റെയും നിറപ്പകിട്ടു നൽകാൻ കൂട്ടായ പരിശ്രമങ്ങൾ കൊണ്ട് സാധിച്ചു എന്നത് സന്തോഷകരമായ കാര്യമാണ്.

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 11

ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ: 5



# വിദ്യാവിഹീനരെ വിജ്ഞരാക്കിയ വിദ്യാഭ്യാസ വിശാരദൻ

**1914** ഫെബ്രുവരി 28 ശനിയാഴ്ച 11.30ന് ചേർന്ന സഭയിൽ ഭരണകൂടം മുസ്‌ലിം സമുദായത്തിന് നൽകിയ ആനുകൂല്യങ്ങൾക്ക് ഹമദാനി തങ്ങൾ നന്ദി പ്രകാശിപ്പിച്ചു. വിവിധ തുറകളിൽ മുസ്‌ലിം ഉദ്യോഗാർഥികളെ നിയമിക്കണമെന്ന ആവശ്യം അദ്ദേഹം ആവർത്തിച്ചു. ഹൈക്കോടതിയിൽ ഒരു മുസ്‌ലിം ജഡ്ജിയെ നിയമിക്കണം. തിരുവിതാംകൂറിൽ അതിന് യോഗ്യനായ മുസ്‌ലിം ഉദ്യോഗാർഥി ഇല്ലാത്തതുകൊണ്ട് പുറത്തുനിന്ന് യോഗ്യനായ ഒരാളെ കണ്ടെത്തി തിരുവനന്തപുരത്ത് നിയമിക്കണം. ഇതായിരുന്നു അദ്ദേഹത്തിന് സഭയിൽ സമുദായത്തിന് വേണ്ടി ബോധിപ്പിക്കാനുണ്ടായിരുന്നത്.

പക്ഷേ, ഹമദാനി ശൈഖിന്റെ ആ ചിരകാലാഭിലാഷം സാക്ഷാത്കൃതമാകാൻ പിന്നെയും 32 വർഷം ഈ സമുദായത്തിന് കാത്തിരിക്കേണ്ടി വന്നു! വക്കം മൗലവിയുടെ സഹോദരിയുടെ മകനും മലയാള ലിപിയിലെ ആദ്യ സമ്പൂർണ ക്വുർആൻ പരിഭാഷയുടെ കർത്താവും പി.മുഹമ്മദ് മൈദീന്റെ സഹോദരനുമായ പൂന്ത്രാൻ വിളാകത്ത്[6] ഹബീബ് മുഹമ്മദ് 1946 ൽ തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായി ചുമതലയേൽക്കുന്നത് വരെ.[7]

1914 ഫെബ്രുവരി 28 ശനിയാഴ്ച തന്നെ, സഭയിലെ മുസ്‌ലിം അംഗങ്ങൾക്ക് വെള്ളിയാഴ്ച അവധി അനുവദിക്കണമെന്ന ആവശ്യം

ഉന്നയിച്ച കെ.മൈദീൻ പിള്ള, ജി.എസ് ഉദുമൽ സാഹിബ്, കൊച്ചുകുഞ്ഞ് എന്നീ മുസ്‌ലിം അംഗങ്ങൾക്ക് മറുപടിയായി, ഹൈക്കോടതിയുടെ ഉപദേശമാരാഞ്ഞ ശേഷം ഈ ആവശ്യം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

സമുദായത്തിനുവേണ്ടി ഹമദാനി ശൈഖ് സഭയിൽ ഉന്നയിച്ച മറ്റൊരു പ്രധാന വിഷയമാണ് ഇനി പറയുന്നത്:

'മുസ്‌ലിംകൾക്ക് മതവിദ്യാഭ്യാസം നിർബന്ധമാണ്. അതിനാൽ മതവിദ്യാഭ്യാസവും മതേതര വിദ്യാഭ്യാസവും സമുദായത്തിന് ഒരുമിച്ചു നൽകേണ്ടതാണ്. ആലപ്പുഴയിൽ ഒഴികെ മറ്റെല്ലാ മുഹമ്മദൻ സ്കൂളുകളിലും അറബിയും ഹിന്ദുസ്ഥാനിയും പഠിപ്പിക്കാൻ വേണ്ടി നിയമിക്കപ്പെട്ട മുൻഷിമാർ എല്ലാവരും ആ രണ്ട് ഭാഷകൾ പഠിപ്പിക്കാൻ പ്രാപ്തിയില്ലാത്തവരാണ്. യോഗ്യരായ മുൻഷിമാർക്ക് 15 രൂപ മുതൽ 50 രൂപ വരെയുള്ള ശമ്പള സ്കെയിൽ നിശ്ചയിക്കാവുന്നതാണ്. മറ്റത്തിൽ ഭാഗം സ്കൂളിൽ പ്രധാനമന്ത്രിയുടെ പരിശോധനാസമയത്ത് വാഗ്ദാനം ചെയ്യുകയും സന്ദർശക പുസ്തകത്തിൽ പ്രതിപാദിക്കുകയും ചെയ്ത പ്രകാരമുള്ള നിയമനം ഇതുവരെ നടക്കാത്തതിനാൽ ആൺകുട്ടികൾ ഒന്നിനുപുറകെ ഒന്നായി പഠനം നിർത്തിപ്പോയിക്കൊണ്ടിരിക്കുന്നു. അതിനാൽ ആലപ്പുഴ സ്പെഷ്യൽ സ്കൂളിലേതുപോലെ പ്രാപ്തരായ മുൻഷിമാരെ എല്ലാ മുഹമ്മദൻ സ്കൂളുകളിലും നിയമിക്കണം.'(8)

1913 ഡിസംബർ 21 ന് മുഹമ്മദീയ വിദ്യാഭ്യാസം എന്ന പ്രമേയത്തിൽ തിരുവനന്തപുരത്ത് ഗവൺമെന്റ് വിളിച്ചു ചേർത്ത മുസ്‌ലിം കോൺഫറൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് ഇറങ്ങിയ ഗവൺമെന്റ് വിജ്ഞാപനം വക്കം മൗലവിയുടെ മുസ്‌ലിം മാസികയിൽ പുനഃപ്രസിദ്ധീകരിച്ചിരുന്നു. അത് ഇങ്ങനെ വായിക്കാം:

1914 ഡിസംബർ 15ാം തീയതി ഗസറ്റിൽ വന്ന പ്രൊസീഡിംഗ്സിൽ പറയുന്നു: 'ആധുനിക വിദ്യാഭ്യാസത്തിന്റെ ഗുണങ്ങളിൽ പങ്കുകൊള്ളുന്നതിനും മററു വർഗങ്ങളിൽ പെട്ട ബാലന്മാരെക്കാൾ അധികം ബലവത്തായ പ്രേരണ മുഹമ്മദീയ യുവാക്കളുടെ കാര്യത്തിൽ വേണ്ടിയിരിക്കുന്നുവെന്നും ഗവണ്മെന്റ് നിയമിച്ച മി: കൊച്ചുഹസ്സൻ കുഞ്ഞ്, പ്രജാസഭയുടെ ദശമ യോഗത്തിൽ ബോധിപ്പിക്കുകയും അതിനായി പ്രായോഗിക നിർദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തു.'

'മുഹമ്മദീയ വിദ്യാഭ്യാസം' എന്ന വിഷയത്തെപ്പറ്റി പ്രത്യേകിച്ചും മെമ്പർ ബോധിപ്പിച്ച നിർദേശങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ടയക്കാൻ ഡയരക്ടറോട് ആവശ്യപ്പെട്ടതനുസരിച്ച് വിദ്യാഭ്യാസ ഡയരക്ടർ ഡോക്ടർ ബിഷപ്പു നൽകിയ റിപ്പോർട്ടിന്മേൽ ഗവൺമെന്റ് താഴെ കാണുന്ന അറിയിപ്പ് പുറപ്പെടുവിച്ചു:

'മുഹമ്മദീയ വിദ്യാഭ്യാസം ഇപ്പോഴും അതൃപ്തികരമായ സ്ഥിതിയിൽ ഇരിക്കുന്നു എന്നും, വിദ്യാഭ്യാസത്തിന് ആ വർഗക്കാർക്ക് നൽകിയിട്ടുള്ള സൗകര്യങ്ങളെ അവർ മതിയായേടത്തോളം ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും ഡയരക്ടറുടെ റിപ്പോർട്ടിൽ നിന്നും ഗവൺമെന്റ് വ്യസന സമേതം അറിയുന്നു. ലോവർ ഗ്രേഡ് ഗവണ്മെന്റ് പാഠശാലകളിൽ ഫീസുകൂടാതെ നൽകപ്പെടുന്ന വിദ്യാഭ്യാസത്തെ ആ വർഗത്തിൽ ചേർന്നവരായി കൂടുതൽ എണ്ണം ബാലന്മാർ ഉപയോഗപ്പെടുത്താതിരിക്കുന്ന കാലത്തോളം, ഫീസിൽ കൂടുതൽ ആനുകൂല്യങ്ങളാകട്ടെ, അന്യരാജ്യങ്ങളിൽ ചെന്ന് സാങ്കതിക വിദ്യകൾ അഭ്യസിക്കുന്നതിന് വിദ്യാർഥി വേതനങ്ങൾ ആകട്ടെ, മുഹമ്മദീയരുടെയിടയിൽ വിദ്യാഭ്യാസം അഭിവൃദ്ധി പ്രാപിക്കുന്നതിന് ഉപകരിക്കയില്ലെന്നും ഡയരക്ടർ അഭിപ്രായപ്പെട്ടതിനോട് ഗവൺമെന്റ് യോജിക്കുന്നു. ആ വർഗത്തിലെ പ്രമാണികൾ ഉത്സാഹിക്കുകയും പാഠശാലകളിൽ കൂടുതൽ ഹാജരാകുന്നതിന് ചെയ്യേണ്ടത് അതിപ്രധാനമാണ്. അങ്ങനെ ചെയ്യുമ്പോൾ ആ വർഗക്കാർക്ക് കൂടുതലായി എന്ത് സൗകര്യങ്ങൾ നൽകണമെന്ന് ആലോചിക്കുന്നതിനുള്ള കാലം എത്തും.

മുഹമ്മദീയ വിദ്യാഭ്യാസത്തെപ്പറ്റി കൂടുതലായി അന്വേഷണം നടത്താൻ ഡയരക്ടർ ആലോചിക്കുന്നുണ്ട്. കാര്യനടത്തിപ്പിന് ഉതകുന്ന പല നിർദേശങ്ങളും കിട്ടുന്ന പക്ഷം അദ്ദേഹം ഗവൺമെന്റിന് എഴുതി ബോധിപ്പിക്കുന്നതും ആകുന്നു.

ഉത്തരവിൻ പ്രകാരം
എ.ജെ.വിയറാ,
ഗവ.ചീഫ് സെക്രട്ടറി.'(9)

ഈ പ്രൊസീഡിംഗ്സിൽ കാണുന്ന പ്രകാരം തിരുവിതാംകൂറിന്റെ പലഭാഗങ്ങളിൽനിന്നും മുഹമ്മദീയ പ്രമാണികളിൽ ചിലരെ വിളിച്ചുവരുത്തി മുഹമ്മദീയ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ആലോചിക്കുന്നതായി ഡയരക്ടർ തീർച്ചപ്പെടുത്തുകയും ഇരുപതിൽ പരം ആളുകളെ ഡയരക്ടർ തന്നെ നേരിട്ട് ക്ഷണി

**ഹൈക്കോടതിയിൽ ഒരു മുസ്‌ലിം ജഡ്ജിയെ നിയമിക്കണം തായിരുന്നു ഹമദാനി ശൈഖിന് ബോധിപ്പിക്കാനുണ്ടായിരുന്നത്. പക്ഷേ, അദ്ദേഹത്തിന് 32 വർഷം കാത്തിരിക്കേണ്ടി വന്നു! വക്കം മൗലവിയുടെ സഹോദരിയുടെ മകനും മലയാള ലിപിയിലെ ആദ്യ സമ്പൂർണ ക്വുർആൻ പരിഭാഷയുടെ കർത്താവും പി.മുഹമ്മദ് മൈദീന്റെ സഹോദരനുമായ പൂന്ത്രാൻ വിളാകത്ത് ഹബീബ് മുഹമ്മദ് 1946 ൽ തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായി ചുമതലയേൽക്കുന്നത് വരെ.**

ക്കുകയും ചെയ്തു. അവരിൽ സന്നിഹിതരായവരുടെ പേരുവിവരം താഴെ ചേർക്കുന്നു:

1. ശൈഖ് മാഹിൻ ഹമദാനി തങ്ങൾ അവർകൾ.

2. ജ്ഞാനിയാൻ സയ്യിദ് ത്വാഹാ സാഹിബ് കോട്ടാർ.

3. സി.മുഹമ്മദ് കുഞ്ഞ്, തിരുവനന്തപുരം.

4. സയ്യിദ് മുഹമ്മദ് പുലവർ, തിരുവനന്തപുരം.

5. സയ്യിദ് ഹസൻ ക്വാദിർ സാഹിബ്, തിരുവനന്തപുരം.

6. ഹാജി നൂർ മുഹമ്മദ് സേട്ട്, തിരുവനന്തപുരം.

7. ഡോക്ടർ മുനവരി സാഹിബ്, തിരുവനന്തപുരം.

8. സന്താമിയാ സാഹിബ്, ജയിൽ സൂപ്രണ്ട്, തിരുവനന്തപുരം.

9.എം.മുഹമ്മദ് അബ്ദുൽ ക്വാദിർ മൗലവി, വക്കം.

10. എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, വക്കം.

11. കെ.എ.അഹ്മദ് കുഞ്ഞ്, കായംകുളം.

12. ഹസൻ പിള്ള കണ്ണ്, തിരുവിതാംകോട്.

13. എം.എ.നാവൂർക്കനി റാവുത്തർ, ചങ്ങനാശ്ശേരി.

14. എ.ഹസൻ റാവുത്തർ, ചങ്ങനാശ്ശേരി.

15. കെ.എ.പി.ബാവ സാഹിബ് ആലപ്പുഴ.

16. മുഹമ്മദ് മുഹ്‌യിദ്ദീൻ സൺസ് തക്കല.

17. എം.നാവൂർ പിച്ച, ആലങ്കോട്.

18. സി.മുഹമ്മദ് കുഞ്ഞ്, കൊല്ലം.[10]

കോട്ടാർ, ആലുവ, കൊല്ലം, തിരുവനന്തപുരം, വക്കം, കായംകുളം, ചങ്ങനാശ്ശേരി, ആലപ്പുഴ, തക്കല, ആലങ്കോട് എന്നീ സ്ഥലങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഒരു ദിവസം നേരത്തെ തലസ്ഥാനനഗരിയിൽ എത്തിച്ചേർന്നു. അവർ ഡോക്ടർ മുനവരി സാഹിബിന്റെ ഡിസ്പൻസറി സ്ഥാപിച്ചിരുന്ന കെട്ടിടത്തിൽ സമ്മേളിച്ച് അടുത്തദിവസം ഗവൺമെന്റിനു സമർപ്പിക്കേണ്ട നിർദേശങ്ങൾ എന്തായിരിക്കണമെന്നു ചർച്ചചെയ്തു. ഏകകണ്ഠമായി ചില തീരുമാനങ്ങൾ അംഗീകരിച്ചു.

1. വിദ്യാഭ്യാസവിഷയത്തിൽ മുസ്‌ലിംകൾ പിന്നാക്കം നിൽക്കുന്നതിന്റെ പ്രധാന കാരണം അലസതയാണ്. അവരെ സമീപിച്ച് ഉൽബുദ്ധരാക്കാനും കുട്ടികളെ സ്കൂളുകളിൽ ചേർക്കാനും താലൂക്കു കമ്മിറ്റികൾ രൂപീകരിക്കുക.

2. മുസ്‌ലിംകൾ മതവിഷയത്തിൽ പ്രത്യേകം നിഷ്ഠയുള്ളവരാകയാൽ, അറബി ഭാഷാഭ്യസനത്തിൽ നിലവിലുള്ളതിൽ കൂടുതൽ ശ്രദ്ധ ചെലുത്തുക. ഇരുപത്തഞ്ചോ അതിൽ കൂടുതലോ മുഹമ്മദീയ ബാലന്മാർ പഠിക്കുന്ന സ്കൂളുകളിൽ അറബി മുൻഷിമാരെ നിയമിക്കുക.

3. ഈ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതിനായി അറബി ഭാഷയിൽ വ്യുൽപത്തിയുള്ള രണ്ടിൽ കുറയാതെ ഇൻസ്പെക്ടറന്മാരെ നിയമിക്കുക.

4. മെട്രിക്ക് ക്ലാസ് മുതൽ പഠിക്കുന്ന കുട്ടികൾക്കും സ്കോളർഷിപ്പ് ഏർപ്പെടുത്തുക.

5. മുഹമ്മദീയ ഗ്രാന്റ് സ്കൂളുകൾക്ക് മുഴുവൻ ശമ്പളവും നൽകുക.

അടുത്തദിവസം കൂടിയ ഔദ്യോഗിക സമ്മേളനത്തിൽ ഗവൺമെന്റിന്റെ സത്വരശ്രദ്ധ പതിയത്തക്കവിധം പ്രതിനിധികൾ പ്രശ്നങ്ങൾ അവതരിപ്പിച്ചു. കാലോചിതമായ വിദ്യാഭ്യാസം ആർജിക്കുന്നതിനു പക്വമായ ഒരു മനോനില ഉണ്ടാക്കുക എന്നതും അടിയന്തിരാവശ്യമാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ലായിരുന്നു. അതിനേററവും പറ്റിയ മാർഗം അറബി ബോധനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതുതന്നെ ആയിരുന്നു. അതു സ്വീകരിച്ചുതുടങ്ങിയതോടെ നല്ല ഫലം കണ്ടുതുടങ്ങുകയും ചെയ്തു.

ഗവൺമെന്റ് ചീഫ് സെക്രട്ടറിക്ക് ഇതുപ്രകാരം ലഭിച്ച നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 'മുസ്‌ലിം

വിദ്യാഭ്യാസം പ്രചരിപ്പിക്കുക' എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ ഡയറക്ടർ ഒരു യോഗം വിളിച്ചുചേർത്തു. മതേതര ഭൗതിക വിഷയങ്ങൾക്ക് പുറമെ മത പഠനം കൂടി സാധ്യമാക്കുകയാണ് മുസ്‌ലിംകളെ സ്‌കൂളുകളിലെത്തിക്കുന്നതിനുള്ള മാർഗമെന്ന് മനസ്സിലാക്കിയ പ്രസ്തുത യോഗത്തെ തുടർന്ന്, മുസ്‌ലിംകൾക്കായി 75 പുതിയ സ്‌കൂളുകൾ തുടങ്ങുകയും അവിടങ്ങളിലെല്ലാം ആധുനിക പാഠ്യപദ്ധതികൾക്ക് പുറമെ ക്വുർആനും അറബിയും പഠിപ്പിക്കാനും വ്യവസ്ഥ ചെയ്യുകയുണ്ടായി.[11]

സഫലമായ ഈ രീതിയുടെ സദ്ഫലങ്ങൾ വില്യം ലോഗൻ മലബാർ മാന്വലിൽ വിവരിക്കുന്നത് ഇവിടെ വായിക്കാം:

'അറബി പഠിപ്പിക്കുന്ന അധ്യാപകർക്ക് ഗവൺമെന്റ് ഗ്രാന്റ് നൽകിക്കൊണ്ട് മുസ്‌ലിം കുട്ടികൾക്കിടയിൽ സാക്ഷരത്വം പ്രചരിപ്പിക്കാൻ ശ്രമം നടക്കുന്നുണ്ട്. ഫലം കാണിക്കണമെന്ന വ്യവസ്ഥയിൽ അധ്യാപകർക്ക് സഹായധനം നൽകുന്നതുകൊണ്ട് ഈ ശ്രമം സാമാന്യേന വിജയകരമാണെന്നു പറയാം. ക്വുർആൻ ചൊല്ലാനല്ലാതെ മറ്റൊന്നും പിടിയില്ലാത്ത അറബി അധ്യാപകർ അവർ പഠിപ്പിക്കുന്ന കുട്ടികളെപ്പോലെ തന്നെ സാക്ഷരതയുടെ കാര്യത്തിൽ തികച്ചും അജ്ഞരാണ്. അതുകൊണ്ട് ഗവൺമെണ്ട് ഗ്രാന്റ് കിട്ടണമെങ്കിൽ ഫലം കാണിക്കണമെന്ന വ്യവസ്ഥ അവർ നടപ്പാക്കുന്നത് ഹിന്ദുക്കളായ അധ്യാപകരുടെ സേവനം ഉപയോഗിച്ചുകൊണ്ടാണ്. ഇങ്ങനെ പഠിക്കാൻ കഴിഞ്ഞ അധ്യേതാക്കളിൽ ചിലർ മുസ്‌ലിംകൾക്കുള്ള പ്രത്യേക പ്രാഥമിക സ്‌കൂളുകളിൽ അധ്യാപനവൃത്തി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും കഴിയുന്ന, സ്‌കൂൾ വിദ്യാഭ്യാസം സിദ്ധിച്ച മാപ്പിളമാരുടെ എണ്ണം കൈവിലരുകളിൽ എണ്ണിക്കാവുന്ന വിധം അത്രയും പരിമിതമത്രേ. മതപരമായ അവരുടെ അറിവ് ഇതുപോലെ, മക്കത്തേക്കു പുണ്യയാത്ര നടത്താനും നിത്യനിസ്‌കാരകർമങ്ങൾ നിർവഹിക്കാനും ആവശ്യമായ ചടങ്ങുകളിൽ ഒതുങ്ങിനിൽക്കുന്നതാണ്. ഇതുതന്നെ വശത്താക്കിയവരുടെ എണ്ണം തുലോം വിരളമാണ്.

പരമ്പരയാ കേട്ടറിവുള്ള വിജ്ഞാനമാണ് ഇവിടെയും നിദാനമെന്നതുകൊണ്ട്, ഉള്ളവർക്ക് എപ്പോഴും തിരക്കായിരിക്കും.'[12]

**ആധാര സൂചിക:**

**മുൻ ലക്കം:**

(1) മലബാർ മാന്വൽ, വില്യം ലോഗൻ, മാതൃഭൂമി ബുക്സ്, 2017 ഫെബ്രുവരി. പതിനൊന്നാം പതിപ്പ്, പേജ് 153,154.

(2) തിരുവിതാംകൂർ ശ്രീമൂലം പോപ്പുലർ അസംബ്ലി പ്രജാസഭാ നടപടി രേഖകൾ, 1911 ഫെബ്രുവരി 16.

(3) അതേ അവലംബം.

(4) തിരുവിതാംകൂർ ശ്രീമൂലം പോപ്പുലർ അസംബ്ലി പ്രജാസഭാ നടപടി രേഖകൾ, 1913 ഫെബ്രുവരി 13.

(5) തിരുവിതാംകൂർ ശ്രീമൂലം പോപ്പുലർ പ്രജാസഭാ നടപടി രേഖകൾ 1913 ഫെബ്രുവരി 22.

**ഈ ലക്കം:**

(6) പഴയ തിരുവിതാംകൂറിന്റെ തെക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്തിരുന്നതും 1956 മുതൽ തമിഴ്‌നാട്ടിലെ കന്യാകുമാരി ജില്ലയിലേക്ക് ചേർക്കപ്പെട്ടതുമായ കുളച്ചൽ നഗരത്തിൽ നിന്ന് വന്ന് ഇപ്പോഴത്തെ തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ താമസമാക്കിയ തോപ്പിൽ തമ്പി എന്ന് നാട്ടുകാർ വിളിച്ചിരുന്ന അഹ്മദ് കുഞ്ഞ് എന്ന വ്യാപാരിയായ ഭൂവുടമയിൽ നിന്നാണ് പൂന്ത്രാൻ വംശാവലി തുടങ്ങുന്നത്. നവോത്ഥാന നേതാക്കൾ, സാമൂഹിക പരിഷ്‌കർത്താക്കൾ, സ്വാതന്ത്ര്യസമര സേനാനികൾ, രാഷ്ട്രീയക്കാർ, ജഡ്ജിമാർ, എഴുത്തുകാർ, പണ്ഡിതർ, പത്രപ്രവർത്തകർ, തത്ത്വചിന്തകർ തുടങ്ങിയവരെ ഈ കുടുംബം സംഭാവന ചെയ്തിട്ടുണ്ട്.

(7) കേരള നിയമസഭയുടെ സ്പീക്കറായി നിയമിതനായ കെ.എം.സീതി സാഹിബിന്റെ തിരുവനന്തപുരം ലോ കോളേജിലെ സമകാലികനായിരുന്നു ഹബീബ്. ആദ്യം തിരുവനന്തപുരത്ത് അഭിഭാഷകനായി ചേർന്നു. ആറു മാസക്കാലം അദ്ദേഹം തിരുവനന്തപുരത്ത് മുൻസിഫ് ആയും തുടർന്ന് തിരുവനന്തപുരം ഡിസ്ട്രിക്റ്റ് ജഡ്ജിയായി സേവനമനുഷ്ഠിച്ചു. കോട്ടയം, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ജില്ലാ ജഡ്ജിയായിരുന്നു ജസ്റ്റിസ് ഹബീബ്. 1946ൽ അദ്ദേഹം ഹൈക്കോടതി ജഡ്ജിയായി.1949 ജൂലൈ 7 ന് എറണാകുളത്ത് തിരുവിതാംകൂർ കൊച്ചിൻ ഹൈക്കോടതി സ്ഥാപിതമായപ്പോൾ അവിടെ ജഡ്ജിയായ അദ്ദേഹം 1951ൽ അവിടെ നിന്ന് വിരമിച്ചു. പിന്നീട് കുറച്ചു കാലം മുസ്‌ലിം ലീഗിൽ സജീവമായി.

(8) തിരുവിതാംകൂർ ശ്രീമൂലം പോപ്പുലർ അസംബ്ലി പ്രജാസഭാ നടപടി രേഖകൾ 1914 ഫെബ്രുവരി 28.

(9) വക്കം മൗലവി (ലേഖന പരമ്പര), ഹാജി. എം. മുഹമ്മദ് കണ്ണ്, ചന്ദ്രിക ആഴ്ചപ്പതിപ്പ്,1978 ഒക്ടോബർ 14, പേജ് 11.


(10) അതേ അവലംബം.

(11) വക്കം മൗലവി (ജീവചരിത്ര ഗ്രന്ഥം), ഹാജി.എം.മുഹമ്മദ് കണ്ണ്.

(12) മലബാർ മാന്വൽ, വില്യം ലോഗൻ, മലയാള വിവർത്തനം ടി.വി. കൃഷ്ണൻ, മാതൃഭൂമി ബുക്സ്, പതിനൊന്നാം പതിപ്പ്, ഫെബ്രുവരി 2017, പേജ് 154.

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം



# നിഷിദ്ധമായ പ്രാർഥനകൾ

പ്രാർഥന സൃഷ്ടികർത്താവിനോട് മാത്രമെ പാടുള്ളൂ. സൃഷ്ടികളോട് പ്രാർഥിക്കുന്നത് ഏറ്റവും വലിയ അക്രമമാണ്. അല്ലാഹു അത് ഒരിക്കലും പൊറുക്കുകയില്ല. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒരിക്കലും ചെയ്യാൻ പാടില്ലാത്ത ചില പ്രാർഥനകളുണ്ട്. അവയാണ് താഴെ കൊടുക്കുന്നത്:

**അല്ലാഹു അല്ലാത്തവരോടുള്ള പ്രാർഥന**

"അല്ലാഹുവിനു പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമകാരികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റുവാൻ ആരുമില്ല. തന്റെ ദാസന്മാരിൽ നിന്ന് താൻ ഇഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അ

നുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു'' (ക്വുർആൻ 10:106,107).

നബിﷺ പറഞ്ഞു: "പ്രാർഥന; അത് ആരാധന തന്നെയാകുന്നു." ആയതിനാൽ ആരാധനയായ പ്രാർഥന അല്ലാഹുവിനോട് മാത്രമെ പാടുള്ളൂ, അല്ലാത്തവരോട് പാടില്ല. കാരണം അത് മറ്റുള്ളവർക്കുള്ള ആരാധനയാകും. അത് അല്ലാഹുവിൽ പങ്ക് ചേർക്കലും ഇസ്‌ലാമിൽ നിന്ന് തന്നെ പുറത്ത് പോകുന്ന കാര്യവുമാണ്.

### സ്വന്തം മരണത്തിനോ നാശത്തിനോ വേണ്ടിയുള്ള പ്രാർഥന

പ്രവാചകൻﷺ പറഞ്ഞു: "നിങ്ങൾക്ക് ബാധിച്ച ഒരു ബുദ്ധിമുട്ട് കാരണം നിങ്ങൾ മരണത്തെ ആഗ്രഹിക്കരുത്. ഇനി അങ്ങനെ ആഗ്രഹിക്കൽ നിർബന്ധമാണെങ്കിൽ അവൻ ഇങ്ങനെ പറയട്ടെ: 'അല്ലാഹുവേ, എനിക്ക് ജീവിതമാണ് ഉത്തമമെങ്കിൽ എന്നെ നീ ജീവിപ്പിക്കേണമേ. അതല്ല, എനിക്ക് മരണമാണ് ഉത്തമമെങ്കിൽ എന്നെ നീ മരിപ്പിക്കുകയും ചെയ്യേണമേ" (ബുഖാരി, മുസ്‌ലിം).

### സന്താനങ്ങൾ, സമ്പത്ത് എന്നിവക്കെതിരെയുള്ള പ്രാർഥന

നബിﷺ പറഞ്ഞു:"നിങ്ങൾ സ്വന്തത്തിനെതിരിൽ പ്രാർഥിക്കരുത്. നിങ്ങളുടെ സന്താനങ്ങൾക്കെതിരിൽ പ്രാർഥിക്കരുത്. നിങ്ങളുടെ സമ്പത്തിനെതിരിലും നിങ്ങൾ പ്രാർഥിക്കരുത്. അല്ലാഹുവിന്റെ അടുത്ത് ഒരു സമയമുണ്ട്; ആ സമയത്ത് നിങ്ങൾ എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കത് നൽകാതിരിക്കില്ല" (മുസ്‌ലിം).

### യുദ്ധമുണ്ടാവാനും ശത്രുവിനെ കണ്ടുമുട്ടുവാനുമുള്ള പ്രാർഥന

പ്രവാചകൻﷺ പറഞ്ഞു: "നിങ്ങൾ ശത്രുവിനെ കണ്ടുമുട്ടുവാൻ ആഗ്രഹിക്കരുത്. അല്ലാഹുവിനോട് ആരോഗ്യം ചോദിക്കുക. അവരെ കണ്ടുമുട്ടിയാൽ നിങ്ങൾ ക്ഷമിക്കുക..."(മുസ്‌ലിം).

### തെറ്റുകൾ ചെയ്യുവാനുള്ള പ്രാർഥന

അബൂസഈദി﷛ൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "പാപവും കുടുംബ ബന്ധം മുറിക്കലും ഇല്ലാത്ത ഏതെങ്കിലുമൊരു കാര്യത്തിന് ഒരു മുസ്‌ലിം പ്രാർഥിച്ചാൽ മൂന്നിൽ ഒരു കാര്യം അല്ലാഹു അവന് നൽകുന്നതാണ്. ഒന്നുകിൽ അവൻ പ്രാർഥിച്ച കാര്യം പെട്ടെന്ന് നൽകുന്നു, അല്ലെങ്കിൽ പരലോകത്തേക്ക് നീട്ടിവെക്കുന്നു, അതുമല്ലെങ്കിൽ അത്പോലെയുള്ള തിന്മ അവനെ തൊട്ട് തടയുന്നു." അനുചരന്മാർ ചോദിച്ചു: "അപ്പോൾ ഞങ്ങൾ പ്രാർഥന അധികരിപ്പിക്കുകയോ?" പ്രവാചകൻﷺ അരുളി: "അല്ലാഹു തന്നെയാണ് സത്യം! അധികരിപ്പിക്കൂ" (അഹ്മദ്).

**പ്രാർഥിച്ചിട്ട് ഉത്തരം ലഭിക്കുന്നില്ല എന്ന് പറഞ്ഞ് പ്രാർഥന ഉപേക്ഷിക്കാതിരിക്കുക. പ്രാർഥന നമുക്ക് നന്മയല്ലാതെ വരുത്തുകയില്ല. പ്രാർഥനകൊണ്ട് നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടും. അല്ലെങ്കിൽ ആ പ്രാർഥന നമുക്ക് പരലോകത്തേക്ക് നീട്ടി വെക്കുകയും അത് നമുക്ക് ഗുണകരമാവുകയും ചെയ്യുന്നതാണ്. ആയതിനാൽ വിശ്വാസികൾ കൂടുതൽ കൂടുതൽ പ്രാർഥിക്കുക. അല്ലാഹുവിനോട് ആരാണോ കൂടുതൽ ചോദിക്കുന്നത് അവനോടാണ് അല്ലാഹുവിന് കൂടുതൽ ഇഷ്ടമുണ്ടാവുക.**

### പ്രാർഥനക്ക് ഉത്തരം ലഭിക്കാതിരിക്കുവാനുള്ള കാരണങ്ങൾ

'അല്ലാഹുവിനോട് ഞാൻ ധാരാളം പ്രാർഥിച്ചു. പക്ഷേ, എനിക്ക് ഇത്വരെ ഉത്തരം ലഭിച്ചില്ല' എന്ന് ചിലയാളുകൾ പറയാറുണ്ട്. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്കാണ് പ്രാർഥനക്ക് ഉടനടി ഉത്തരം നൽകുക. പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നില്ലെങ്കിൽ ആത്മ വിചാരണ ചെയ്തുകൊണ്ട് തന്നിൽ നിന്നും വന്നുപോകുന്ന, വന്നുപോയിട്ടുള്ള തെറ്റുകളിൽ പശ്ചാതപിക്കുകയും അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ചെയ്യുക. പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നില്ല എന്ന് പരാതിപ്പെട്ട വ്യക്തിയോട് പ്രവാചകൻﷺ പറഞ്ഞത് 'നീ നിന്റെ ഭക്ഷണം നല്ലതാക്കുക' എന്നാണ്.

മറ്റൊരു പ്രവാചക വചനം കാണുക: അബൂഹുറയ്റ﷛യിൽ നിന്ന് നിവേദനം: പ്രവാചകൻﷺ പറഞ്ഞു: "ഒരാളും തന്നെ ഉത്തരം നൽകപ്പെടാതെ അല്ലാഹുവിനോട് യാതൊന്നും പ്രാർഥിക്കുന്നില്ല. ഒന്നുകിൽ അത് ഇഹലോകത്ത് പെട്ടെന്ന് നൽകുന്നു. അല്ലെങ്കിൽ പരലോകത്തേക്ക് അത് നിക്ഷേപിച്ച് വെക്കുന്നു. അതുമല്ലെങ്കിൽ പ്രാർഥിക്കുന്നതിന്റെ തോതനുസരിച്ച് അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നു.പ്രാർഥനയിൽ, തെറ്റ് ചെയ്യുവാനോ കുടുംബ ബന്ധം മുറിക്കുവാനോ ധൃതികൂട്ടുകയോ ചെയ്യാത്തിടത്തോളം അവന് ഉത്തരം ലഭിക്കും."

പ്രാർഥിച്ചിട്ട് ഉത്തരം ലഭിക്കുന്നില്ല എന്ന് പറഞ്ഞ് പ്രാർഥന ഉപേക്ഷിക്കാതിരിക്കുക. പ്രാർഥന നമുക്ക് നന്മയല്ലാതെ വരുത്തുകയില്ല. പ്രാർഥനകൊണ്ട് നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടും. അല്ലെങ്കിൽ ആ പ്രാർഥന നമുക്ക് പരലോകത്തേക്ക് നീട്ടി വെക്കുകയും അത് നമുക്ക് ഗുണകരമാവുകയും ചെയ്യുന്നതാണ്. ആയതിനാൽ വിശ്വാസികൾ കൂടുതൽ കൂടുതൽ പ്രാർഥിക്കുക. അല്ലാഹുവിനോട് ആരാണോ കൂടുതൽ ചോദിക്കുന്നത് അവനോടാണ് അല്ലാഹുവിന് കൂടുതൽ ഇഷ്ടമുണ്ടാവുക. ●

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com

ലേഖനം



# ബറേൽവിസം: അവ്യക്തതകൾ, ദുരൂഹതകൾ

ഭരണകൂടങ്ങളുടെ സകലമാന പിന്തുണകളും ആർജിച്ച് പുഷ്ടിപ്രാപിച്ച ബറേൽവികൾ ഇന്ന് ലോകം മുഴുവനും വ്യാപിച്ചിട്ടുണ്ട്; പ്രത്യേകിച്ചും യൂറോപ്യൻ രാജ്യങ്ങളിൽ. ഇന്ത്യയിൽ ഭിന്നിപ്പിച്ച് ഭരിക്കാൻ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ഖാദിയാനി-ബറേൽവി ഗ്രൂപ്പുകൾക്ക് ബ്രിട്ടൻ ആവശ്യമായ താങ്ങുംതണലും നൽകുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നുമുണ്ട്. ഖാദിയാനി-സ്വൂഫി-ബറേൽവി വിഭാഗങ്ങളോട് വിസാ നിയമത്തിൽ തന്നെ ഏറ്റവും ഉദാരമായ നയമാണ് ഈ രാജ്യങ്ങളുടെ എംബസികൾ പുലർത്തിവരുന്നത്.

എന്നാൽ നേരത്തെ വ്യാപകമായി അറിയപ്പെട്ടിരുന്ന 'ബറേൽവി'കളെന്ന പേരിൽ അറിയപ്പെടുന്നതിൽ എന്തോ വൈമനസ്യം ഇക്കൂട്ടർക്ക് ഉള്ളതായും മനസ്സിലാകുന്നു. ഈയിടെയായി 'ബറേൽവി' എന്ന പേരുതന്നെ ഇവർ വ്യാപകമായി പ്ര

യോഗിക്കാറില്ല. ബറേൽവിസത്തെ തുറന്ന മനസ്സോടെ സ്വീകരിക്കാനുള്ള കേരള മുസ്‌ലിം സമൂഹത്തിന്റെ വൈമനസ്യത്തെപ്പറ്റി ഈ വിഷയത്തിൽ പ്രഥമഗ്രന്ഥം തയ്യാറാക്കിയ ഷാഹുൽ ഹമീദ് ബാഖവി ശാന്തപുരത്തിന്റെ പരിഭവവും പരാതിയും നേരത്തെ വായനക്കാർ ശ്രദ്ധിച്ചിട്ടുണ്ടല്ലോ. ബ്രിട്ടണിൽ ജംഇയ്യതു അഹ്‌ലുസ്സുന്ന, ജംഇയ്യതു തബ്‌ലീഗുൽ ഇസ്‌ലാം എന്നീ പേരുകളിലാണ് നിലവിൽ ഈ വിഭാഗം അറിയപ്പെടുന്നത്. കേരളത്തിൽനിന്നും കാന്തപുരം അബൂബക്കർ മുസ്‌ലിയാരുടെ നേതൃത്വത്തിലുള്ള ഒരു വിഭാഗം 'വിദഗ്ധന്മാർ' വടക്കേ ഇന്ത്യയിലെ ബറേൽവി നേതാക്കളുമായി ബന്ധം സുദൃഢമാക്കിയതോടേ സംഘടയുടെ ചട്ടക്കൂട് ആകെയും പരിഷ്‌ക്കരിക്കപ്പെട്ടിട്ടുണ്ട്. 'മർകസ് അഹ്‌ലുസ്സുന്ന ബറകാത്ത് റദാ' എന്നാണ് ബറേൽവികളുടെ പരിഷ്‌ക്കരിച്ച നാമധേയം.

കേരളത്തിലെ സുന്നികൾ എന്ന് അവകാശപ്പെടുന്നവരിൽ തീവ്രസുസുന്നി വിഭാഗമായ കാന്തപുരം ഗ്രൂപ്പാണ് ബറേൽവികളുമായി കൂടുതൽ ശക്തമായ ബന്ധം സ്ഥാപിച്ചിട്ടുള്ളത്. വടക്കേ ഇന്ത്യയിലെ ബറേൽവി/ശിയാ വിഭാഗങ്ങൾക്കിടയിൽ മാത്രം വ്യാപകമായി കണ്ടുവന്നിരുന്ന പല നവീന ആചാരങ്ങളും ഈ ബന്ധത്തിലൂടെ കേരളത്തിലേക്ക് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു ഈ വിഭാഗം. ബറേൽവികളുടെ സഹകരണത്തോടെ ഇന്ത്യയുടെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും കാന്തപുരം വിഭാഗം കലാലയങ്ങൾ തുറന്നുപ്രവർത്തിക്കുകയും ചെയ്തുവരുന്നു.

ഗുജറാത്തിലെ അഹ്മദാബാദിൽ ബറേൽവികൾ നടത്തിയ വമ്പൻ സമ്മേളനത്തിന്റെ രഹസ്യവും അജണ്ടകളും ഇന്നും ദുരൂഹമായി തുടരുന്നു. മോദി സർക്കാരിന്റെയും സംഘപരിവാറിന്റെയും പ്രത്യേക താൽപര്യ സംരക്ഷണത്തിനായി ദില്ലിയിൽ അടുത്തിടെ തട്ടിക്കൂട്ടിയ 'സൂഫി സമ്മേളന'ത്തിൽ കേരളത്തിൽനിന്നും ക്ഷണിക്കപ്പെട്ടത് കാന്തപുരവും മുട്ടിപ്പടി സ്വലാത്ത് നഗറിലെ ഇബ്രാഹീം ഖലീൽ ബുഖാരിയുമായിരുന്നു. സ്വൂഫി-ത്വരീഖത്ത്-ആത്മീയ സരണികളെ അനുസരിക്കുകയും അംഗീകരിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പാണക്കാട്ടെ പ്രമുഖരും കാക്കത്തൊള്ളായിരം ഗ്രൂപ്പുകളും കേരളത്തിൽ നിലവിലുള്ളപ്പോൾ കാന്തപുരത്തെയും ഖലീൽ ബുഖാരിയെയും 'മാത്രം' സവിശേഷമായി ക്ഷണിച്ചുകൊണ്ട് ഇങ്ങനെ ഒരു 'ആത്മീയ സമ്മേളനം' സംഘപരിവാറിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടതിന്റെ ഗുട്ടൻസ് മനസ്സിലാകുന്നിടത്താണ് 'ബറേൽവി'കളുടെ തനിസ്വരൂപം തിരിയുന്നത്. കാന്തപുരം വിഭാഗം പ്രസിദ്ധപ്പെടുത്തുന്ന 'സിറാജ്' ദിനപ്പത്രം ഈ സമ്മേളനത്തെ ന്യായീകരിക്കുന്ന നിലയിൽ വാർത്തയും കവറേജും നൽകിയിരുന്നു.

### ബറേൽവികളുടെ രാജ്യസ്നേഹം

ഏറനാട്ടിലെ പ്രമുഖ പണ്ഡിതനും ഖിലാഫത്ത് നേതാവുമായിരുന്ന തയ്യിൽ മുഹമ്മദ്കുട്ടി മുസ്‌ലിയാർ (കെ.എം.മൗലവി) ബ്രിട്ടീഷുകാർക്കെതിരിൽ പടനയിച്ചതിന്, ജീവനോടെയോ അല്ലാതെയോ അദ്ദേഹത്തെ പിടിച്ച് കൊടുക്കുന്നവർക്ക് ഇനാം പ്രഖ്യാപിച്ചിരുന്ന വിവരം പ്രസിദ്ധമാണ്. ഈ സന്ദർഭത്തിലാണ് കെ.എം.മൗലവി കൊടുങ്ങല്ലൂരിലേക്ക് പലായനം ചെയ്യുന്നത്. ബ്രിട്ടീഷ് അനുഭാവികളും കെ.എം.മൗലവിയുടെ ആശയ വിരോധികളുമായ പുരോഹിതന്മാർ ഈ സംഭവത്തെ വാലും തലയും മുറിച്ച് ഇന്നും അപഹസിക്കാൻ ഉപയോഗിച്ചുവരുന്നു.



**മോദി സർക്കാരിന്റെയും സംഘപരിവാറിന്റെയും പ്രത്യേക താൽപര്യ സംരക്ഷണത്തിനായി ദില്ലിയിൽ അടുത്തിടെ തട്ടിക്കൂട്ടിയ 'സൂഫി സമ്മേളന'ത്തിൽ കേരളത്തിൽനിന്നും ക്ഷണിക്കപ്പെട്ടത് കാന്തപുരവും മുട്ടിപ്പടി സ്വലാത്ത് നഗറിലെ ഇബ്രാഹീം ഖലീൽ ബുഖാരിയുമായിരുന്നു. സ്വൂഫി-ത്വരീഖത്ത്-ആത്മീയ സരണികളെ അനുസരിക്കുകയും അംഗീകരിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പാണക്കാട്ടെ പ്രമുഖരും കാക്കത്തൊള്ളായിരം ഗ്രൂപ്പുകളും കേരളത്തിൽ നിലവിലുള്ളപ്പോൾ കാന്തപുരത്തെയും ഖലീൽ ബുഖാരിയെയും 'മാത്രം' സവിശേഷമായി ക്ഷണിച്ചുകൊണ്ട് ഇങ്ങനെ ഒരു 'ആത്മീയ സമ്മേളനം' സംഘപരിവാറിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടതിന്റെ ഗുട്ടൻസ് മനസ്സിലാകുന്നിടത്താണ് 'ബറേൽവി'കളുടെ തനിസ്വരൂപം തിരിയുന്നത്.**

ബ്രിട്ടീഷുകാർക്ക് സകല പിന്തുണയും പതിച്ചുനൽകി 'ഖാൻ ബഹാദൂർ' പട്ടവും 'ഖാദിയാർ' പദവിയും കൊട്ടാര സമാനമായ വീടും ജീവിത സൗകര്യങ്ങളും സ്വന്തം വീട്ടിലേക്ക് രാജവീഥിയുമെല്ലാം -അവസരത്തിനൊത്ത് തുള്ളിയതിന്റെ പേരിൽ- നിർലജ്ജം തരപ്പെടുത്തിയെടുത്തവരാണ് പുരോഹിതന്മാരിൽ പലരും. ചരിത്രം പഠിക്കുന്നവർക്ക് ഈ വസ്തുതകളെ നിഷേധിക്കാൻസാധിക്കില്ല.

ബറേൽവിയിലൂടെ ശാലിയാത്തി മാർഗത്തിൽ ബ്രിട്ടണിനോടുള്ള പ്രണയവും പ്രേമവും ഇവരിൽ വളർന്നുവന്നു. ബ്രിട്ടണിനെതിരായി രാജ്യമെമ്പാടും വികാരം കൊടുമ്പിരികൊള്ളുന്ന സാഹചര്യത്തിലും അവർക്കനുകൂലമായി കേരളത്തിലെ പുരോഹിതന്മാർ ഫത്വ വനൽകി 'കിഴി' വാങ്ങി. പ്രായപൂർത്തിയും വിവേകവുമുള്ള എല്ലാ സ്ത്രീ-പുരുഷന്മാരും കോൺഗ്രസ്സിൽ മെമ്പർമാരാകണമെന്നും നെഹ്റു-ഗാന്ധി-ആസാദ്-അലി സഹോദരന്മാർ നേതൃത്വം കൊടുക്കുന്ന സ്വാതന്ത്ര്യ സമരത്തിൽ സജീവമാകണമെന്നും വിവേകമതികളായ കേരള മുസ്‌ലിം നേതാക്കൾ ആവശ്യപ്പെട്ടു. എന്നാൽ 'ഭരണകർത്താക്കളെ എതിർക്കലും അവരുടെ കൽപന അനാദരവ് ചെയ്യലും മതവിരോധമുള്ള കാര്യമായതിനാൽ കോൺഗ്രസ്സ് കക്ഷിക്കാരുമായി യോജിക്കലും അവരോട് സഹകരിക്കലും ഒരിക്കലും യഥാർഥ മുസ്‌ലിംകൾക്ക് ചെയ്യാൻ പാടില്ലാത്തതാണ്' എന്ന് സമസ്ത-ബറേൽവി പുരോഹിതന്മാർ പ്രമേയം പാസ്സാക്കി ബ്രിട്ടീഷ് മേധാവികളെ സുഖിപ്പിച്ചു.

ഇവിടെയും അവസാനിച്ചില്ല ഈ പുരോഹിതന്മാരുടെ ബ്രിട്ടനോടുള്ള വിധേയത്വം. "സമസ്തകേരള ജംഇയ്യത്തുൽ ഉലമാ സംഘത്തിലെ അംഗങ്ങളായ മുസ്‌ല്യാന്മാർ എല്ലാവരും കോൺഗ്രസ്സുകാർ അല്ലാത്തവരും ഗവർമ്മെന്റ് കക്ഷിയും ആയിരിക്കണമെന്നും അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസ നടപടികളെയും അതിനുള്ള ഉപകരണങ്ങളെയും പൊതുസമാധാന പാലനത്തെയും പുനർജ്ജീവിപ്പിക്കൽ മേപ്പടി സംഘത്തിന്റെ മൂലസിദ്ധാന്തങ്ങളിൽ പെട്ടതാണെന്നുള്ള മുൻനിശ്ചയത്തെ ഈ യോഗം പുനരാവർത്തിച്ചു ശക്തിപ്പെടുത്തുകയും ചെയ്യുന്നു..." എന്നും പ്രമേയത്തിൽ പറഞ്ഞു.

പുരോഹിതന്മാരുടെ ബ്രിട്ടനോടുള്ള സ്നേഹം ഖാൻ ബഹാദൂർ പദവിയോടുള്ള വിധേയത്വവും അവിടെയും അവസാനിച്ചില്ല. അവർ വീണ്ടും തുടരുന്നു: "നമ്മുടെ വൈസ്രോയി ഇർവിൻ പ്രഭു അവർകളും പത്നിയും സർക്കീട്ടിൽനിന്ന് മടങ്ങി ദൽഹി പട്ടണത്തിലേക്ക് പ്രവേശിക്കുന്ന അവസരത്തിൽ ഏതോ ദുഷ്ടന്മാർ ബോംബ് പ്രയോഗിച്ചതിൽ ഈ യോഗം വ്യസനിക്കുകയും ഭാഗ്യവശാൽ യാതൊന്നും ഭലിക്കാതെ പോയതിൽ അളവറ്റ സന്തോഷത്തെ വെളിവാക്കുകയും ചെയ്യുന്നു..."

ഇതായിരുന്നു വഹാബി വിരോധം പറഞ്ഞുനടന്ന സമസ്ത- ബറേൽവി പുരോഹിതന്മാരുടെ രാജ്യസ്നേഹത്തിന്റെ അവസ്ഥ! ഈ രണ്ടു പ്രമേയങ്ങളും സമസ്തയുടെ ആറാം വാർഷിക സമ്മേളനത്തിൽ അവതരിപ്പിച്ച് പുരോഹിതന്മാരുടെ പിന്തുണയാർജിച്ചെടുക്കാൻ മുന്നിൽ നിന്നിരുന്നത് ബ്രിട്ടീഷുകാരിൽനിന്നും പട്ടും വളയും ഖാൻബഹാദൂർ പദവിയും സ്വന്തമാക്കിയ ഏറനാട് താലൂക്ക് ബോർഡ് മെമ്പർ കെ.മമ്മൂട്ടി സാഹിബ്, കല്ലടി മൊയ്തുട്ടി സാഹിബ് എന്നിവരായിരുന്നു. സമസ്തയിലെ പ്രമുഖ നേതാക്കളായ പി.കെ.മുഹമ്മദ് മീരാൻ മൗലവി, എ.പി.അഹ്മദ് കുട്ടി മൗലവി എന്നിവർ കുപ്രസിദ്ധമായ ഈ ബ്രിട്ടീഷ് അനുകൂല പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ഈ വിവരങ്ങൾ സമസ്തയുടെ നേതൃത്വത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന 'അൽബയാൻ' അറബി മലയാളം മാസികയിലും ഇവർതന്നെ പ്രസിദ്ധപ്പെടുത്തിയ സമസ്ത സമ്മേള റിപ്പോർട്ടിലും കണ്ടെത്താനാകും. ബ്രിട്ടീഷുകാരോട് അങ്ങേയറ്റം വിധേയത്വം കാണിച്ചിരുന്ന ബറേൽവിയുമായി ശാലിയാത്തി ബന്ധപ്പെടുന്നതോടേയാണ് കേരളത്തിലെ പുരോഹിതന്മാരിൽ ഇത്തരം രൂപമാറ്റം സംഭവിച്ചതെന്ന് നാം മനസ്സിലാക്കുക. ഇന്നും 'മതരംഗത്ത്' കാലോചിതമായ ഇത്തരം പല രൂപമാറ്റങ്ങൾക്കും നമ്മുടെ നാട് സാക്ഷ്യം വഹിക്കുന്നു. ഫാഷിസ്റ്റ് സ്വഭാവത്തോടെ സംഘപരിവാർ നടത്തുന്ന ക്രൂരമായ നരഹത്യകളും മതന്യൂനപക്ഷ പീഡനങ്ങളും കണ്ടില്ലെന്ന് നടിക്കുകയും ഇവിടെ മുസ്‌ലിം സമൂഹത്തിന് പീഡനമില്ലെന്ന് പരസ്യമായി വിളിച്ചു പറയുകയും ചെയ്യുന്ന ബറേൽവി ശിഷ്യന്മാരുടെ മനഃസ്ഥിതി റിളാഖാൻ ബറേൽവിയുടെയും ശാലിയാത്തിയുടെയും തായ്‌വഴിയാണെന്ന് നാം ഗ്രഹിക്കുക.

ബ്രിട്ടീഷ് ഇന്ത്യയിൽ വ്യാജപ്രവാചകനായി എഴുന്നള്ളിയ മിർസാഗുലാം ഖാദിയാനിയുടെ ജ്യേഷ്ഠ സഹോദരൻ ഗുലാംഖാദർബേക്, ബറേൽവി സാഹിബിന്റെ ഗുരുനാഥനായിരുന്നുവെന്നത് എല്ലാവർക്കും അ

റിയുന്ന യാഥാർഥ്യമാണ്. എന്നാൽ ഖാദിയാനികളുമായുള്ള ബന്ധം, അറബ് രാഷ്ട്രങ്ങളുമായുള്ള സൗഹൃദത്തിൽ അപകടകരമായ വിള്ളൽ സമ്മാനിക്കാനിടയുണ്ടെന്ന് ബറേൽവികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇക്കാരണത്താൽ അടുത്തകാലത്തായി പ്രസിദ്ധീകരിക്കപ്പെട്ട ബറേൽവിയെപ്പറ്റിയുള്ള രചനകളിൽനിന്നും വിവാദ നായകനായ ഗുലാംഖാദർബേകിന്റെ പേര് അതിവിദഗ്ധമായി ഒഴിവാക്കുന്നുണ്ട്.

**ഇ.കെ വിഭാഗം സുന്നികൾക്കും പ്രിയപ്പെട്ട ബറേൽവി**

വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ബറേൽവികളുമായുള്ള ബന്ധത്തിലൂടെ ഏറ്റവുമധികം നേട്ടം കൈവരിക്കുന്നവർ നിലവിൽ കേരള സുന്നികളിൽ കാന്തപുരം വിഭാഗമാണ്. എന്നാൽ പൊതുവെ മിതവാദി വിഭാഗമായി കരുതപ്പെടുന്ന ചേളാരി വിഭാഗം സുന്നികൾക്കും ഈ ബറേൽവി നേതാവ് കാണപ്പെട്ട ദൈവം തന്നെയാണ്. ബറേൽവി സാഹിബിന്റെ ശിഷ്യത്വം സ്വീകരിച്ച വ്യക്തിയായിരുന്നു കേരളത്തിലെ ശാലിയാത്തിയെന്ന് ഇവർ സമ്മതിക്കുന്നുണ്ട്. ബറേൽവിയെപ്പറ്റി ഇ.കെ.വിഭാഗം സുന്നികളിലെ പ്രമുഖന്മാർ രേഖപ്പെത്തുന്നു: "തബ്‌ലീഗ് ജമാഅത്തുകാരുടെ ഗ്രന്ഥങ്ങളിൽ നിറഞ്ഞുനിൽക്കുന്ന വികലാശയങ്ങൾക്കെതിരെ ശക്തമായി രംഗത്തുവന്ന പണ്ഡിതനാണ് ഇമാമെ അഹ്‌ലുസ്സുന്നത്ത് മുജദ്ദിദെ മില്ലത്ത് അഹ്മദ് രിദാ മുഹദ്ദിസ് ബറേൽവി. അഅ്‌ലാ ഹദ്‌റത്ത് എന്ന പേരിൽ അറിയപ്പെടുന്നു. കേരളത്തിലെ വിശ്രുത പണ്ഡിതനായിരുന്ന അഹ്മദ് കോയാ ശാലിയാത്തി അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളിൽ പെടുന്നു.

റസൂൽﷺ തങ്ങളെ അളവറ്റ് സ്‌നേഹിച്ച അഅ്‌ലാ ഹദ്‌റത്തിനെ തബ്‌ലീഗീ ഗ്രന്ഥങ്ങളിൽ നിറഞ്ഞുനിന്ന വാദമുഖങ്ങൾ വല്ലാതെ വേദനിപ്പിച്ചു. അവർക്കെതിരെ ശക്തമായി രംഗത്തുവരികയും ഗ്രന്ഥരചനകൾ നടത്തുകയും ചെയ്തു. ദയൂബന്ധി പണ്ഡിതരുടെ അഭിപ്രായങ്ങൾ സമാഹരിച്ച് അറേബ്യൻ പണ്ഡിതർക്ക് അയച്ചു കൊടുക്കുകയും അവരിൽനിന്നും ലഭിച്ച അംഗീകാര പത്രങ്ങൾ 'ഹുസ്സാമുൽഹറമൈൻ'എന്നപേരിൽ ഗ്രന്ഥമായി പുറത്തിറക്കുകയും ചെയ്തു..."

ചുരുക്കത്തിൽ, കേരളത്തിലെ സുന്നത്ത് ജമാഅത്തിന്റെ പ്രമുഖ വക്താക്കളായി അവകാശപ്പെടുന്ന ഇരുവിഭാഗത്തിനും ബറേൽവിയും അയാളുടെ വികലമായ ആശയങ്ങളും എന്നും 18 കാരറ്റ് തന്നെ! ശൈഖ് ഇബ്‌നു അബ്ദുൽ വഹാബിനെപ്പറ്റി എറ്റവും മോശമായ, കല്ലുവെച്ചനുണകൾ പ്രചരിപ്പിക്കുന്ന വിഷയത്തിലും ഇവർ ദഹ്‌ലാനെയും ബറേൽവിയെയുമാണ് ശൈഖായി അംഗീകരിച്ചിട്ടുള്ളത്. മുകളിൽ വിശദീകരിച്ച അവരുടെ പുസ്തകത്തിൽ ഇതിന് ധാരാളം തെളിവുകൾ കണ്ടെത്താനാകും.

**യഥാർഥ രാജ്യസ്‌നേഹികൾ ആരായിരുന്നു?**


ബ്രിട്ടീഷ് ഗവർമെന്റ് കനിഞ്ഞരുളുന്ന ബഹുമതികളും ആദരപത്രങ്ങളും സ്ഥാനമാനങ്ങളും സ്വീകരിക്കേണ്ടതില്ലെന്നായിരുന്നു ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ പ്രബലമായ തീരുമാനം. തുർക്കി ഖിലാഫത്തിന്റെ നിർമാർജനത്തിന് ബ്രിട്ടീഷുകാർ വഹിച്ച ദൗത്യം പ്രകടമായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ തീരുമാനം പ്രഖ്യാപിക്കപ്പെട്ടത്. ലക്‌നോ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമ, ലക്‌നോ ഫറങ്കി മഹല്ലിലെ പണ്ഡിതന്മാർ, ദാറുൽഉലൂം ദയൂബന്ദ് തുടങ്ങിയ പ്രമുഖ പണ്ഡിതകേന്ദ്രങ്ങളുടെ സംയുക്ത കൂട്ടായ്മയായിട്ടാണ് ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് രൂപീകരിക്കപ്പെട്ടത്. മൗലാനാ അബ്ദുൽബാരി, ശൈഖുൽഹിന്ദ് എന്നപേരിൽ അറിയപ്പെട്ടിരുന്ന മൗലാനാ മഹ്മൂദുൽ ഹസൻ, സയ്യിദ് സുലൈമാൻ നദ്‌വി, ഹകീം അജ്മൽ ഖാൻ, ഹാജി ഇസ്ഹാഖ് മലബാരി തുടങ്ങിയ പ്രമുഖർ ഈ സംഘടനയെ നയിച്ചു. രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരപ്രക്ഷോഭത്തിൽ മുസ്‌ലിം സമൂഹം ഒന്നടങ്കം കോൺഗ്രസ്സ് പാർട്ടിക്കൊപ്പം നിൽക്കണമെന്നതായിരുന്നു ജംഇയ്യത്തിന്റെ തീരുമാനം.

എന്നാൽ ആദ്യകാലത്ത് ജംഇയ്യത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു ബറേൽവി സാഹിബ്. പണ്ഡിതന്മാരെ നിഷ്‌ക്രിയരാക്കാനും ക്രമേണ ഈ കൂട്ടായ്മയിൽനിന്നും പിന്നാക്കം വലിക്കാനും ബ്രിട്ടീഷുകാർക്ക് സാധിച്ചു. അതിന് അനുകൂലമായി ബറേൽവി വിഭാഗം നിരത്തിയിരുന്ന കാരണങ്ങളും ബ്രിട്ടന്റെ മസ്തിഷ്‌ക്കത്തിൽ ഉദിച്ചവയായിരുന്നു. 'ഖാൻബഹാദൂർ' പദവിയും ബ്രിട്ടൻ നൽകുന്ന 'ഖാദി'പദവിയുമൊന്നും ആദ്യകാലത്ത് സ്വീകരിക്കാതിരുന്ന പണ്ഡിത പുരോഹിതന്മാർ പിന്നീട് അത് നേടിയെടുക്കാൻ സഹായകമാകുന്ന നിലയിലുള്ള ഫത്‌വകളും നിലപാടുകളും കൊണ്ട് ബ്രിട്ടന്റെ മനതാരിൽ 'കുളിരു'പകരുന്നതിന് രാജ്യം സാക്ഷ്യംവഹിച്ചു. ഗുലാം ഖാദിയാനിയെ ഇറക്കി പരാജപ്പെട്ട റോളുകളിൽ ബറേൽവിയും അയാളുടെ അനുയായികളും ജയിച്ചുകയറുന്നതാണ് പിന്നീട് കണ്ടത്. ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

ഈസാ നബി عليه السلام: 4



# ദൈവിക ദൃഷ്ടാന്തങ്ങൾ

**പു**രുഷാരം മുഴുവനും ഒരു വനിതയെ അപമാനിച്ചും കളിയാക്കിയും ചീത്തവിളിച്ചും ഒറ്റപ്പെടുത്തി സംസാരിക്കുമ്പോൾ കൈക്കുഞ്ഞായ മകൻ അത്രയും ജനങ്ങളെ സാക്ഷിയാക്കി, അവരെ അമ്പരപ്പിക്കുന്ന വിധത്തിൽ പത്തോളം കാര്യങ്ങൾ അവിടെ വെച്ച് സംസാരിച്ചു. ഈസാ നബി عليه السلامയുടെ ജന സമക്ഷത്തിലുള്ള ആദ്യത്തെ സംസാരമായിരുന്നു അത്.

ഈസാ നബി عليه السلامയെ കുറിച്ച് പിൽക്കാലക്കാർ ആരോപിച്ച ഏറ്റവും വലിയ കളവിനുള്ള ഖണ്ഡനമായിരുന്നു അതിൽ ആദ്യത്തേത്. ഞാൻ അല്ലാഹുവിന്റെ അടിമയാകുന്നു എന്നതാണ് അത്. ക്രൈസ്തവർ ഈസാ നബി عليه السلامയെ അമിതമായി പ്രശംസിച്ച് അല്ലാഹുവിന്റെ പുത്രനായി ചിത്രീകരിച്ചു. അതുവഴി അവർ നേർമാർഗത്തിൽ നിന്നും മാറിപ്പോയി.

അല്ലാഹു എനിക്ക് വേദഗ്രന്ഥം തരികയും അവൻ എന്നെ നബിയാക്കുകയും ചെയ്തിരിക്കുന്നു എന്നതാണ് പിന്നീട് പറഞ്ഞ കാര്യങ്ങൾ. മർയമിനെക്കുറിച്ച് അപവാദം പ്രചരിപ്പിച്ചവർക്കുള്ള മറുപടിയും ഇതിലുണ്ട്. സമൂഹത്തിൽ മോശമായി കാണുന്ന വ്യഭിചാരം, മദ്യപാനം, മോഷണം തുടങ്ങിയ

നീചസ്വഭാവക്കാരായ മാതാപിതാക്കളിലൂടെയല്ല അല്ലാഹു നബിമാരെ കൊണ്ടുവരൽ. അപ്പോൾ മർയം(അ) ആ ദുഷ്ടന്മാർ പറഞ്ഞതിൽ നിന്നും സംരക്ഷിക്കപ്പെടുകയാണ് ചെയ്യുന്നത്. അവരെ സത്യസന്ധയും അല്ലാഹുവിനെ ആരാധിക്കുന്ന നല്ല ഒരു മാതൃകാ വനിതയായിട്ടുമാണ് ക്വുർആൻ പരിചയപ്പെടുത്തുന്നത്.

ഈസാ(അ) കൈക്കുഞ്ഞായിരിക്കെയാണ് 'അല്ലാഹു എനിക്ക് കിതാബ് തന്നിരിക്കുന്നു, അവൻ എന്നെ നബിയാക്കിയിരിക്കുന്നു' എന്നെല്ലാം പറയുന്നത്. ഇത് പറയുന്ന സമയത്ത് തന്നെ അദ്ദേഹത്തിന് അല്ലാഹു കിതാബ് കൊടുത്തിരുന്നോ? അന്ന് തന്നെ അല്ലാഹു അദ്ദേഹത്തെ നബിയാക്കിയിരുന്നോ? ഭാവിയിൽ നടക്കാൻ പോകുന്ന ഒരു കാര്യം നേരത്തെ തീർച്ചപ്പെടുത്തി പറയുക എന്നത് ക്വുർആനിന്റെയും സുന്നത്തിന്റെയും ഒരു ശൈലിയാണ്. പാരായണം ചെയ്യുന്നവർക്ക് വരാനിരിക്കുന്ന കാര്യത്തെ പറ്റി പ്രതീക്ഷ നൽകുന്നതിനും മറ്റുമാണ് ക്വുർആൻ ഈ ശൈലി സ്വീകരിച്ചിട്ടുള്ളത്.

'ഞാൻ എവിടെയായിരുന്നാലും അവൻ എന്നെ അനുഗ്രഹിക്കപ്പെട്ടവനാക്കിയിരിക്കുന്നു' എന്നുപറഞ്ഞതിന് പല വ്യാഖ്യാനങ്ങളും പണ്ഡിതന്മാർ നൽകിയിട്ടുണ്ട്. ഓരോ വ്യാഖ്യാനവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നവയാണ്. ഞാൻ എവിടെയായിരുന്നാലും ജനങ്ങൾക്ക് ഞാൻ നന്മ പഠിപ്പിക്കുന്നവനായിരിക്കും, ഞാൻ എവിടെയായിരുന്നാലും ജനങ്ങളോട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവനായിരിക്കും എന്നിങ്ങനെയാണ് ആ വ്യാഖ്യാനങ്ങൾ. ഇത് രണ്ടും ചേർത്ത് വെച്ച് പണ്ഡിതന്മാർ വിവരിക്കുന്നു: 'നന്മ പഠിപ്പിക്കൽ ഒരു അനുഗ്രഹമാണ്. അല്ലാഹു അവന്റെ കിതാബിനെ പറ്റിയും അനുഗ്രഹീതമായത് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. കാരണം അതിൽ നിന്നാണ് ജനങ്ങൾ അറിവും സന്മാർഗവും പഠിച്ചെടുക്കുന്നത്. ജനങ്ങളെ നന്മ പഠിപ്പിക്കുന്നവൻ സന്മാർഗത്തെയാണ് പ്രചരിപ്പിക്കുന്നത്. അതുമുഖേന ജനങ്ങൾക്ക് ഇഹലോകത്തും പരലോകത്തും ഉപകാരം ലഭിക്കുകയും ചെയ്യുന്നു.

'ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു' എന്നാണ് പിന്നീട് ഈസാ(അ) പറയുന്നത്. നമസ്കാരം, സകാത്ത് എന്നീ ആരാധനാകർമങ്ങൾ ഒരു പ്രത്യേക സമയത്ത് മാത്രം അനുഷ്ഠിക്കുകയും പിന്നീട് ഒഴിവാക്കുകയും ചെയ്യേണ്ടതല്ല. പ്രായപൂർത്തിയെത്തിയ, സ്വബോധമുള്ള ഒരാൾ ജീവിതകാലം മുഴുവനും തുടർത്തിപ്പോരേണ്ടുന്ന കർമമാകുന്നു നമസ്കാരം. സകാത്താകട്ടെ മതം അനുശാസിക്കുന്ന പരിധിയിലുള്ള സാമ്പത്തിക ശേഷിയുള്ള കാലമത്രയും നൽകേണ്ടതാണ്. നമസ്കാരം, സകാത്ത് തുടങ്ങിയ ആരാധനാ കർമങ്ങൾ ഈ സമുദായത്തിന് മാത്രം നിർബന്ധമാക്കപ്പെട്ടവയല്ല, പൂർവസമുദായങ്ങൾക്കും അവ നിർബന്ധമായിരുന്നു.

മാതാവിനോട് നല്ല നിലയിൽ പെരുമാറുന്ന വിഷയമാണ് പിന്നെ പറയുന്നത്. ഇവിടെ മാതാവ് എന്ന് മാത്രമാണ് പരാമർശിച്ചിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. പിതാവില്ലാതെയാണ് അദ്ദേഹം ജനിച്ചത് എന്നത് ഈ സംസാരത്തിലും പ്രകടമാണ്. മക്കളുടെ ബാധ്യതയാണ് മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ. അതിൽ യാതൊരു വീഴ്ചയും ഉണ്ടായിക്കൂടാ. അവർക്ക് വേണ്ടി ആത്മാർഥമായി പ്രാർഥിക്കുവാനും നന്മ ചെയ്യാനും നമുക്ക് സാധിക്കണം. പ്രവാചകന്മാരോട് പോലും ഈ കാര്യം കൊണ്ട് അല്ലാഹു കൽപിച്ചിരിക്കുകയാണ്.

'അല്ലാഹു എന്നെ അഹങ്കാരിയും ദൗർഭാഗ്യവാനുമാക്കിയിട്ടില്ല' എന്നതാണ് അടുത്ത സംസാരം. അഹങ്കാരം എന്ന ദുർഗുണത്തിൽനിന്ന് ഈസാ നബി(അ)യെ അല്ലാഹു സംരക്ഷിച്ചിരിക്കുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിലോ അവനെ അനുസരിക്കുന്നതിലോ മാതാവിന് പുണ്യം ചെയ്യുന്നതിലോ ഉപേക്ഷവരുത്തൽ ദൗർഭാഗ്യമാണ്. അല്ലാഹു ഇസാനബി(അ)യെ ഒരർഥത്തിലും ദൗർഭാഗ്യവാനാക്കിയിട്ടില്ല.

'ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ഉയർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസവും എനിക്ക് സമാധാനമായിരിക്കും' എന്നാണ് അവസാന

**ഈസാ(അ) കൈക്കുഞ്ഞായിരിക്കെയാണ് 'അല്ലാഹു എനിക്ക് കിതാബ് തന്നിരിക്കുന്നു, അവൻ എന്നെ നബിയാക്കിയിരിക്കുന്നു' എന്നെല്ലാം പറയുന്നത്. ഇത് പറയുന്ന സമയത്ത് തന്നെ അദ്ദേഹത്തിന് അല്ലാഹു കിതാബ് കൊടുത്തിരുന്നോ? അന്ന് തന്നെ അല്ലാഹു അദ്ദേഹത്തെ നബിയാക്കിയിരുന്നോ? ഭാവിയിൽ നടക്കാൻ പോകുന്ന ഒരു കാര്യം നേരത്തെ തീർച്ചപ്പെടുത്തി പറയുക എന്നത് ക്വുർആനിന്റെയും സുന്നത്തിന്റെയും ഒരു ശൈലിയാണ്. പാരായണം ചെയ്യുന്നവർക്ക് വരാനിരിക്കുന്ന കാര്യത്തെ പറ്റി പ്രതീക്ഷ നൽകുന്നതിനും മറ്റുമാണ് ക്വുർആൻ ഈ ശൈലി സ്വീകരിച്ചിട്ടുള്ളത്.**

മായി പറയുന്നത്. ഈ മൂന്ന് സമയങ്ങളുടെ പ്രത്യകത യഹ് യാ നബി ﷺയുടെ ചരിത്രം പറഞ്ഞിടത്ത് നാം വിവരിച്ചിട്ടുണ്ട്.

ഈസാ ﷺ കൈക്കുഞ്ഞായിരിക്കെ സംസാരിച്ച വിഷയങ്ങൾ പറഞ്ഞതിന് ശേഷം ക്വുർആൻ ഇപ്രകാരം പറയുന്നു:

"അതത്രെ മർയമിന്റെ മകനായ ഈസാ. അവർ ഏതൊരു വിഷയത്തിൽ തർക്കിച്ച് കൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള യഥാർഥമായ വാക്കത്രെ ഇത്. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന്നുണ്ടാകാവുന്നതല്ല. അവൻ എത്ര പരിശുദ്ധൻ! അവൻ ഒരു കാര്യം തീരുമാനിച്ച് കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു. (ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരെയുള്ള മാർഗം" (19:34-36).

രണ്ട് കക്ഷികളാണ് ഈസാ നബി ﷺയെ സംബന്ധിച്ച് അന്യായമായ തർക്കം നടത്തുന്നത്. ക്രൈസ്തവരും ജൂതന്മാരുമാണ് ആ കക്ഷികൾ. ക്രൈസ്തവർ ഈസാ നബി ﷺയെ ദൈവ പുത്രനായും ജൂതന്മാർ ഈസാ ﷺയെ വ്യഭിചാരപുത്രനായും ആണ് വിശേഷിപ്പിക്കുന്നത്. ഈ രണ്ട് വാദങ്ങളെയും അല്ലാഹു ഈ സൂക്തങ്ങളിലൂടെ ഖണ്ഡിക്കുകയും ആരാണ് ഈസാ എന്ന് വെളിപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

സ്രഷ്ടാവായ അല്ലാഹുവിന് ഒരു സന്താനമുണ്ടാകുക എന്നത് ഒരിക്കലും അനുയോജ്യമല്ലാത്ത കാര്യമാണ്. ഏതൊരു സൃഷ്ടിക്ക് കുഞ്ഞുണ്ടാകുന്നുവോ, ആ കുഞ്ഞിന്റെ മാതാപിതാക്കളുടെ പ്രകൃതം ആ കുഞ്ഞിനും ഉണ്ടാകും. ഈസാ നബി ﷺ അല്ലാഹുവിന്റെ പുത്രനാണെങ്കിൽ അല്ലാഹുവിന്റെ എന്ത് ഗുണമാണ് ഈസാ നബി ﷺയിൽ ഉള്ളത്? ഒന്നുമില്ല! വിശപ്പും ദാഹവും സന്തോഷവും ദുഃഖവും ക്ഷീണവും ഉറക്കവും ഒക്കെയുള്ള മനുഷ്യനായിരുന്നു ഈസാ നബി ﷺ. ഇതിൽ ഒന്നു പോലും അല്ലാഹുവിന് ഇല്ല. അതെ, ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന്നുണ്ടാകാവുന്നതല്ല. അവൻ എത്ര പരിശുദ്ധൻ!

വ്യഭിചാരപുത്രനാണ് എന്ന ജൂതന്മാരുടെ വാദവും കള്ളത്തരവും വിവരക്കേടുമാകുന്നു. കള്ളത്തരമാണ് എന്നത് ഈസാ നബി ﷺയുടെ ജനനത്തിലെ അത്ഭുതം നമുക്ക് തെളിയിച്ചു തരും. അജ്ഞതയാണ് എന്നത് അവർക്ക് അല്ലാഹുവിന്റെ കഴിവിലുള്ള വിശ്വാസക്കുറവും നമുക്ക് ബോധ്യപ്പെടുത്തിത്തരും. കാരണം, അല്ലാഹു പറയുന്നത് 'അവൻ ഒരു കാര്യം തീരുമാനിച്ച് കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രംചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു' എന്നാണ്.

ഈസാ നബി ﷺയുടെ കാര്യത്തിൽ അതിരുകവിഞ്ഞ ഇരു കക്ഷികളുടെയും പൊള്ളവാദങ്ങളെ അല്ലാഹു കൃത്യമായി ഖണ്ഡിക്കുകയാണ് ചെയ്തത്. ആരാണ് ഈസാ എന്ന് അല്ലാഹു വ്യക്തമാക്കി. ഇനി ഈസാ ﷺ തന്റെ ആദർശം പ്രഖ്യാപിക്കുന്നത് കാണുക:

"തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗം" (ക്വുർആൻ 3:51).

"(ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരെയുള്ള മാർഗം" (19:36).

**ഈസാനബി ﷺയുടെ മുഅ്ജിസത്തുകൾ**

"(ഈസായോട്) അല്ലാഹു പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:). മർയമിന്റെ മകനായ ഈസാ! തൊട്ടിലിൽ വെച്ചും മധ്യവയസ്കനായിരിക്കെയും നീ ജനങ്ങളോട് സംസാരിക്കവെ, പരിശുദ്ധാത്മാവ് മുഖേന നിനക്ക് ഞാൻ പിൻബലം നൽകിയ സന്ദർഭത്തിലും, ഗ്രന്ഥവും ജ്ഞാനവും തൗറാത്തും ഇൻജീലും നിനക്ക് ഞാൻ പഠിപ്പിച്ചുതന്ന സന്ദർഭത്തിലും, എന്റെ അനുമതി പ്രകാരം കളിമണ്ണ് കൊണ്ട് നീ പക്ഷിയുടെ മാതൃകയിൽ രൂപപ്പെടുത്തുകയും എന്നിട്ട് നീ അതിൽ ഊതുമ്പോൾ എന്റെ അനുമതി പ്രകാരം അത് പക്ഷിയായിത്തീരുകയും ചെയ്യുന്ന സന്ദർഭത്തിലും, എന്റെ അനുമതി പ്രകാരം ജൻമനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും നീ സുഖപ്പെടുത്തുന്ന സന്ദർഭത്തിലും, എന്റെ അനുമതി പ്രകാരം നീ മരണപ്പെട്ടവരെ പുറത്ത് കൊണ്ട് വരുന്ന സന്ദർഭത്തിലും, നീ ഇസ്റാഈൽ സന്തതികളുടെ അടുത്ത് വ്യക്തമായ തെളിവുകളുമായി ചെന്നിട്ട് അവരിലെ സത്യനിഷേധികൾ ഇത് പ്രത്യക്ഷമായ മാരണം മാത്രമാകുന്നു എന്ന് പറഞ്ഞ അവസരത്തിൽ നിന്നെ അപകടപ്പെടുത്തുന്നതിൽ നിന്ന് അവരെ ഞാൻ തടഞ്ഞ സന്ദർഭത്തിലും ഞാൻ നി

**സ്രഷ്ടാവായ അല്ലാഹുവിന് ഒരു സന്താനമുണ്ടാകുക എന്നത് ഒരിക്കലും അനുയോജ്യമല്ലാത്ത കാര്യമാണ്. ഏതൊരു സൃഷ്ടിക്ക് കുഞ്ഞുണ്ടാകുന്നുവോ, ആ കുഞ്ഞിന്റെ മാതാപിതാക്കളുടെ പ്രകൃതം ആ കുഞ്ഞിനും ഉണ്ടാകും. ഈസാ നബി(عليه السلام) അല്ലാഹുവിന്റെ പുത്രനാണെങ്കിൽ അല്ലാഹുവിന്റെ എന്ത് ഗുണമാണ് ഈസാ നബി(عليه السلام)യിൽ ഉള്ളത്? ഒന്നുമില്ല! വിശപ്പും ദാഹവും സന്തോഷവും ദുഃഖവും ക്ഷീണവും ഉറക്കവും ഒക്കെയുള്ള മനുഷ്യനായിരുന്നു ഈസാ നബി(عليه السلام). ഇതിൽ ഒന്നു പോലും അല്ലാഹുവിന് ഇല്ല. അതെ, ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന്നുണ്ടാകാവുന്നതല്ല. അവൻ എത്ര പരിശുദ്ധൻ!**

നക്കും നിന്റെ മാതാവിനും ചെയ്തു തന്ന അനുഗ്രഹം ഓർക്കുക; നിങ്ങൾ എന്നിലും എന്റെ ദൂതനിലും വിശ്വസിക്കൂ എന്ന് ഞാൻ ഹവാരികൾക്ക് ബോധനം നൽകിയ സന്ദർഭത്തിലും. അവർ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ മുസ്‌ലിംകളാണെന്നതിന് നീ സാക്ഷ്യം വഹിച്ച് കൊള്ളുക" (ക്വുർആൻ 5:110-111).

"അവന് (ഈസാക്ക്) അല്ലാഹു ഗ്രന്ഥവും ജ്ഞാനവും തൗറാത്തും ഇൻജീലും പഠിപ്പിക്കുകയും ചെയ്യും. ഇസ്‌റാഈൽ സന്തതികളിലേക്ക് (അവനെ) ദൂതനായി നിയോഗിക്കുകയും ചെയ്യും. (അവൻ അവരോട് പറയും:) നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. പക്ഷിയുടെ ആകൃതിയിൽ ഒരു കളിമൺരൂപം നിങ്ങൾക്കു വേണ്ടി ഞാൻ ഉണ്ടാക്കുകയും എന്നിട്ട് ഞാനതിൽ ഊതുമ്പോൾ അല്ലാഹുവിന്റെ അനുവാദപ്രകാരം അതൊരു പക്ഷിയായിത്തീരുകയും ചെയ്യും. അല്ലാഹുവിന്റെ അനുവാദപ്രകാരം, ജന്മനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും ഞാൻ സുഖപ്പെടുത്തുകയും മരിച്ചവരെ ഞാൻ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ തിന്നുന്നതിനെപ്പറ്റിയും നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചുവെക്കുന്നതിനെപ്പറ്റിയും ഞാൻ നിങ്ങൾ ക്ക് പറഞ്ഞറിയിച്ചു തരികയും ചെയ്യും. തീർച്ചയായും അതിൽ നിങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്; നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ. എന്റെ മുമ്പിലുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് നിങ്ങൾക്ക് അനുവദിച്ചുതരുവാൻ വേണ്ടിയുമാകുന്നു (ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്). നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവും നിങ്ങൾക്ക് ഞാൻ കൊണ്ടുവന്നിരിക്കുന്നു. ആകയാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗം" (ക്വുർആൻ 3:48-51).

മുകളിൽ കൊടുത്തിട്ടുള്ള സൂക്തങ്ങളിൽ നിന്ന് ഈസാ നബി(عليه السلام)ക്ക് അല്ലാഹു നൽകിയ ദൃഷ്ടാന്തങ്ങൾ ഏതെല്ലാമായിരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. ഈസാ നബി(عليه السلام) തന്റെ ജനതയോട് പറഞ്ഞ കാര്യങ്ങളാണ് ഈ സൂക്തങ്ങളിലുള്ളത്. അവയിൽ അദ്ദേഹത്തിന് അല്ലാഹു നൽകിയ മുഅ്ജിസത്തുകളെക്കുറിച്ചുള്ള പരാമർശങ്ങളും കാണാം.


തൊട്ടിലിൽ കിടക്കുന്ന (ശൈശവ) പ്രായത്തിൽ സംസാരിച്ചത്, കളിമണ്ണിൽ നിന്ന് പക്ഷിയുടെ രൂപം ഉണ്ടാക്കിയത്, അതിൽ അദ്ദേഹം ഊതിയപ്പോൾ പക്ഷിയായി മാറിയത്, വെള്ളപ്പാണ്ട്, അന്ധത തുടങ്ങിയവ സുഖപ്പെടുത്തിയത്, മരണപ്പെട്ടവരെ ജീവിപ്പിച്ചത്, ജനങ്ങൾ ഭക്ഷിച്ചതും വീട്ടിൽ സൂക്ഷിപ്പു സ്വത്തായി വെച്ചതും അദ്ദേഹം അവർക്ക് പറഞ്ഞു കൊടുത്തത് തുടങ്ങിയ മുഅ്ജിസത്തുകളെ ഈ വചനങ്ങളിൽ പരാമർശിക്കുന്നു.

ഈ അത്ഭുതങ്ങൾ ഒന്നും സംഭവിച്ചത് ഈസാ നബി(عليه السلام)യുടെ കഴിവ് കൊണ്ടായിരുന്നില്ല. ഒരു സൃഷ്ടിക്കും സ്വന്തമായി അപ്രകാരം ചെയ്യാൻ കഴിയില്ല. ഇതെല്ലാം അല്ലാഹു ഈസാ നബി(عليه السلام)യിലൂടെ പ്രകടമാക്കുന്നതാണ്.

മുഅ്ജിസത്ത് എന്നാൽ എന്താണ് എന്നതിനെ പറ്റി മുമ്പ് നാം വിശദീകരിച്ചിട്ടുണ്ട്. അശക്തമാക്കുക, കഴിവ് കെടുത്തുക എന്നൊക്കെയാണ് ആ പദത്തിന്റെ അർഥം. പ്രവാചകന്മാർ അല്ലാഹു നിയോഗിച്ച പ്രവാചകന്മാർ തന്നെയാണ് എന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുന്നതിന് വേണ്ടി അവരിലൂടെ അല്ലാഹു പ്രകടമാക്കുന്ന അത്ഭുതങ്ങൾക്കാണ് മുഅ്ജിസത്ത് എന്ന് പറയുന്നത്. ഇപ്രകാരം പ്രകടമാകുന്ന മുഅ്ജിസത്തുകൾ ഒരാൾക്കും ചെയ്യാൻ കഴിയാത്തതാണ്. മുഅ്ജിസത്തുകളെ വെല്ലാൻ ഒരാൾക്കും സാധിക്കുകയുമില്ല. മുഹമ്മദ് നബി(ﷺ)ക്ക് നൽകപ്പെട്ട ഏറ്റവും വലിയ മുഅ്ജിസത്ത് ക്വുർആൻ ആണല്ലോ. അതിന്റെ വെല്ലുവിളികളെ അതിജയിക്കാൻ ഇന്നു വരെ ഒരാൾക്കും സാധിച്ചിട്ടില്ല. സാധിക്കുകയുമില്ല. ●

നമുക്ക് ചുറ്റും

ഡോ. മുഹമ്മദ് റാഫി.സി
rafichembra@gmail.com



# തിരഞ്ഞെടുപ്പിന് കാഹളം മുഴങ്ങുമ്പോൾ

ഇന്ത്യാ മഹാരാജ്യം ചരിത്രത്തിലെ നിർണായകമായ ഒരു പൊതുതിരഞ്ഞെടുപ്പിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുകയാണ്. തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. സ്ഥാനാർഥി പട്ടികകൾ ഏതാണ്ട് പൂർത്തിയായി; രാഷ്ട്രീയ പാർട്ടികൾ അങ്കത്തട്ടിൽ ഇറങ്ങിക്കഴിഞ്ഞു.

കഴിഞ്ഞ അഞ്ച് വർഷം രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും അനുഭവിച്ചത് അതുല്യമായ അരക്ഷിതാവസ്ഥയും അസഹ്യമായ പ്രയാസങ്ങളുമാണ്. പാലിക്കപ്പെടാത്ത വാഗ്ദാനങ്ങളും സാമൂഹിക ധ്രുവീകരണവും വർഗീയവും വംശീയവുമായ അധിക്ഷേപങ്ങളും വർഗീയ ലഹളകളും വ്യാജ ഏറ്റുമുട്ടലുകളും നീതികരണമില്ലാത്ത നിയമനിർമാണങ്ങളും പ്രതിസന്ധികൾക്ക് ആക്കം കൂട്ടുന്ന തരത്തിലുള്ള ഭരണാധികാരികളുടെ പ്രസ്താവനകളുമൊക്കെയാണ് രാജ്യത്തെ ഈ ദുർഗതിയിലേക്ക് തള്ളിവിട്ടത്.

യാതൊരു ദീർഘദൃഷ്ടിയുമില്ലാതെ നടപ്പിൽ വരുത്തിയ നോട്ട്നിരോധനമടക്കമുള്ള സാമ്പത്തിക പരിഷ്കരണങ്ങളിൽപെട്ട് രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയും അങ്ങേയറ്റം വഷളായ സാഹചര്യം, ശതകോടീശ്വരന്മാർ പൊതുമേഖല ബാങ്കുകളെ അധികാരികൾ നോക്കിനിൽക്കെ കൊള്ളയടിച്ചു പോകുന്ന ദയനീയ ചിത്രം, ജി.എസ്.ടിയുടെ അശാസ്ത്രീയത കാരണം ആയിരക്കണക്കിന് ചെറുകിട കച്ചവടങ്ങൾപൂട്ടിപ്പോകുന്ന സ്ഥിതി, കർഷകരുടെ ആത്മഹത്യാ കണക്ക് മുമ്പെങ്ങുമില്ലാത്ത വിധം പെരുകിയ ആശങ്കകൾ, മണിക്കൂറിൽ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന സ്ഥാനത്ത് ആയിരങ്ങൾ തൊഴിൽരഹിതരാവുന്ന ദുഃഖകരമായ അവസ്ഥ, എല്ലാ ജനവിഭാഗങ്ങളോടുമൊപ്പം നിൽക്കേണ്ട പ്രധാനമന്ത്രി ജനങ്ങളെ വർഗീകരിച്ച് കാണുന്നു എന്ന ആക്ഷേപം ഏറ്റവും അധികം നേരിടേണ്ടി വന്ന സാഹചര്യം... ഇവയൊക്കെയാണ് ഈ തിരഞ്ഞെടുപ്പിനെ ഇത്രയധികം നിർണായക്കമാക്കിയിരിക്കുന്നത്.

ഇനിയുമൊരവസരം കിട്ടാത്ത വിധം ഫാഷിസ്റ്റ് ശക്തികളെ അധികാരത്തിൽ നിന്ന് മാറ്റി നിർത്തുകയെന്നത് രാജ്യത്ത് അനിവാര്യമായിത്തീർന്നിരിക്കുകയാണ്. മുമ്പു കാലത്തില്ലാത്ത വിധം സോഷ്യൽ മീഡിയ കൂടി തിരഞ്ഞെടുപ്പിൽ വലിയ റോൾ വഹിക്കുന്ന ഒരു കാലഘട്ടമാണിത്. ഇലക്ഷൻ കമ്മീഷൻ സോഷ്യൽ മീഡിയകൾക്കും ചട്ടങ്ങളും മറ്റും ബാധകമാക്കിരിക്കുകയാണ്. എല്ലാവരും അരയും തലയും മുറുക്കി രംഗത്തിറങ്ങുന്ന തിഞ്ഞെടുപ്പ് കളത്തിൽ ധാർമികത കൈവിടാതെ പ്രചാരണം നടത്താൻ എല്ലാവർക്കുമാകേണ്ടതുണ്ട്. വിശ്വാസികൾ ഈ കാര്യത്തിൽ പുലർത്തേണ്ട ജാഗ്രതയും ശ്രദ്ധയും ചോരാതെ കാത്ത് സൂക്ഷിക്കാം:

- സത്യസന്ധത വിശ്വാസിയുടെ മുഖമുദ്ര.
- വിശ്വാസ്യതയാണ് ഏറ്റവും വലിയ സമ്പത്ത്.
- അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ തിരിഞ്ഞ് കുത്തും.
- അന്യന്റെ രഹസ്യം അങ്ങാടിപ്പാട്ടാക്കരുത്.
- വ്യക്തി വിശുദ്ധി, ജീവിത വിശുദ്ധി.
- സാമ്പത്തിക വിശുദ്ധി വ്യക്തിയെ അയാളപ്പെടുത്തും.
- പാലിക്കാനാവുന്ന വാഗ്ദാനങ്ങൾ നൽകുക.
- നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ ശ്രദ്ധിക്കുക.
- സ്വന്തം പാർട്ടിയുടെ അധർമം ന്യായീകരിക്കുന്നത് വർഗീയതയാണ്.
- മനുഷ്യർക്കാണ് മറ്റെന്തിനെക്കാളും വില നൽകേണ്ടത്.
- സത്യത്തിനൊപ്പം നിൽക്കാൻ ശ്രമിക്കുക; അതെത്ര കയ്പുള്ളതാണെങ്കിലും.
- ബാലറ്റാണ് പൗരന്റെ കയ്യിലെ ആയുധം.




WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
30 March 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437




# രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ

**ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ**

**വില: ₹ 40**

ദിക്റുകൾ വിശ്വാസിയുടെ ആയുധമാണ്. മലിനമായ അന്തരീക്ഷത്തിൽ ജീവിക്കുമ്പോൾ തിന്മകളിൽ നിന്ന് വിട്ടു നിൽക്കാനും സൂക്ഷ്മത കാത്തു സൂക്ഷിക്കാനും പ്രാർത്ഥനകളും പ്രകീർത്തനങ്ങളും വിശ്വാസിയെ ഏറെ സഹായിക്കും. രാവിലെയും വൈകുന്നേരവും വിശ്വാസി ചൊല്ലേണ്ട നിരവധി ദിക്റുകളുണ്ട്. അവയെ അർത്ഥ സഹിതം ക്രോഡീകരിച്ചിരിക്കുകയാണിവിടെ. ജീവിതത്തിൽ ദൈവസ്മരണ നിലനിർത്താൻ ഈ കൃതി സഹായിക്കും.

## പുതിയ മറ്റു പുസ്തകങ്ങൾ

1. അഹ്ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം — മൂസ സ്വലാഹി കാര / ₹ 240
2. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും — മുബാറക് ബിൻ ഉമർ / ₹ 150
3. നമസ്കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ — ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60
4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? — സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40
5. നിരീശ്വരവിശ്വാസം: യുക്തിയുടെ മരുപ്പറമ്പ് — അബ്ദുല്ല ബാസിൽ സി.പി / ₹ 40
6. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും — ഹുസൈൻ സലഫി / ₹ 70
7. ഭരണകൂടഭീകരത — പി.വി.എ പ്രിംറോസ് / ₹ 60